VOL NO: 08 I ISSUE 49
2024 DECEMBER 07 I ₹10

# നേർപഥം

വാരിക

www.nerpatham.com I mail@nerpatham.com



ബലഹീനത, ക്രൗര്യതയുടെ അന്തകനാണെന്ന പൊതുനിയമം പോലും മറികടന്നാണ് ഊന്നുവടികളിൽ എഴുന്നേറ്റ് നിൽക്കുന്ന ഹിന്ദുത്വ സർക്കാർ വീണ്ടും ന്യൂനപക്ഷ വേട്ടക്കിറങ്ങിയിരിക്കുന്നത്. ബാബ്‌രിയുടെ വഴിയേ തന്നെയാണ് ഗ്യാൻവാപി, അജ്മീർ, സംഭാൽ മസ്ജിദുകളെല്ലാം മുന്നോട്ട് പോകുന്നതെങ്കിൽ അതിന് രാജ്യം നൽകേണ്ട വില ചെറുതായിരിക്കില്ല.

# സംഭാൽ മസ്ജിദ്: സർവേയും ആരാധനാലയ സംരക്ഷണ നിയമവും

## ഹദീസ് വിരോധത്തിലെ അപകടങ്ങൾ

|| മയ്യിത്ത് സംസ്കരണ നിയമങ്ങൾ

|| മലയാളികൾ മതനിരപേക്ഷതയ്ക്കൊപ്പം

|| തൗഹീദിന്റെ സന്ദേശം വിളംബരം ചെയ്യുന്ന കേന്ദ്രം




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm

0411

# നേർപഥം
വാരിക

2024 ഡിസംബർ 07
1446 ജു. ഉഖ്റാ 06
പുസ്തകം 08 / ലക്കം 49






Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**



കവർ സ്റ്റോറി



10 സംഭാൽ മസ്ജിദ്: സർവേയും ആരാധനാലയ സംരക്ഷണ നിയമവും

മുജീബ് ഒട്ടുമ്മൽ

ബലഹീനത, ക്രൗര്യതയുടെ അന്തകനാണെന്ന പൊതുനിയമം പോലും മറികടന്നാണ് ഊന്നുവടികളിൽ എഴുന്നേറ്റ് നിൽക്കുന്ന ഹിന്ദുത്വ സർക്കാർ വീണ്ടും ന്യൂനപക്ഷ വേട്ടക്കിറങ്ങിയിരിക്കുന്നത്. ബാബ്‌രിയുടെ വഴിയേ തന്നെയാണ് ഗ്യാൻവാപി, അജ്മീർ, സംഭാൽ മസ്ജിദുകളെല്ലാം മുന്നോട്ട് പോകുന്നതെങ്കിൽ അതിന് രാജ്യം നൽകേണ്ട വില ചെറുതായിരിക്കില്ല.

**05** മുഖമൊഴി
ജീവിതം ഒരു നാടകമോ?

**06** ലേഖനം
ഹദീസ് വിരോധത്തിലെ അപകടങ്ങൾ
ദുൽക്കർഷാൻ അലനല്ലൂർ

**16** ലേഖനം
മതം എളുപ്പമാണ്; പഠനവും
അബൂബക്കർ സലഫി

**18** ചരിത്രപഥം
തൗഹീദിന്റെ സന്ദേശം വിളംബരം ചെയ്യുന്ന കേന്ദ്രം
പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി

**22** നിയമപഥം
മതസ്വാതന്ത്ര്യം
അഹ്മദ് അമീൻ

**23** കർമപഥം
മയ്യിത്ത് സംസ്കരണ നിയമങ്ങൾ
വിവ. അബ്ദുൽ ജബ്ബാർ മദീനി

**26** ലേഖനം
മലയാളികൾ മതനിരപേക്ഷതയ്ക്കൊപ്പം
നബീൽ പയ്യോളി

**30** ആരോഗ്യപഥം
കരൾ രോഗം; കാരണങ്ങളും ലക്ഷണങ്ങളും
അദ്നാൻ

**31** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുൽ അഹ്സാബ്
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** വനിതാപഥം
ഉമ്മമാരുടെ ശ്രദ്ധയ്ക്ക്
സഹ്റ സുല്ലമിയ്യ



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# പുനരധിവാസ പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കണം:

# നേർപഥം ആദർശ പഠന സംഗമങ്ങൾ

കോഴിക്കോട്: പ്രകൃതി ദുരന്തങ്ങൾക്ക് ഇരകളായവർക്കുള്ള പുരധിവാസ പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഇരുപത്തിയൊന്ന് കേന്ദ്രങ്ങളിലായി സംഘടിപ്പിച്ച 'നേർപഥം ആദർശ പഠന സംഗമങ്ങൾ' ആവശ്യപ്പെട്ടു. വിശ്വാസ വിമലീകരണവും സാമൂ ഹിക അവബോധവും ലക്ഷ്യമാക്കിയാണ് നേർപഥം ആദർശ സംഗമം സംഘടിപ്പിക്കുന്നത്.

ദുരിതബാധിതരുടെ വിവരശേഖരണം കൃത്യമായി സർക്കാർ വശം ഉണ്ടായിട്ടും സഹായത്തിനായി ഓഫീസുകളിൽ കയറിയിറങ്ങേണ്ട സാഹചര്യത്തിലാണ് ഓരോ പ്രദേശത്തെയും ദുരിതബാധിതർ എന്നത് സങ്കടകരമാണ്.

സർക്കാറിന്റെ പുനരധിവാസ പ്രഖ്യാപനത്തിനായി മാത്രം വിവിധ സന്നദ്ധ സംഘടനകൾ കാത്തുനിൽക്കുന്നുണ്ടെന്നിരിക്കെ, പ്രഖ്യാപനത്തിനുള്ള കാലതാമസം ഒഴിവാക്കി ജനകീയമായി പുനരധിവാസം നടത്താൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം. തൊഴിലിനും തുടർചികിത്സക്കും മാസാന്ത സാമ്പത്തിക സഹായത്തിനും യുദ്ധകാലാടിസ്ഥാനത്തിൽ പരിഗണന നൽകാൻ സർക്കാർ ശ്രമിക്കണമെ ന്നും സംഗമം ആവശ്യപ്പെട്ടു.

**സംഗമം നടന്ന ഏരിയകളും നേതൃത്വം നൽകിയവരും:**

*തിരുവനന്തപുരം:* തിരുവനന്തപുരം സിറ്റി, ആറ്റിങ്ങൽ അൽഫിത്‌റ സ്‌കൂൾ, പാലാം കോണം സെന്റർ എന്നിവിടങ്ങളിൽ നടന്ന സംഗമത്തിന് ശബീബ് സ്വലാഹി, ബഷീർ വിപി, അർഷദ് അൽഹികമി എന്നിവർ നേതൃത്വം നൽകി.

*കൊല്ലം:* സലഫി മസ്ജിദ് ആണ്ടാമുക്കം, കരുനാഗപ്പള്ളി സലഫി മദ്‌റസ എന്നിവിടങ്ങളിൽ സിപി സലീം, താജുദ്ദീൻ സ്വലാഹി, മുഹമ്മദ് ശബീബ്.

*ആലപ്പുഴ:* ആലപ്പുഴ അന്നൂർ മദ്‌റസ, നദ്‌വത്ത് നഗർ; ശമീർ മദീനി, കാബിൽ സിവി.

*ഇടുക്കി:* തൊടുപുഴ അൽഹിക്മ സലഫി സെന്റർ; അബ്ദുറഹ്‌മാൻ മദനി, ഹാരിസ് കായക്കൊടി.

*തൃശൂർ:* പൂത്തോൾ സലഫി മദ്‌റസ, ചാവക്കാട് ആൽത്തറ ടൗൺ മസ്ജിദ്; നാസിർ ബാലുശ്ശേരി, മുസ്തഫ മദനി, അസ്ഹർ അബ്ദുറസാഖ്, മുനവ്വർ സ്വലാഹി.

*മലപ്പുറം ഈസ്റ്റ്:* പെരിന്തൽമണ്ണ; ടി കെ അഷ്‌റഫ്, ഡോ. പിപി നസീഫ്, സുബ്ഹാൻ അൽഹികമി. വണ്ടൂർ, നിലമ്പൂർ ഏരിയ; മുജീബ് ഒട്ടുമൽ, ഡോ. ഷാനവാസ് പറവണ്ണ, ജംഷീർ സ്വലാഹി, ഷമീൽ മഞ്ചേരി.

*മലപ്പുറം നോർത്ത്:* അരീക്കോട്; ഫൈസൽ മൗലവി, ഡോ. പിപി നസീഫ്.

*കോഴിക്കോട് സൗത്ത്:* സിറ്റി ഏരിയ, മുക്കം; ഫൈസൽ മൗലവി, യു. മുഹമ്മദ് മദനി, ഡോ. ഷഹബാസ് കെ. അബ്ബാസ്.

*കോഴിക്കോട് നോർത്ത്:* ബാലുശ്ശേരി, പയ്യോളി; പിഎൻ അബ്ദുല്ലത്വീഫ് മദനി, റഷീദ് കൊടക്കാട്ട്, അബ്ദുല്ല ഫാസിൽ, സഫീർ അൽഹികമി.

*മലപ്പുറം വെസ്റ്റ്:* തിരൂരങ്ങാടി; അബ്ദുൽ മാലിക് സലഫി, മുസ്തഫ മദനി, ജസീൽ കൊടിയത്തൂർ. കോട്ടക്കൽ; കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ, ഫിറോസ് ഖാൻ സ്വലാഹി, സ്വഫ്‌വാൻ ബറാമി അൽഹികമി. തിരൂർ; ഉസ്മാൻ പാലക്കാഴി, ഫിറോസ് ഖാൻ സ്വലാഹി, സ്വഫ്‌വാൻ ബറാമി അൽഹികമി. ചങ്ങരം കുളം; ഉസ്മാൻ പാലക്കാഴി, നിഷാദ് സലഫി.

ഡിസംബർ 6ന് പാലക്കാട് ജില്ലയിലെ എടത്തനാട്ടുകര, മണ്ണാർക്കാട് ഏരിയകളിലും ഡിസംബർ 8 ന് വയനാട്, കാസർകോട് ജില്ലകളിലും പാലക്കാട് ജില്ലയിലെ പാലക്കാട്, പട്ടാമ്പി ഏരിയകളിലും. മലപ്പുറം നോർത്ത് ജില്ലയിലെ മഞ്ചേരി, കൊണ്ടോട്ടി ഏരിയകളിലും കണ്ണൂർ ജില്ലയിലെ പയ്യോളി, കണ്ണൂർ, തലശ്ശേരി ഏരിയകളിലും കൺവെൻഷൻ നടക്കും.

# ജീവിതം ഒരു നാടകമോ?

ഒരു നാണയത്തിന്റെ രണ്ടു വശങ്ങൾ പോലെ, രാത്രിയും പകലും പോലെ ജീവിതത്തിന്റെ രണ്ടു വശങ്ങളാണ് സുഖവും ദുഃഖവും. വിപരീത വസ്തുക്കളും വസ്തുതകളും പ്രവർത്തനങ്ങളും പ്രതിപ്രവർത്തനങ്ങളുമൊക്കെ പ്രാപഞ്ചിക യാഥാർഥ്യങ്ങളാണ്. രാത്രിയില്ലെങ്കിൽ പകലിന്റെ പ്രത്യേകതയറിയില്ല. ആണും പെണ്ണുമില്ലെങ്കിൽ ജീവരാശിക്ക് നിലനിൽപില്ല.

സുഖദുഃഖങ്ങളെയും ആരോഗ്യാവസ്ഥയെയും രോഗാവസ്ഥയെയും യഥോചിതം സമചിത്തതയോടെ എതിരേൽക്കാനാണ് വിശ്വാസികൾ പഠിക്കേണ്ടത്. അത് വിധിവിശ്വാസത്തിന്റെ ഭാഗമാണ്. നന്മ-തിന്മകൾ അല്ലാഹുവിന്റെ വിധിയനുസരിച്ചാണ് ഭവിക്കുന്നതെന്നും അത് മാറ്റിമറിക്കാൻ മറ്റാർക്കും സാധ്യമല്ലെന്നുമുള്ള വിശ്വാസം കൂടിയേ തീരൂ. അതുള്ളവർക്കേ പ്രതിസന്ധികളെ ക്ഷമയോടെ നേരിടാൻ കഴിയൂ. ക്ഷമ കൈക്കൊണ്ടാൽ അത് ഇഹത്തിലും പരത്തിലും ഗുണം ചെയ്യുമെന്ന വിശ്വാസമുള്ളവന് ഏത് കടുത്ത പരീക്ഷണങ്ങളെയും സമചിത്തതയോടെ നേരിടാൻ കഴിയും. സന്തോഷവും സന്താപവും അവന് ഗുണകരമായി ഭവിക്കുകയും ചെയ്യും.

വിഷമഘട്ടങ്ങളിൽ ഇത് അല്ലാഹുവിന്റെ പരീക്ഷണമാണെന്നു മനസ്സിലാക്കി ക്ഷമയോടെ നിലകൊണ്ടാൽ ആ മനഃസ്ഥിതികൊണ്ടു തന്നെ പകുതി വിഷമം കുറഞ്ഞതായി നമുക്ക് തോന്നും. നാം ക്ഷണിച്ചുവരുത്തുന്നതാണ് ദുഃഖങ്ങളിൽ അധികവും. ദീർഘവീക്ഷണമില്ലായ്മ, അവിവേകം, അക്ഷമ, ചിന്താശൂന്യത മുതലായവ ദുഃഖം ക്ഷണിച്ചുവരുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നവയാണ്.

ന്യായത്തിനല്ല അന്യായത്തിനാണിവിടെ പ്രബലത എന്ന് നമുക്ക് കാണാനാകുന്നു, ക്രിമിനലുകളും വർഗീയ ഭ്രാന്തന്മാരും ഭരിക്കുന്നവരായി മാറുന്നു, നിരപരാധികൾ ശിക്ഷിക്കപ്പെടുന്നു, അപരാധികൾ ക്രൂശിക്കപ്പെടുന്നു, നന്മ ചെയ്തവർ അർഹമായ പ്രതിഫലം ലഭിക്കാതെയും തിന്മ ചെയ്തവർ അർഹമായ ശിക്ഷയേൽക്കാതെയും മരിച്ചുപോകുന്നു... ഈ ചിന്തകൾ മനുഷ്യരെ, വിശിഷ്യാ യുവതലമുറയുടെ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കുന്നു. ജീവിതം ഒരു കടങ്കഥയാണെന്നും നാടകമാണെന്നും വ്യർഥമാണെന്നുമൊക്കെ അവർ കണ്ടെത്തുന്നു! ഫലമോ? പലരും മദ്യത്തിലും മയക്കുമരുന്നിലും അഭയംതേടുന്നു. ലഹരിയിൽ സായൂജ്യമടയുന്നു. ഈ ചിന്ത കൊണ്ടാണ് 'ഇല്ലൊരു സമാധാനമിങ്ങെങ്ങും വെറും വെറും പൊള്ളലാണടങ്ങാത്ത ദാഹമാണയ്യോ ചുറ്റും' എന്നു പാടാൻ ചങ്ങമ്പുഴയെ പ്രേരിപ്പിച്ചത്. 'ലോകജീവിതം ഹാ ഹാ ശോകപൂരിതം, വ്യർഥമാകുമൊരാശാബദ്ധ മാന്ത്രിക മായാസ്വപ്നം' എന്നു പാടിക്കൊണ്ട് ആത്മഹത്യ ചെയ്യാൻ കവി ഇടപ്പള്ളിയെ പ്രേരിപ്പിച്ചതിന്റെ കാരണവും മറ്റൊന്നല്ല.

മനുഷ്യരെ ഇത്തരം ദുഃഖചിന്തകളിൽനിന്നും കരകയറ്റാൻ ഒരു ഭൗതിക പ്രത്യയശാസ്ത്രത്തിനും കഴിഞ്ഞിട്ടില്ല, കഴിയുകയുമില്ല. ദുഃഖചിന്തകളാലും നിരാശാബോധത്താലും കനംതൂങ്ങിയ തലയിൽനിന്ന് ആ ഭാരം ഇറക്കിവെക്കാനുള്ള അത്താണിയായി കാണാൻ കഴിയുക ഇസ്‌ലാം പഠിപ്പിക്കുന്ന ദൈവബോധത്തെ മാത്രമാണ്.

സ്രഷ്ടാവിൽ അചഞ്ചലമായി വിശ്വസിക്കുവാനും അവനെ മാത്രം വിളിച്ചുതേടുവാനുമാണ് മനുഷ്യൻ കൽപിക്കപ്പെട്ടിരിക്കുന്നത്. കാരുണ്യവാനായ അവൻ നമ്മെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നു എന്ന ബോധം നമുക്ക് സമാധാനമേകുന്നു. അവനെ വണങ്ങുമ്പോൾ, അവനോട് കരളുരുകിക്കേഴുമ്പോൾ നമ്മുടെ പ്രക്ഷുബ്ധമായ മനസ്സിലെ കൊടുങ്കാറ്റ് ശാന്തമാകുന്നു. അത് ഒരു ഇളംതെന്നലായി നമ്മെ കോരിത്തരിപ്പിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: "ശ്രദ്ധിക്കുക; അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണകൊണ്ടത്രെ മനസ്സുകൾ ശാന്തമായിത്തീരുന്നത്" (13:28).

ദുൽക്കർഷാൻ അലനല്ലൂർ
: 9447745299



# ഹദീസ് വിരോധത്തിലെ അപകടങ്ങൾ

ഹദീസുകളെയും ക്വുർആനിലെ ചില ചരിത്രസംഭവങ്ങളെയും ബുദ്ധിക്കനുസരിച്ച് വ്യാഖ്യാനിച്ച് രംഗത്തു വന്ന പണ്ഡിതനാണ് സി.എൻ അഹ്മദ് മൗലവി. പ്രബോധനത്തിന് ഒരു പുതിയ രീതി ആവിഷ്കരിക്കുകയായിരുന്നു അദ്ദേഹം ഇതിലൂടെ. ഇതിന്റെ ഭാഗമായി പ്രവാചകന്മാരുടെ മുഅ്ജിസത്തുകളെയെല്ലാം സ്വന്തം ശൈലിയിൽ വ്യാഖ്യാനിച്ച് വികൃതമാക്കി.

നബി(സ്വ)യുടെ മിഅ്റാജ് യാത്രയെയും ദജ്ജാലുമായി ബന്ധപ്പെട്ട ഹദീസുകളെയുമെല്ലാം നിഷേധിക്കുന്ന പ്രചാരണമായിരുന്നു സി.എന്നിന്റെത്. അദ്ദേഹം എഴുതി: "ദജ്ജാലിനെപ്പറ്റിയുള്ള ഹദീസുകൾ ആകെ പരിശോധിച്ചാൽ അതൊരു സങ്കൽപകഥ മാത്രമാണെന്ന് വ്യക്തമാകും-ഖബ്റിലെ ശിക്ഷ ഖുർആനിന്റെ പ്രഖ്യാപിത സിദ്ധാന്തങ്ങൾക്കു വിരുദ്ധമാകും. ഈസാ നബി അവസാനകാലത്ത് ആകാശത്ത്നിന്ന് ഇറങ്ങിവരും. എന്നിട്ട് ക്രിസ്ത്യാനികൾ സൃഷ്ടിച്ചുവെച്ച് പൂജിക്കുന്ന കുരിശും മറ്റും തല്ലിയുടക്കും. അങ്ങിനെ

> പ്രവാചകചര്യയെ നിരാകരിക്കുകവഴി ക്വുർആൻ നിഷേധത്തിലേക്കും ഇസ്‌ലാം നിഷേധത്തിലേക്കുമാണ് ഇവർ എത്തിപ്പെട്ടത്. സാത്വികരായ ചില ആളുകൾ ഇത് നേരാണെന്നു ധരിച്ചു. എന്നാൽ അതിന്റെ അടിത്തറ ഓറിയന്റലിസ്റ്റു ലോബിയുടെ ഇസ്‌ലാം വിരുദ്ധ പ്രചാരണമായിരുന്നു. ആദ്യ നൂറ്റാണ്ടുകളിൽ ഇസ്‌ലാമിന്റെ ദ്രുതഗതിയിലുള്ള വ്യാപനവും മുസ്‌ലിംകളുടെ ശക്തമായ മുന്നേറ്റവും കാരണം നില്ക്കക്കള്ളിയില്ലാതായ എതിരാളികൾ ഇസ്‌ലാമിനെ സൈദ്ധാന്തികമായി തുരങ്കം വെച്ച് നക്കിക്കൊല്ലാൻ തീരുമാനിക്കുകയുണ്ടായി. പൗരാണിക ഭാഷ-വിശിഷ്യാ അറബി - പഠിച്ച പാശ്ചാത്യരെ ഓറിയന്റലിസ്റ്റുകൾ എന്നറിയപ്പെടുന്നു. ഇസ്‌ലാമിനെ നേരിട്ടെതിർക്കുന്നതിനുപകരം പ്രമാണങ്ങളിൽ സന്ദേഹം ജനിപ്പിക്കുകയും ചരിത്രത്തെ തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്യുകയാണ് ഇവർ ചെയ്തത്.

ഭൂമുഖം ശുദ്ധമാക്കിയിട്ടാണദ്ദേഹം മരണപ്പെടുക എന്നും മറ്റും നമ്മുടെ മതഗ്രന്ഥങ്ങളിൽ, വിശ്വാസ സിദ്ധാന്തങ്ങളുടെ കൂട്ടത്തിൽ കടന്നു കൂടിയിട്ടുണ്ടല്ലോ, അതെവിടെനിന്നു വന്നു? ഖുർആനിലു ണ്ടോ? ഇല്ല. ഉള്ളത് നേരെ മറിച്ചാണ്" (ബുഖാരി പരിഭാഷ. പേജ്: 158, 1036, 1017).

ഹദീസുകളെ മൊത്തം നിഷേധിച്ചു രംഗത്തുവന്നത് ചേകന്നൂർ മുഹമ്മദ് മൗലവിയാണ്. ഞാനൊരു ഹദീസ് നിഷേധിയാണെന്ന് തുറന്നുപറയാൻ മടിയില്ലാത്തയാളായിരുന്നു അദ്ദേഹം. ഹദീസിനെ സംബന്ധിച്ച് അദ്ദേഹം എഴുതിയത് കാണുക: "ഹിജ്റ മൂന്നാം നൂറ്റാണ്ടിൽ വിരചിതമായ ഹദീസ് പുരാണങ്ങളൊന്നും ഇസ്‌ലാമിൽ പ്രമാണമല്ല" (ഖുർആൻ ദർശനം, 2002 ഡിസംബർ, പേജ്.18).

ഹദീസുകളെ നിഷേധിക്കുന്നതോടൊപ്പം ഹദീസ് നിവേദനം ചെയ്ത മഹാൻമാരായ സ്വഹാബത്തിനെ തെറിവിളിക്കാനും അദ്ദേഹം മടികാണിച്ചില്ല.

അദ്ദേഹം എഴുതിയത് കാണുക: "മുസ്‌ലിം സമുദായത്തെ മുഴുവൻ താടിത്തന്തമാരും ഹജ്ജിന് ചെല്ലുന്നവരെയെല്ലാം മൊട്ടത്തലയന്മാരുമാക്കണമെന്ന നിർബന്ധമുള്ള മുസ്‌ലിം വിരോധിയാണ് ജൂത മുനാഫിഖായ അബൂഹുറയ്റ. താടി നീട്ടാൻ നബി കൽപിച്ചിട്ടുണ്ടെന്ന തന്റെ മുത്തഫഖ് അലൈഹിയായ കള്ള ഹദീസിലൂടെയാണ് മുസ്‌ലിംകളെ മുഴുവൻ താടി വേഷക്കാരാക്കിയത്" (ഖുർആനിൽ ഹജ്ജിനുള്ള സ്ഥാനവും രൂപവും, ചേകനൂർ മൗലവി, പേജ് 114).

ഇസ്‌ലാം കാര്യങ്ങളിൽ രണ്ടാമത്തെതും നിർബന്ധമായും ഒരു മുസ്‌ലിം നിർവഹിക്കേണ്ടതുമായ അഞ്ചുനേരത്തെ നമസ്കാരത്തെ അദ്ദേഹം മൂന്നു നേരമാക്കി. അക്കാലത്ത് ചേകനൂരിന്റെ വികലവാദങ്ങൾക്കും ഹദീസ് നിഷേധത്തിനുമെതിരിൽ കൃത്യമായ മറുപടി നൽകിയ പണ്ഡിതനാണ് എ.അബ്ദുസ്സലാം സുല്ലമി.

അബ്ദുസ്സലാം സുല്ലമി ചേകനൂരിന് മറുപടി എഴുതുമ്പോൾ പറഞ്ഞ ചില വരികൾ കാണുക: "വിശുദ്ധ ക്വുർആനും നബിചര്യയുമാണ് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ. പ്രവാചക ജീവിതത്തിലെ നിരവധി സംഭവങ്ങൾ ഇതിനു തെളിവായി ഉദ്ധരിക്കാൻ സാധിക്കും. ഈ അടിസ്ഥാന തത്ത്വത്തിൽ നിന്നുകൊണ്ടാണ് പില്ക്കാലത്ത് നിദാനശാസ്ത്ര പണ്ഡിതൻമാർ ക്വുർആൻ, ഹദീസ്, ഇജ്മാഅ്, ക്വിയാസ് എന്നിവ പ്രമാണങ്ങളായി എണ്ണിയത്. ഇജ്മാഅ്, ക്വിയാസ് എന്നിവ കർആനിന്റെയും ഹദീസിന്റെയും പുറത്തുള്ള രണ്ടു കാര്യങ്ങളല്ല. ഏതെങ്കിലും വിഷയത്തിൽ ക്വുർആനിലോ ഹദീസിലോ ഖണ്ഡിതമായ വിശദീകരണമില്ലെങ്കിൽ വ്യക്തമായ ക്വുർആനിക ശാസനകളിൽ നിന്ന് പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കുക എന്നതാണ് ക്വിയാസ്. ഇത്തരം വിഷയങ്ങളിൽ മുൻഗാമികളായ പണ്ഡിതന്മാരുടെ ഐകകണ്ഠ്യേനയുള്ള അഭിപ്രായമാണ് ഇജ്മാഅ്. വ്യത്യസ്തമായ വേറെ പ്രമാണങ്ങളല്ല ഇവയൊന്നും.

പ്രവാചകന്റെ വിയോഗത്തിനു ശേഷം നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ മുസ്‌ലിം സാമാന്യജനം പ്രമാണങ്ങളിൽ നിന്ന് അകന്നുപോയിത്തുടങ്ങി. ഇതര മതവിഭാഗങ്ങളെപ്പോലെ നാട്ടുനടപ്പും പാരമ്പര്യവും മതമായി മാറിയ സ്ഥിതിവിശേഷം മുസ്‌ലിംകളിലും ഉടലെടുത്തു. പൗരോഹിത്യം മുസ്‌ലിംകൾക്കിടയിലും കടന്നുകൂടി. ഇത്തരം

സന്ദർഭത്തിലൊക്കെ മുസ്‌ലിം സമൂഹത്തെ പ്രമാണങ്ങളിലേക്ക് തിരിച്ചുകൊണ്ടുവരാനും ജീവിതം ഖുർആനിനും സുന്നത്തിനും അനുരൂപമായി ചിട്ടപ്പെടുത്താനുമുള്ള ആഹ്വാനമായിട്ടാണ് പരിഷ്കർത്താക്കളും നവോത്ഥാന നായകന്മാരും രംഗത്തുവന്നുകൊണ്ടിരുന്നത്. ഈ നവോത്ഥാനം (ഇസ്‌ലാഹ്) മുസ്‌ലിംകൾക്കിടയിൽ നൂറ്റാണ്ടുകളായി അനസ്യൂതം തുടരുകയാണ്.

എന്നാൽ ഉത്പതിഷ്ണുത്വത്തിന്റെയും പരിഷ്കരണത്തിന്റെയും പേരിൽ ഇസ്‌ലാമിക പ്രമാണനിരാസം ആദർശമായി സ്വീകരിച്ച ചിലയാളുകൾ എക്കാലത്തും ഉണ്ടായിട്ടുണ്ട്. പ്രഥമദൃഷ്ട്യാ ആകർഷകമായി തോന്നാവുന്ന ചില വാദഗതികൾ ഇത്തരക്കാർ മുന്നോട്ടുവച്ചു പോരുന്നു. 'അല്ലാഹുവിന്റെ വചനമായ ഖുർആൻ ഉള്ളപ്പോൾ മറ്റൊരു പ്രമാണത്തിന്റെ ആവശ്യകതയെന്ത്' എന്നാണ് ഈ വാദത്തിന്റെ ചുരുക്കം. ഖുർആൻ സ്വീകരിക്കുകയും നബിചര്യ സ്വീകരിക്കാതിരിക്കുകയും ചെയ്യുക എന്നതാണ് ഇവരുടെ ആദർശം. 'അഹ്‌ലുൽ ഖുർആൻ' (ഖുർആന്റെ ആളുകൾ) എന്ന് ഇവർ സ്വയം നാമകരണം ചെയ്യുന്നു.

യഥാർഥ വസ്തുത എന്താണെന്നുവെച്ചാൽ, പ്രവാചകചര്യയെ നിരാകരിക്കുകവഴി ഖുർആൻ നിഷേധത്തിലേക്കും ഇസ്‌ലാം നിഷേധത്തിലേക്കുമാണ് ഇവർ എത്തിപ്പെട്ടത്. സാത്വികരായ ചില ആളുകൾ ഇത് നേരാണെന്നു ധരിച്ചു. എന്നാൽ അതിന്റെ അടിത്തറ ഓറിയന്റലിസ്റ്റു ലോബിയുടെ ഇസ്‌ലാം വിരുദ്ധ പ്രചാരണമായിരുന്നു. ആദ്യ നൂറ്റാണ്ടുകളിൽ ഇസ്‌ലാമിന്റെ ദ്രുതഗതിയിലുള്ള വ്യാപനവും മുസ്‌ലിംകളുടെ ശക്തമായ മുന്നേറ്റവും കാരണം നില്ക്കക്കള്ളിയില്ലാതായ എതിരാളികൾ ഇസ്‌ലാമിനെ സൈദ്ധാന്തികമായി തുരങ്കം വെച്ച് നക്കിക്കൊല്ലാൻ തീരുമാനിക്കുകയുണ്ടായി. പൗരാണിക ഭാഷ-വിശിഷ്യാ അറബി - പഠിച്ച പാശ്ചാത്യരെ ഓറിയന്റലിസ്റ്റുകൾ എന്നറിയപ്പെടുന്നു. ഇസ്‌ലാമിനെ നേരിട്ടെതിർക്കുന്നതിനുപകരം പ്രമാണങ്ങളിൽ സന്ദേഹം ജനിപ്പിക്കുകയം ചരിത്രത്തെ തെറ്റായി വ്യാഖ്യാനിക്കുകയും ചെയ്യുകയാണ് ഇവർ ചെയ്തത്.

ഈ ഓറിയന്റലിസ്റ്റുകൾ കാര്യമായി ചെയ്തത്, നബിചര്യാനിരാകരണമായിരുന്നു. അവർ നിരവധി 'ഇസ്‌ലാമിക ഗ്രന്ഥങ്ങൾ' രചിക്കുകയുണ്ടായി. അഹ്മദ് അമീൻ, അബൂറയ്യ പോലുള്ള നിരവധി ഓറിയന്റലിസ്റ്റുകൾ മുസ്‌ലിം പണ്ഡിതന്മാരായി അറിയപ്പെട്ടു. ഖുർആൻ അംഗീകരിക്കുകയും ഹദീസ് തള്ളുകയുമാണ് ഇവർ ചെയത്. അതിനുവേണ്ടി പ്രവാചകനെ വാനോളം പുകഴ്ത്തുകയും സ്വഹാബിമാരെ നിശിതമായി ഭത്സിക്കുകയും ചെയ്തു. സ്വഹാബി പ്രമുഖരെ ഇകഴ്ത്തൽ ജീവിത ശൈലിയാക്കിയ ശിയാക്കളുടെ വാദഗതികൾ ഇവർക്ക് തുണയാകുകയും ചെയ്തു. ഹദീസിന്റെ പ്രാമാണികത നിഷേധിക്കുകയാണിവർ ആദ്യം ചെയ്തത്. ഖുർആനെ തൊട്ടുകളിച്ചാൽ മുസ്‌ലിംകൾ വെറുതെയിരിക്കുകയില്ലെന്നവർക്കറിയാം. നബിചര്യയാകട്ടെ, സാധാരണക്കാർക്ക് അറിയുകയുമില്ല.

ഓറിയന്റലിസ്റ്റുകളുടെ ഇസ്‌ലാം വിമർശനങ്ങളെ നേരിട്ടുകൊണ്ടാണ് മുഹമ്മദ് അബ്ദു, റശീദ് രിദാ തുടങ്ങിയ മഹാരഥന്മാർ ഈജിപ്തിൽ ഇസ്‌ലാഹുമായി രംഗത്തുവന്നത്. മുസ്തഫാ സബാഈ എന്ന മഹാപണ്ഡിതൻ അസ്സുന്നഃ വമകാനതുഹാ ഫിത്തശ്‌രീഇൽ ഇസ്‌ലാമി എന്ന തന്റെ ഗ്രന്ഥത്തിൽ ഓറിയന്റ ലിസ്റ്റുകളുടെ വാദങ്ങൾക്ക് കൃത്യമായി മറുപടി പറയുന്നുണ്ട്. മുഹമ്മദ് അമാനി മൗലവി പ്രസ്തുത പുസ്തകം വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കടുത്ത യാഥാസ്ഥിതികത കൊടികുത്തിവാണിരുന്ന കേരളത്തിൽ പതിറ്റാണ്ടുകളുടെ പരിശ്രമത്തിലൂടെ ഇസ്‌ലാഹി പ്രസ്ഥാനം, മുസ്‌ലിംകൾക്ക് തങ്ങളുടെ പ്രമാണം ഖുർആനും നബിചര്യയുമാണെന്ന ബോധമുണ്ടാക്കി. അതിനിടയിലാണ് മേൽപറഞ്ഞ ഓറിയന്റലിസ്റ്റ് വാദമുഖങ്ങളുമായി ഇവിടെ ചിലർ രംഗത്തുവന്നത്. പികെഎം അബുൽ ഹസൻ എന്ന ഒരാളാണ് ഈ ചിന്താഗതി ഇവിടെ പ്രചരിപ്പിച്ചത്. പിന്നീട് ഇദ്ദേഹം ചേകന്നൂർ മൗലവി എന്നറിയപ്പെട്ടു. ഇസ്‌ലാമിനെ ആധുനിക കാലഘട്ടത്തിൽ ശാസ്ത്രീയമായി അവതരിപ്പിക്കുന്നു എന്ന വ്യാജേന അദ്ദേഹം രൂപീകരിച്ച 'മോഡേൺ ഏജ് സൊസൈറ്റി' യിൽ സാത്വികരായ പലരും പങ്കാളികളായി. എന്നാൽ ഇതിന്റെ യഥാർഥ ഉദ്ദേശ്യം മനസ്സിലാക്കിയവർ വൈകാതെ അതിൽനിന്നു പിന്തിരിഞ്ഞപ്പോൾ ഏകാംഗ സൊസൈറ്റിയായി അതു മാറി.

കേരള മുസ്‌ലിംകൾക്കിടയിൽ 'പ്രമാണനിരാസ വാദം' വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. എന്നാൽ ഖുർആനും സുന്നത്തും മനസ്സിലാക്കിയ കേരളീയർ ഈ വലയിൽ വീണില്ല; മതാ

ചരണം പ്രയാസകരമായ ചില ഒറ്റയാൻമാരൊഴികെ. നിരവധി തവണ തങ്ങളുടെ വാദങ്ങൾ മാറ്റിയും തിരുത്തിയും പറഞ്ഞ ഇവർ, ഒടുവിൽ തുറന്നുപറയാൻ തുടങ്ങി. ഹദീസ് പ്രമാണമല്ലെന്നും സ്വഹാബിമാർ കൊള്ളരുതാത്തവരാണെന്നും മറ്റുമുള്ള നൂതനവാദം ആദ്യം കേട്ടപ്പോൾ കേരളക്കര അമ്പരന്നുപോയെങ്കിലും ഇത് അബൂറയ്യയും സംഘവും മുമ്പ് പറഞ്ഞതിന്റെ തനിയാവർത്തനവും ഓറിയന്റലിസത്തിന്റെ മലയാളപ്പതിപ്പും മാത്രമാണെ ന്ന് കേരള മുസ്‌ലിംകൾ തിരിച്ചറിഞ്ഞു.

ക്വുർആൻ അംഗീകരിക്കുകയും പ്രവാചകചര്യ നിരാകരിക്കുകയും ചെയ്യുക മൂലം ഫലത്തിൽ ക്വുർആനിനെ നിഷേധിക്കുകയാണ് ചെയ്യുന്നത്. വൈരുധ്യമെന്നു പറയട്ടെ, ഈ ആദർശ പ്രചാരണത്തിന് 'ക്വുർആൻ സുന്നത്ത് സൊസൈറ്റി' എന്നാണ് ഇവർ പേരു നല്കിയത്. പത്രപ്രസിദ്ധീകരണങ്ങളും നിരവധി പുസ്തകങ്ങളും ഇവർ പുറത്തിറക്കിയിട്ടുണ്ട്. യാതൊരു തത്വദീക്ഷയും മറുപക്ഷ ആദരവും കാണിക്കാതെ നാലാംതരം (തറ) നിലവാരത്തിൽ ഇസ്‌ലാമിന്റെ വിശ്വാസചാര അനുഷ്ഠാനങ്ങൾ ഒന്നൊന്നായി പിച്ചിച്ചീന്തി നടുറോട്ടിലിട്ട് കാൽക്കീഴിൽ ചവിട്ടിയരക്കുന്ന രീതിയിലാണ് അവയിലെ ഓരോന്നിലെയും പ്രതിപാദനങ്ങൾ. ഇസ്‌ലാമിന്റെ ശത്രുക്കളിൽനിന്ന് അച്ചാരം വാങ്ങി ആരുടേയോ കയ്യടിക്കുവേണ്ടി എന്തൊക്കെയോ പറഞ്ഞുകൂട്ടുന്നു. സൽമാൻ റുശ്ദി പ്രവാചകനെ ആക്ഷേപിച്ചതും ഡെൻമാർക്ക് പത്രം പ്രവാചകനെ നിന്ദിക്കുന്ന കാർട്ടൂൺ പ്രസിദ്ധീകരിച്ചതും മുസ്‌ലിംലോകം വലിയ ഗൗരവമായി കണ്ടു. എന്നാൽ മുസ്‌ലിംകൾ എന്നു സ്വയം വാദിക്കുന്ന ഒരു ഗ്രൂപ്പിൽ നിന്ന് പ്രവാചകനെയും അനുയികളെയും ഇത്രമേൽ രൂക്ഷമായി, ആദർശമെന്ന വ്യാജേന, ശകാരിക്കുന്നത് നോക്കി നില്ക്കാൻ യഥാർഥ മുസ്‌ലിമിന് കഴിയില്ല' (ഹദീസ് നിഷേധികൾക്ക് മറുപടി, എ.അബ്ദുസ്സലാം സുല്ലമി, പേജ്: 4-7)

അദ്ദേഹത്തിന്റെ രചനയിൽ നിന്ന് ഇത്രയും ഉദ്ധരിക്കാൻ കാരണമുണ്ട്. 2002നു ശേഷം കേരളത്തിലെ പ്രബോധന പ്രവർത്തന മേഖല പരിശോധിച്ചുനോക്കിയാൽ എ.അബ്ദുസ്സലാം സുല്ലമി എഴുതിയ ഈ വരികളെല്ലാം അദ്ദേഹത്തിന്റെ പിന്നീടുള്ള നിലപാടുകളെയും മർകസുദ്ദഅ്‌വ എന്ന സംഘത്തെയും ഉദ്ദേശിച്ചുള്ളതാണ് എന്ന് തോന്നിപ്പോകും. പ്രത്യേകിച്ച് മുകളിലെ വരികളിൽ അടിവരയിട്ട ഭാഗം.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും പണ്ഡിതന്മാർ ഒരു സമുദായത്തെ തളച്ചിട്ടിരുന്ന കാലഘട്ടത്തിൽ യഥാർഥ വിശ്വാസത്തിലേക്കും ആചാരാനുഷ്ഠാനങ്ങളിലേക്കും സമുദായത്തെ നയിക്കാൻ അരയും തലയും മുറുക്കി രാവും പകലും അശ്രാന്തപരിശ്രമം നടത്തിയവരാണ് കേരളത്തിലെ മുജാഹിദ് തറവാട്ടിലെ കാരണവന്മാരും പണ്ഡിതന്മാരും നേതാക്കളും. എന്നാൽ 2002നു തൊട്ടു മുമ്പായി, ഹദീസിന്റെ വിഷയത്തിൽ രോഗം ബാധിച്ച ചിലർ തലപൊക്കി. അവർ അവരുടെ നയങ്ങളും വാദങ്ങളും പതുക്കെ പതുക്കെ സന്ദർഭോചിതം സമൂഹത്തിൽ പ്രചരിപ്പിച്ചു തുടങ്ങി. കേരള നദ്‌വത്തുൽ മുജാഹിദീൻ എന്ന മാതൃസംഘടനക്കകത്ത് പലപ്പോഴായി കുത്തിത്തിരിപ്പും കുഴപ്പങ്ങളും ഉണ്ടാക്കിക്കൊണ്ടിരുന്നവർ (1987 മുതൽ അവർ പിരിഞ്ഞുപോയ 2002 വരെ, നിഷേധിച്ചാൽ നാൾവഴി അടക്കം പറഞ്ഞുതരുന്നതായിരുക്കും) 2002ൽ ഹുസൈൻ മടവൂരിന്റെ നേതൃത്വത്തിൽ സംഘടനയിൽ നിന്നും പുറത്തുപോയി മറ്റൊരു സംഘടനാ സംവിധാനമുണ്ടാക്കി. അതിന് നേതൃത്വം നൽകുന്നവർക്ക് മുൻപന്തിയിൽ എ.അബ്ദുസ്സലാം സുല്ലമിയും ഉണ്ടായിരുന്നു.

കേരള നദ്‌വത്തുൽ മുജാഹിദീൻ (കെ.എൻ.എം) എന്ന സംഘടനക്ക് സമാന്തര സംഘടനാ സംവിധാനങ്ങൾ ഉണ്ടാക്കിയത് ഇവർക്ക് ഹദീസുകളോടുള്ള നിഷേധാത്മക നിലപാടുകൾ പ്രചരിപ്പിക്കാൻ വലിയ സഹായമായി. സംഘടനാ പിളർപ്പിനു മുമ്പും ഇമാം ബുഖാരിയുടെ പരിഭാഷയിലൂടെയും തന്റെ മറ്റു കൃതികളിലൂടെയും ഹദീസ് നിഷേധത്തിന്റെ വ്യത്യസ്ത ഭാവങ്ങൾ സുല്ലമി പ്രകടിപ്പിച്ചിരുന്നു. പിന്നീട് കോയക്കുട്ടി ഫാറൂഖിയുടെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന 'അൽഫനാറി'ലൂടെ സുല്ലമി ഹദീസിന്റെ വിഷയത്തിൽ തന്റെ വികല വാദങ്ങൾ പ്രചരിപ്പിച്ചു. അങ്ങനെ മർകസുദ്ദഅ്‌വയുടെ മെമ്പർമാരിൽ അബൂബക്കർ നസ്സ്വാഫ്, സി.പി.ഉമർ സുല്ലമി, അബ്ദുല്ലത്വീഫ് കരുമ്പിലാക്കൽ, അലി മദനി മൊറയൂർ, ഡോ.അബ്ദുൽ മജീദ് തുടങ്ങിയവർ സുല്ലമിയുടെ വാദങ്ങൾക്ക് കുടപിടിച്ചു. ഈ ആളുകൾ സുല്ലമിയുടെ വികലവാദങ്ങളെ ഏറ്റുപിടിക്കുകയും അത് സമൂഹത്തിൽ പ്രചരിപ്പിക്കാൻ നാടാകെ ഓടി നടക്കുകയും ചെയ്തു.

*(തുടരും)*

മുജീബ് ഒട്ടുമ്മൽ
: 97444 31890



ബലഹീനത, ക്രൗര്യതയുടെ അന്തകനാണെന്ന പൊതുനിയമം പോലും മറികടന്നാണ് ഊന്നുവടികളിൽ എഴുന്നേറ്റ് നിൽക്കുന്ന ഹിന്ദുത്വ സർക്കാർ വീണ്ടും ന്യൂനപക്ഷ വേട്ടക്കിറങ്ങിയിരിക്കുന്നത്. ബാബ്‌രിയുടെ വഴിയേ തന്നെയാണ് ഗ്യാൻവാപി, അജ്മീർ, സംഭാൽ മസ്ജിദുകളെല്ലാം മുന്നോട്ട് പോകുന്നതെങ്കിൽ അതിന് രാജ്യം നൽകേണ്ട വില ചെറുതായിരിക്കില്ല.

# സംഭാൽ മസ്ജിദ്: സർവേയും ആരാധനാലയ സംരക്ഷണ നിയമവും

“രാജ്യത്തെ കുറിച്ച് ആലോചിച്ച് എനിക്ക് ഉറക്കമില്ലാതായ രാത്രികളുണ്ടായിട്ടുണ്ട്. എന്തിനാണ് ഇതിലൊക്കെ ഇങ്ങനെ ആലോചിക്കാനിരിക്കുന്നതെന്ന് ഭാര്യ ദിവസവും ചോദിക്കാറുണ്ട്. ഞാൻ എന്റെ രാജ്യത്തെ കുറിച്ച് ആശങ്കാകുലനായതുകൊണ്ടാണ് ഇതെല്ലാം ആലോചിക്കുന്നത്. ഇത് എന്നെ ഇത്രയും ബാധിക്കുന്നുവെങ്കിൽ ന്യൂനപക്ഷങ്ങളെ എത്രമാത്രം അലട്ടുന്നുണ്ടാകുമെന്ന് സങ്കൽപിച്ച് നോക്കൂ. രാജ്യത്ത് ഒരാളും ഇതിനെതിരെ എഴുന്നേറ്റ് നിന്ന് പോരാടാൻ ഒരുക്കമല്ല.”

രാജ്യത്ത് മുസ്‌ലിം പള്ളികൾക്ക് നേരെ ഉയർന്നുകൊണ്ടിരിക്കുന്ന അവകാശവാദങ്ങളിൽ ആശങ്ക രേഖപ്പെടുത്തി മുതിർന്ന അഭിഭാഷകനും സുപ്രീംകോടതി ബാർ അസോസിയേഷൻ മുൻ അധ്യക്ഷനുമായ ദുഷ്യന്ത് ദവേ ‘ദി വയറിൽ’ മുതിർന്ന മാധ്യമപ്രവർത്തകൻ കരൺ താപ്പർക്ക് നൽകിയ അഭിമുഖത്തിൽ പറഞ്ഞ വാക്കുകളാണ് നാം മുകളിൽ വായിച്ചത്.

ഉത്തർപ്രദേശിലെ സംഭാൽ ജില്ലയിൽ ഷാഹി ജമുഅ മസ്ജിദ് സർ



വേക്കിടയിൽ ഉണ്ടായ പോലീസ് നരനായാട്ടിൽ അഞ്ച് യുവാക്കൾ കൊല്ലപ്പെട്ടതിനെ തുടർന്നുള്ള വേദനയിലാണ് അദ്ദേഹം ഹൃദയമുള്ള വരോട് സംവദിച്ചത്. കോടതി ഉത്തരവിനെ തുടർന്ന് സർവേ നടത്താൻ എത്തിയ അഭിഭാഷക കമ്മീഷനെതിരെ മാന്യമായി പ്രതിഷേധിക്കുക യായിരുന്ന ആളുകൾക്ക് നേരെ യാതൊരു പ്രകോപനവും ഇല്ലാതെ വെടിയുതിർക്കുകയായിരുന്നു. നവമ്പർ 24ന് ഞായറാഴ്ച രാവിലെ ആറ് മണിക്ക് ഡി.എം രാജേന്ദ്ര പാൻസിയയുടെ മേൽനോട്ടത്തിലായിരുന്നു സർവേക്കായി പ്രത്യേക സംഘം എത്തിയത്. പൊലീസിന്റെയും റാ പ്പിഡ് റെസ്പോൺസ് ഫോഴ്സിന്റെയും നിരവധി സംഘങ്ങളുമുണ്ടാ യിരുന്നു. സർവേ തുടങ്ങി രണ്ടു മണിക്കൂറിന് ശേഷമാണ് പ്രതിഷേധ മുണ്ടായത്. സർവേ നടത്താനെത്തിയവർക്ക് നേരെ പ്രതിഷേധക്കാർ കല്ലേറിയുകയായിരുന്നുവെന്നാണ് പൊലീസ് ആരോപണം.

എന്നാൽ, സർവേ സംഘത്തോടൊപ്പം ഹിന്ദുത്വ സംഘടനയിലെ അംഗങ്ങളും ഉണ്ടായിരുന്നുവെന്ന് പ്രതിഷേധക്കാർ പറയുന്നു. ഹിന്ദു ത്വവാദികൾ സർവേ സംഘത്തെ അനുഗമിക്കുന്നതും 'ജയ് ശ്രീറാം' എന്ന് വിളിക്കുന്നതും ദൃശ്യങ്ങളിൽ വ്യക്തമാണ്.

നവംബർ 19ന് അഭിഭാഷകനായ വിഷ്ണു ശങ്കർ ജയൻ നൽകിയ ഹര ജിയെ തുടർന്നാണ് പള്ളിയുടെ സർവേക്ക് കളമൊരുങ്ങിയത്. ചാൻ ഡൗസിയിലെ സിവിൽ സീനിയർ ഡിവിഷൻ കോടതിയിലാണ് ഇവർ ഹരജി സമർപ്പിച്ചത്.

ഷാഹി ജുമുഅ മസ്ജിദ് മുമ്പ് ശ്രീ ഹരിഹർ ക്ഷേത്രമായിരുന്നുവെ ന്നാണ് ഹരജിക്കാർ ആരോപിക്കുന്നത്. ബാബറിന്റെ ഭരണകാലത്ത് 1529ലാണ് ഇത് പള്ളിയായി മാറ്റിയതെന്നും ഹരജിക്കാർ ആരോപിച്ചു. ഹരജി പരിഗണിച്ച കോടതി ജഡ്ജി ആദിത്യ സിങ് സർവേക്ക് ഉത്ത രവിടുകയും ഇതിന്റെ ഫോട്ടോയും വീഡിയോയും എടുത്ത് സൂക്ഷി ക്കാൻ നിർദേശിക്കുകയും ചെയ്തു. പ്രശ്നങ്ങളുണ്ടായിരുന്നിട്ടും അന്ന് വൈകുന്നേരം തന്നെ സർവേ നടത്തുകയും ചെയ്തു. ഈ നരനായാട്ടി നിടയിലും വിശദമായ സർവേ പൂർത്തിയാക്കിയതിൽ വർഗീയ ചേരി തിരിവിനും സംഘർഷഭരിതമായ സാഹചര്യങ്ങൾ നിലനിറുത്തുന്ന തിനും പിന്നിൽ ആസൂത്രിതമായ ശ്രമമുണ്ടായിരുന്നു എന്നത് വളരെ വ്യക്തമാണ്. വാരണാസിയിലെ ഗ്യാൻ വ്യാപി മസ്ജിദ്-കാശി വി ശ്വനാഥ ക്ഷേത്ര തർക്കം ഉൾപ്പെ ടെയുള്ള ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട നിരവധി കേസുകളിൽ കോടതിയെ സമീപിച്ചിരുന്ന വിഷ്ണു ശങ്കറും പിതാവ് ഹരി ശങ്കർ ജെ യ്നുമാണ് ഈ ഹരജിക്ക് പിന്നിലു മെന്നത് സംഘ പരിവാരങ്ങളുടെ കുതന്ത്രങ്ങളെ തുറന്ന് കാണി ക്കുന്നുണ്ട്.

2022 മെയ് മാസത്തിൽ ഗ്യാൻ വാപി കേസിലൂടെ മുൻ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് ആണ് പുതിയ കേസുകൾക്ക് വഴി തെളി യിച്ചതെന്ന ദുഷ്യന്ത് ദവേയുടെ നി രീക്ഷണം സമകാലിക സാഹചര്യ ങ്ങൾ ശരിവെക്കുന്നുണ്ട്.

ഗണേശ ചതുർത്ഥിയിൽ പ്രധാ നമന്ത്രിക്കൊപ്പം പങ്കെടുക്കുകയും അയോധ്യ വിധിയിൽ സർവ ശക്ത നിൽനിന്ന് ദിവ്യജ്ഞാനം ലഭി ച്ചുവെന്ന് അവകാശപ്പെടുകയും ചെയ്തതിലൂടെ രാജ്യത്തെ അസ്ഥി രപ്പെടുത്താനും ന്യൂനപക്ഷങ്ങളെ അടിച്ചമർത്താനും ആഗ്രഹിക്കുന്ന വരുടെ കൈകളിലെ കളിപ്പാവയാ ണ് ജസ്റ്റിസ് ചന്ദ്രചൂഡ് എന്ന വിമർ ശനം ആരാധനാലയ കേസുമായി ബന്ധപ്പെട്ട് വളരെ കൃത്യമാണന്ന് മനസിലാകും.

ബാബരി മസ്ജിദ് വിഷയത്തി ലുള്ള വിധിയെ പരിഹസിച്ചുകൊ ണ്ടാണ് ഗ്യാൻ വാപി മസ്ജിദ് സർവേക്ക് ഉത്തരവ് നൽകിയിരി ക്കുന്നതെന്നത് സംഘപരിവാരങ്ങ ളുടെ അജണ്ടയെ വാരിപ്പുണരുക യാണെന്നും മനസ്സിലാക്കാനാകും. ബാബരി മസ്ജിദ്-അയോധ്യ വിഷ യത്തിലെ നിയമവിധിയിൽ ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ സുപ്രീം കോടതി ഭരണഘടനാ ബെഞ്ച് ഈ നിയമത്തിൽ അടി

സ്ഥാനപരമായി രണ്ട് തത്ത്വങ്ങളുണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്. അതിലൊന്ന് 1947 ഓഗസ്റ്റ് 15ന് മുമ്പുള്ള എല്ലാ ആരാധനാലയങ്ങളും സംരക്ഷിക്കപ്പെടണം. ഈ നിയമത്തിൽനിന്ന് ഇളവ് ചെയ്യപ്പെട്ടവ ഒഴികെയുള്ള ഒരു ആരാധനാലയവും തൊടാൻ പാടില്ലെന്നും വ്യക്തമാക്കുന്നുണ്ട്. രണ്ടാമത്തേത്, ഈ നിയമത്തിലെ നാലാം വകുപ്പിലെ രണ്ടാം ഉപവകുപ്പിന് ബെഞ്ച് ഒരു വ്യാഖ്യാനവും നൽകുന്നുണ്ട്. പുതിയ കേസുകളോ ഹരജികളോ അപ്പീലോ വഴി 1947 ആഗസ്റ്റ് 15ന് മുമ്പുള്ള ഒരു ആരാധനാലയത്തിന്റെയും സ്വഭാവം മാറ്റാൻ പാടില്ലെന്നുമാണ് ബെഞ്ച് ആണയിട്ട് പറഞ്ഞിരിക്കുന്നത്. 1947ന് മുമ്പുതന്നെ നിയമ നടപടികൾ നിലനിന്നതുകൊണ്ടാണ് രാമജൻമഭൂമി-ബാബരി കേസിനെ ഈ വകുപ്പിൽനിന്നും ഒഴിവാക്കിയതെന്നും അഭിപ്രായപ്പെടുന്നുണ്ട്. ഭരണഘടനയുടെ അടിസ്ഥാനമൂല്യങ്ങളെ സംരക്ഷിക്കുന്നതാണ് ഈ നിയമമെന്നാണ് സുപ്രീം കോടതി പറഞ്ഞിരിക്കുന്നത്. ഒരിക്കലും നിയമം ലംഘിക്കാതിരിക്കാൻ സർക്കാറിന് ഉത്തരവാദിത്തമുണ്ടെന്നും കോടതി പ്രസ്താവിക്കുന്നുണ്ട്. ഭരണഘടനയുടെ മൗലിക തത്ത്വമായതുകൊണ്ട് തന്നെ എല്ലാ മതവിശ്വാസികൾക്കിടയിലും തുല്യത പുലർത്താനുള്ള സർക്കാറിന്റെ ഉത്തരവാദിത്തം ആവർത്തിച്ച് ഉറപ്പിക്കുകയും ചെയ്യുന്നുണ്ട് ആ വിധിയിൽ. ചരിത്രപരമായ പിഴവുകൾ ജനങ്ങൾ നിയമം കൈയിലെടുത്ത് തിരുത്താൻ നോക്കരുതെന്നും കോടതി വ്യക്തമാക്കുന്നുണ്ട്. അലഹബാദ് ഹൈകോടതിയിലെ ജസ്റ്റിസ് ധരം വീർ ശർമ ഇതിന് പ്രതികൂലമായി നിരീക്ഷണം നടത്തിയിരുന്നു. എന്നാൽ സുപ്രീം കോടതി ആ നിരീക്ഷണത്തെ തെറ്റാണെന്ന് പറഞ്ഞ് തള്ളുകയായിരുന്നു.

> 2022 മെയ് മാസത്തിൽ ഗ്യാൻവാപി കേസിലൂടെ മുൻ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് ആണ് പുതിയ കേസുകൾക്ക് വഴി തെളിയിച്ചതെന്ന ദുഷ്യന്ത് ദവേയുടെ നിരീക്ഷണം സമകാലിക സാഹചര്യങ്ങൾ ശരിവെക്കുന്നുണ്ട്. ഗണേശ ചതുർത്ഥിയിൽ പ്രധാനമന്ത്രിക്കൊപ്പം പങ്കെടുക്കുകയും അയോധ്യ വിധിയിൽ സർവ ശക്തനിൽനിന്ന് ദിവ്യജ്ഞാനം ലഭിച്ചുവെന്ന് അവകാശപ്പെടുകയും ചെയ്തതിലൂടെ രാജ്യത്തെ അസ്ഥിരപ്പെടുത്താനും ന്യൂനപക്ഷങ്ങളെ അടിച്ചമർത്താനും ആഗ്രഹിക്കുന്നവരുടെ കൈകളിലെ കളിപ്പാവയാണ് ജസ്റ്റിസ് ചന്ദ്രചൂഡ് എന്ന വിമർശനം ആരാധനാലയ കേസുമായി ബന്ധപ്പെട്ട് വളരെ കൃത്യമാണെന്ന് മനസിലാകും.

### ആരാധനാലയങ്ങൾ സംരക്ഷിക്കപ്പെടണം

മധുരയിലെ ഷാഹി ഈദ് ഗാഹ് നീക്കംചെയ്യണമെന്നാവശ്യപ്പെട്ട് നൽകിയ ഹർജി അലഹബാദ് ഹൈക്കോടതി തള്ളിയത് വലിയ പ്രതീക്ഷ നൽകുന്നതായിരുന്നു. എന്നാൽ സർവേ നടത്താൻ ആരാധനാലയ സംരക്ഷണ നിയമം തടസ്സമല്ലെന്ന സുപ്രീം കോടതിയുടെ നിരീക്ഷണം ഷാഹി ഈദ് ഗാഹിനെയും ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു സന്ദേഹവുമില്ല. ആരാധനാലയ സംരക്ഷണനിയമം കൊണ്ടുവരുന്ന സാഹചര്യത്തിൽ പാർലമെന്റിലെ ചർച്ചകൾ പരിശോധിക്കുന്നതിൽ വലിയ പ്രസക്തിയുണ്ട്. രാജ്യത്തെ ഭരണം നിലനിറുത്താൻ കൊളോണിയൽ ശക്തികൾ നടപ്പിലാക്കിയ ഭിന്നിപ്പിന്റെയും വിഭജനത്തിന്റെയും നിയമങ്ങളെ നിരാകരിച്ച് നാനാത്വത്തിൽ ഏകത്വമെന്ന ഇന്ത്യൻ പൈതൃകത്തിന്റെ നിലനിൽപിന് പുതിയ നിയമനിർമാണം അനിവാര്യമാണെന്ന് ഇന്ത്യൻ ഭരണകൂടം മനസ്സിലാക്കി. എല്ലാ മതങ്ങളുടെയും സമത്വവും ഭരണഘടനയുടെ അടിസ്ഥാന സവിശേഷതയായ മതേതരത്വവും ഉയർത്തിപ്പിടിക്കാൻ ഭരണകൂടം ബദ്ധശ്രദ്ധരാകേണ്ടിയിരിക്കുന്നു. അതിനാൽ ആരാധനാലയങ്ങൾക്കും അതിന് സുരക്ഷയൊരുക്കുന്നതിനും അനിവാര്യമായ നിയമനിർമാണം വേണ്ടിവന്നു. ആരാധനാലയങ്ങൾ അന്യാധീനപ്പെട്ട് പോകാതിരിക്കാനും സുരക്ഷ ഉറപ്പിക്കാനും പുനഃസ്ഥാപനത്തിനും വേണ്ടി 1947 ഓഗസ്റ്റ് 15 ഒരു കട്ട് ഓഫ് തീയതിയായി തീരുമാനമെടുക്കുകയായിരുന്നു.

ഈ തീയതി അംഗീകരിക്കാൻ സംഘപരിവാര രാഷ്ട്രീയം തയ്യാറായില്ല. പല ദുർന്യായങ്ങളും നിരത്തി അതിനെ പ്രതിരോധിക്കാനാണ് അവർ ശ്രമിച്ചത്. അന്നത്തെ ബിജെപി നേതാവായിരുന്ന അശ്വിനി ഉപാധ്യായ ഒരു ഹർജി കൊണ്ടുവന്നു. അതിലദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നത് 1192 എന്ന വർഷം കട്ട് ഓഫ് ഇയർ ആക്കണമെന്നാണ്. ആര്യൻമാരുടെ ആവിർഭാവവും ഹാരപ്പൻ ആരാധനാലയങ്ങളുടെ തകർച്ച

യും എല്ലാമാണ് അദ്ദേഹം മാനദണ്ഡമാക്കിയതെന്ന താണ് സത്യം. എൽകെ അദ്വാനിയുടെ രഥയാത്രയും ബാബരി മസ്ജിദിന് സമീപം കല്യാൺ സിംഗ് സ്ഥലം വാങ്ങി വർഗീയ സംഘർഷം സൃഷ്ടിക്കാൻ ശ്രമിച്ച തും ആരാധനാലയങ്ങൾക്ക് നേരെ സംഘപരിവാര ങ്ങൾ ഉയർത്തുന്ന അവകാശവാദങ്ങളുമെല്ലാമാണ് ആരാധനാലയ സംരക്ഷണ നിയമം കൊണ്ടുവരാൻ കോൺഗ്രസിനെ പ്രേരിപ്പിച്ചത്. ഡൽഹിയിലെ കലാപ ത്തെ തുടർന്ന് 1924 ഒക്ടോബർ 2ന് യൂണിറ്റി സമ്മേള നത്തിൽ പാസാക്കിയ പ്രമേയത്തിൽ ആരാധനാലയ സംരക്ഷണം ഊന്നിപ്പറയുന്നുണ്ട് എന്നതും ഇന്ത്യയു ടെ സഹിഷ്ണുതയുടെ മനസ്സിനെ ചൂണ്ടിക്കാണിക്കുന്നു ണ്ട്: 'ഏതൊരു വിശ്വാസത്തിലോ മതത്തിലോ ഉള്ള എല്ലാ ആരാധനാലയങ്ങളും പവിത്രവും അലംഘനീ യവുമായി പരിഗണിക്കണം. പ്രകോപനത്തിന്റെയോ പ്രതികാരത്തിന്റെയോ ഫലമായി ഒരിക്കലും ആക്രമി ക്കപ്പെടുകയോ അവഹേളിക്കപ്പെടുകയോ ചെയ്യരുത്. അത്തരം ആക്രമണങ്ങളെയും അവഹേളനങ്ങളെയും തടയുക എന്നത് ഓരോ പൗരന്റെയും കടമയാണ്.'

1949ൽ ബാബരി മസ്ജിദിനുള്ളിൽ നിയമവിരുദ്ധമാ യി രാംലല്ല വിഗ്രഹം സ്ഥാപിച്ചപ്പോൾ 1950ൽ പണ്ഡിറ്റ് സുന്ദർലാൽ ഏകതാ സമ്മേളനം വിളിച്ച് ചേർക്കുക യുണ്ടായി. അതിലും ആചാര്യ നരേന്ദ്ര ദേവ് ആരാധ നാലയങ്ങളുടെ തൽസ്ഥിതിയെ സംരക്ഷിക്കാൻ പ്രമേ യം കൊണ്ടുവന്നു. 1991ലെ ആരാധനാലയ സംരക്ഷണ ബില്ല് പാർലമെന്റിൽ കൊണ്ടുവന്നപ്പോൾ അവിടെ നട ന്ന ചർച്ചയും മനസ്സിലാക്കുന്നത് നല്ലതാണ്. അവിടെ യും ഇന്ത്യൻ പൈതൃകത്തിന് താങ്ങും തണലായും നിലകൊണ്ടത് രാജ്യത്തെ ബഹുഭൂരിപക്ഷവും നെഞ്ചി ലേറ്റിയ മതനിരപേക്ഷതയുടെ വക്താക്കളായിരുന്നു. വർഗരാഷ്ട്രീയം അവിടെയും വിഘടിച്ച് നിന്നു. ബി ല്ലിനെ അനുകൂലിച്ച് സംസാരിക്കുന്ന എംപിമാരുടെ സംസാരം തടസപ്പെടുത്തിയും ഭീഷണിപ്പെടുത്തിയുമാ ണ് സംഘ പരിവാരങ്ങൾ പ്രതിരോധിക്കാൻ ശ്രമിച്ചത്. തർക്കങ്ങൾ പരിഹരിക്കാൻ ഈ ബില്ല് പ്രാപ്തമല്ലെന്ന് വാദിക്കാനാണ് അവർ സമയം ചെലവഴിച്ചത്. അവി ടെയും ബാബരി മസ്ജിദിനൊപ്പം മധുര ഈദ്ഗാഹും ഗ്യാൻവാപി മസ്ജിദും ഒഴിവാക്കാൻ അവർ ആവശ്യ പ്പെട്ടു. ഒരു ക്ഷേത്രത്തിനടുത്ത് പള്ളി കണ്ടപ്പോൾ മന സ്സിന് മുറിവേറ്റുവെന്നും അപകർഷതകൊണ്ട് തല കു നിഞ്ഞുപോയെന്നും ബിജെപി നേതാവ് ഉമാഭാരതി അവകാശപ്പെട്ടതിൽ തന്നെ ഇവർ എത്രമാത്രം രാജ്യ വിരുദ്ധരാണെന്ന് ബോധ്യപ്പെടും. ഈ വിഷയത്തിൽ ഇന്ത്യയുടെ പ്രതിഛായയെ കുറിച്ച് അഭിമാനിക്കുന്നു വെന്ന് കോൺഗ്രസ് നേതാവായ മണിശങ്കർ അയ്യർ മറുപടി പറഞ്ഞതും ശ്രദ്ധേയമാണ്.

രാജ്യത്തെ ആരാധനാലയങ്ങൾ 1947 ഓഗസ്റ്റ് 15ലെ സ്ഥിതി തുടരണമെന്നാണ് 1991ലെ ആരാധനാലയ സം രക്ഷണ നിയമം അനുശാസിക്കു ന്നത്. സംരക്ഷണമൊരുക്കാൻ അതാത് കാലത്തെ ഭരണകൂട ങ്ങളും പ്രതിജ്ഞാബദ്ധരാകണ മെന്നും പ്രത്യേകം പരാമർശി ക്കുന്നുണ്ട്.

ഇതിന് വിരുദ്ധമായി കീഴ്കോ ടതികൾ പുറപ്പെടുവിച്ച സമീ പകാല സർവേ ഉത്തരവുകൾ സമൂഹത്തിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കാനും വർഗീയമായ പ്ര ക്ഷുബ്ധത ലക്ഷ്യമാക്കിയുമാണെ തിൽ തർക്കമില്ല. അതിനാൽ കേ ന്ദ്ര-സംസ്ഥാന സർക്കാരുകൾ സംരക്ഷണ നിയമപാലനത്തി നായി കർശനമായ നടപടികൾ സ്വീകരിക്കണമെന്നത് മതനിര പേക്ഷ ചേരിയുടെ ശക്തമമായ നിലപാടാണ്. യഥാർഥ ഇന്ത്യ യെ തിരിച്ചുപിടിക്കാനുള്ള ശ്രമ ങ്ങളുടെ ഭാഗമായി പ്രതിപക്ഷ കക്ഷികൾ ഒറ്റക്കെട്ടായി രംഗത്തി റങ്ങിയത് വലിയ പ്രതീക്ഷയാ ണ്. രാജ്യത്തെ സമാധാനാന്തരീ ക്ഷം തകരാതിരിക്കാൻ ഇത്തരം കേസുകൾ ഹൈക്കോടതിയിലോ സുപ്രീം കോടതിയിലോ ആയിരി ക്കണം എടുക്കേണ്ടത്. കീഴ്കോ ടതികൾ വൈകാരികതയ്ക്ക് അടി മപ്പെട്ടു പോകുന്ന സംഭവങ്ങൾ ധാരാളമായി നമ്മുടെ മുന്നിലു ണ്ട്. അജ്മീർ ദർഗ, ഭോജ്ശാല, സംഭൽ ശാഹി ജുമാ മസ്ജിദ്, ഗ്യാൻവാപി മസ്ജിദ് എന്നിവിട ങ്ങളിലെ സർവേ രാജ്യത്ത് വലിയ പ്രത്യാഘാതങ്ങളുണ്ടാക്കുമെന്ന തിന്റെ നേർക്കാഴ്ചയാണ് സംഭാ ലിൽ നാം കണ്ടത്. ആരാധനാല യങ്ങളിൽ സർവേ നടത്തുന്നത് 1991ലെ നിയമം തടസ്സമെല്ലന്ന സുപ്രീം കോടതിയുടെ നിരീക്ഷ ണം നിരാശയജനകമാണ്.

### ആരാധനാലയങ്ങളുടെ രാഷ്ട്രീയം

ആരാധനാലയങ്ങളുടെ പേരിൽ

> ആരാധനാലയങ്ങളുടെ പേരിൽ വിവാദമുണ്ടാക്കുകയും അത് വൈകാരികമാക്കി സമൂഹത്തിൽ അവതരിപ്പിക്കുകയും ചെയ്തു കൊണ്ടാണ് സംഘപരിവാരങ്ങൾ രാഷ്ട്രീയ ലാഭത്തിനായി ഉപയോഗപ്പെടുത്താറുള്ളത്. ബാബരി മസ്ജിദ് വിവാദങ്ങളും അതിന്റ ധ്വംസനവും രാഷ്ട്രീയ രംഗത്ത് വലിയ ലാഭങ്ങൾ കൊയ്തെടുക്കാൻ സാധിച്ചുവെന്ന് അവർ വിശ്വസിക്കുന്നു. സമകാലികരാഷ്ട്രീയത്തിൽ അത് യാഥാർഥ്യവുമാണ്. അങ്ങനെയൊരു തിരിച്ചറിവ് കൊണ്ടാണ് സുപ്രീം കോടതി വിധി വരുന്നതിന് മുമ്പുതന്നെ രാമക്ഷേത്രനിർമാണം അണിയറയിൽ നടത്തിയത്. വിധി എന്തുതന്നെയായാലും അവരുടെ അജണ്ട നടപ്പിലാക്കുമെന്ന ദാർഷ്ട്യത്തോടുകൂടിയാണ് അണിയറയിൽ അത്തരം പ്രവൃത്തികൾ നടത്തിയത്.

വിവാദമുണ്ടാക്കുകയും അത് വൈകാരികമാക്കി സമൂഹത്തിൽ അവതരിപ്പിക്കുകയും ചെയ്തുകൊണ്ടാണ് സംഘപരിവാരങ്ങൾ രാഷ്ട്രീയ ലാഭത്തിനായി ഉപയോഗപ്പെടുത്താറുള്ളത്. ബാബരി മസ്ജിദ് വിവാദങ്ങളും അതിന്റെ ധ്വംസനവും രാഷ്ട്രീയ രംഗത്ത് വലിയ ലാഭങ്ങൾ കൊയ്തെടുക്കാൻ സാധിച്ചുവെന്ന് അവർ വിശ്വസിക്കുന്നു. സമകാലികരാഷ്ട്രീയത്തിൽ അത് യാഥാർഥ്യവുമാണ്. അങ്ങനെയൊരു തിരിച്ചറിവ് കൊണ്ടാണ് സുപ്രീം കോടതി വിധി വരുന്നതിന് മുമ്പുതന്നെ രാമക്ഷേത്രനിർമാണം അണിയറയിൽ നടത്തിയത്. വിധി എന്തുതന്നെയായാലും അവരുടെ അജണ്ട നടപ്പിലാക്കുമെന്ന ധാർഷ്ട്യത്തോടുകൂടിയാണ് അണിയറയിൽ അത്തരം പ്രവൃത്തികൾ നടത്തിയത്. പിന്നീട് വിധി തങ്ങൾക്കനുകൂലമായപ്പോൾ പെട്ടെന്ന് ക്ഷേത്രത്തിന്റ നിർമാണം പൂർത്തീകരിക്കുകയും ചെയ്തു. അങ്ങനെയൊരു ആത്മബലത്തിൽ അവരെ നിലയുറപ്പിച്ചത് ഇന്ത്യൻ ഭരണഘടനയെ അവർ വിശ്വസിക്കാത്തതുകൊണ്ടാണെന്ന് വ്യക്തമാണ്.

ഇന്ത്യയുടെ സംസ്കാരം വ്യത്യസ്ത മതങ്ങളെയും സംസ്കാരങ്ങളെയും ആദരിക്കലാണ്. അപരന്റെ അവകാശങ്ങളെ പരിഗണിക്കലാണ്. വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും കാര്യത്തിൽ സ്വാതന്ത്ര്യം പരികൽപിച്ച് നൽകലാണ്. മാനവ സാഹോദര്യം യാഥാർഥ്യമാക്കി പരസ്പരം ഉൾക്കൊള്ളലാണ്. ഈയൊരു പൈതൃകത്തോടുള്ള വെറുപ്പാണ് രാജ്യത്തെ സംഘപരിവാര ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. കേവല രാഷ്ട്രീയ ലാഭത്തിനുമപ്പുറം ഇതര ദർശനങ്ങളോടുള്ള അസഹിഷ്ണുതയാണ് മറ്റുള്ള ആരാധനാലയങ്ങളിലേക്ക് വിരൽചൂണ്ടാൻ അവർ പ്രേരിപ്പിക്കപ്പെടുന്നത്. അതിന് വേണ്ടി മുസ്‌ലിം സമുദായത്തിന്റെ പേരിൽ നടത്തപ്പെടുന്ന പല കേന്ദ്രങ്ങളും ക്ഷേത്രങ്ങളാക്കി മാറ്റി രൂപാന്തരപ്പെടുത്തുകയാണ്. ദർഗകളിൽ ഹിന്ദു ദൈവങ്ങളുടെ പ്രതിഷ്ഠകൾ സ്ഥാപിച്ച് ഉൽസവങ്ങൾ നടത്താൻ അവർ ശ്രമിക്കുന്നു. മുംബൈയിലെ കല്യാണിൽ ഹാജി മലാങ്ങ് ദർഗ മലാങ്ഗഡ് ആക്കി മാറ്റാനും ദുർഗാദി കോട്ട ദുർഗാദി ക്ഷേത്രമാക്കി മാറ്റാനും ഹിന്ദുത്വശക്തികൾ ശ്രമിച്ച് കൊണ്ടിരിക്കുന്നുവെന്നത് ഒരു ഉദാഹരണമാണ്. താരതമ്യേന ശാന്തമായ ദക്ഷിണേന്ത്യയിലേക്കും വിഷ പ്രചാരണം വ്യാപിപ്പിക്കുന്നതിന് തങ്ങളുടെ പ്രവർത്തനങ്ങൾ സംഘപരിവാരങ്ങൾ ശക്തമാക്കിക്കൊണ്ടിരിക്കുന്നു.

### ക്ഷേത്രധ്വംസനങ്ങൾ യാഥാർഥ്യമോ?

ഇന്ത്യയിലെ മുസ്‌ലിം പള്ളികൾക്ക് നേരെ അവകാശവാദമുന്നയിച്ച് വരുന്ന വെറുപ്പിന്റ രാഷ്ട്രീയം ചരിത്രത്തെ അപനിർമിച്ചുകൊണ്ടാണ് ലക്ഷ്യം നേടാൻ ശ്രമിക്കുന്നത്. മുഗൾ രാജാക്കൻമാർ പുരാതന ക്ഷേത്രങ്ങളെ തകർത്തുകൊണ്ടാണ് മസ്ജിദുകൾ നിർമിച്ചത് എന്ന് ആരോപിച്ചുകൊണ്ടാണ് ആരാധനാലയ സർവേയിലൂടെ അവകാശികളിൽനിന്ന് തട്ടിയെടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അന്യമതങ്ങളുടെ ആരാധനാലയങ്ങളെ അവമതിക്കരുതെന്ന് പഠിപ്പിച്ച ഇസ്‌ലാമിക ആദർശത്തിന് വിരുദ്ധമായി ക്ഷേത്രങ്ങൾക്ക് നേരെ ധ്വംസന നയം കൈകൊള്ളുന്ന ഭരണാധികാരി ആരായിരുന്നാലും ന്യായീകരണമർഹിക്കുന്നില്ല. പക്ഷേ, അസത്യങ്ങളും അർധസത്യങ്ങളും മുസ്‌ലിം ഭരണാധികാരികളുടെ മേൽ ആരോപിച്ച് ഇസ്‌ലാമിനെയും മുസ്‌ലിംകളെയും തെറ്റിദ്ധരിപ്പിക്കാൻ ആസൂത്രിതമായ ശ്രമങ്ങൾ നടക്കുന്നുണ്ട്.

ചരിത്ര വസ്തുതകൾ മുന്നിൽവച്ച് ആരോപണങ്ങളെ അപഗ്രഥനം നടത്തിയാൽ ചില യാഥാർഥ്യങ്ങൾ ബോധ്യപ്പെടാനാകും. ഭിന്നിപ്പിച്ച് ഭരിക്കുകയെന്ന ബ്രിട്ടീഷ് കുതന്ത്രത്തിന്റ സൃഷ്ടിയാണ് ക്ഷേത്രധ്വംസന കഥകളിലേറെയും. ഇതിന്റ അവസാനത്തെ ഉദാഹരണമാണ് സംഭാലിലെ ഷാഹി ജുമാ മസ്ജിദ്. 1529ൽ മുഗൾ ചക്ര

വർത്തി ബാബർ ഹരിഹർ മന്ദിർ തകർത്താണ് മസ്ജിദ് നിർമിച്ചതെന്നാണ് ഇവർ വാദിക്കുന്നത്. എന്നാൽ ബാബറിനെ കുറിച്ച് നിഷ്പക്ഷ പഠനം നടത്തിയവരൊന്നും അദ്ദേഹം ഒരു അന്യമത വിരോധിയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. മതപരമായ സങ്കുചിതത്വങ്ങൾക്കതീതനായിരുന്നു ബാബറെന്ന് ചരിത്രം സത്യസന്ധമായി രേഖപ്പെടുത്തിയിട്ടും ക്ഷേത്രധ്വംസനം അദ്ദേഹത്തിൽ ആരോപിക്കുന്നത് ബ്രിട്ടീഷുകാരുടെ ഭിന്നിപ്പിക്കൽ കുതന്ത്രമല്ലാതെ മറ്റൊന്നുമല്ല. എന്നാൽ രാജ്യത്തെ ഫ്യൂഡൽ തമ്പുരാക്കൻമാരുടെ സമ്പത്തിന്റെ ശേഖരങ്ങളായിരുന്നു പുരാതന ദേവാലയങ്ങൾ. സാമ്പത്തിക ക്ഷാമം നേരിട്ടാൽ രാജാക്കൻമാർ ക്ഷേത്രങ്ങൾ കീഴടക്കാൻ ശ്രമിക്കാറുണ്ട്. അതിന് മതത്തിന്റ അതിർവരമ്പുകളുണ്ടായിരുന്നില്ല. സോമനാഥ ക്ഷേത്രം ആക്രമിച്ച് അന്നത്തെ രാജാക്കൻമാർ കവർന്നെടുത്ത സ്വർണനിധികളുടെ അളവ് പറഞ്ഞറിയിക്കാൻ പറ്റാത്ത അത്രയും ഉണ്ടായിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നുണ്ട്. ഹൈന്ദവനായ ഹർഷവർദ്ധനും ഒരു ക്ഷേത്രധ്വംസകനായിരുന്നുവെന്ന് പറയുമ്പോൾ അത് കേവലം സാമ്പത്തിക രാഷ്ട്രീയ നേട്ടങ്ങൾക്ക് വേണ്ടിയാണെന്ന് വ്യക്തമാണ്.

മുഗൾ ചക്രവർത്തിമാരിൽ ഏറ്റവുമധികം തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടുള്ള ഭരണാധികാരിയാണ് ഔറംഗസീബ്. ഒരു മതഭ്രാന്തനും ക്ഷേത്രധ്വംസകനും മുഗൾ സാമ്രാജ്യത്തിന്റ അധഃപതനത്തിന് കാരണക്കാരനുമായിട്ടാണ് ഔറംഗസീബിനെ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. എന്നാൽ ഇ. മൊയ്തു മൗലവി അദ്ദേഹത്തിന്റ ഔറംഗസീബ് എന്ന പുസ്തകത്തിൽ അല്ലാമാ ശിബ്‌ലിയുടെ പ്രസ്താവനയായി വിവരിക്കുന്നത് ഇങ്ങനെയാണ്: "25 വർഷത്തോളം ആലംഗീർ ചക്രവർത്തി ഡക്കാനിൽ താമസിക്കുകയുണ്ടായി. ഡക്കാൻ പ്രദേശമാകട്ടെ ആയിരക്കണക്കായ ഹൈന്ദവ ക്ഷേത്രങ്ങളും ദേവാലയങ്ങളുമുള്ള സ്ഥലമാണ്. എന്നാൽ ഒരൊറ്റ ഹൈന്ദവ ക്ഷേത്രത്തിന്റ നേരെയെങ്കിലും സുൽത്താൻ ആലംഗീർ ആക്രമണം നടത്തിയതായി ഒരു ചരിത്ര ഗ്രന്ഥത്തിലും ലേഖപ്പെടുത്തിയിട്ടില്ല. ആൽവാറിലെ പ്രസിദ്ധമായ ഹൈന്ദവ ക്ഷേത്രത്തിൽ നൂറു കണക്കായ പ്രതിമകളും വിഗ്രഹങ്ങളുമുണ്ടായിരുന്നു. ആലംഗീർ ആൽവാറിൽനിന്ന് ഒന്നുരണ്ട് മൈൽ അകലെയുള്ള ഒരു സ്ഥലത്താണ് ഖബറടക്കപ്പെട്ടിരിക്കുന്നത്. ആലംഗീറിന് മുമ്പ് തന്നെ അവിടെ വലിയ മതപണ്ഡിതൻമാരുടെ ഖബറുകളുണ്ട്. എന്നാൽ അവിടെ ഉണ്ടായിരുന്ന ബിംബങ്ങൾക്കും പ്രതിമകൾക്കും യാതൊരു കോട്ടവും തട്ടിയിട്ടുണ്ടായിരുന്നില്ല. അവ ഇപ്പോഴും ഉണ്ട്."

മുഗൾ സുൽത്താൻമാർ ഇന്ത്യയിൽ എല്ലായിടത്തുമുള്ള ഹൈന്ദവ ക്ഷേത്രങ്ങൾക്കും ഭൂസ്വത്തുക്കൾ നൽകിയിട്ടുണ്ട്. അവരിൽ ഏറ്റവുമധികം നൽകിയത് ഔറംഗസീബായിരുന്നുവത്രെ! ഒറീസാ ഗവർണറായിരുന്ന ബിഎൻ പാണ്ഡെ പറഞ്ഞത് ഇങ്ങനെയാണ്: "കൂടുതൽ ഗവേഷണവും അന്വേഷണവും നടത്തിയാൽ ഉജ്ജയിനിലെ മഹകുലേശ്വർ ക്ഷേത്രം, ചിത്രകൂടത്തിലെ ബാലാജി ക്ഷേത്രം, ഗോഹട്ടിയിലെ അംബരാന്ദന ക്ഷേത്രം, ഗത്രഞ്ചയിലെ ജൈന മതക്ഷേത്രം എന്നിവക്കും ഗുരുദ്വാരകൾക്കും മറ്റും ഔറംഗസീബ് സ്വത്ത് നൽകിയത് സമ്പന്ധിച്ച് രേഖ കണ്ടെത്താൻ കഴിഞ്ഞു. രാജകീയ രേഖകളിലധികവും 1656നും 1656നുമിടയിൽ പുറപ്പെടുവിച്ചതാണ്."

എന്നാൽ ഇത്തരം ആരാധനാലയങ്ങളും അപരന്റെ ആവാസ വ്യവസ്ഥകളും തകർത്തെറിഞ്ഞത് ഹിന്ദുത്വ പാരമ്പര്യത്തിലാണെന്ന് കാണാം. അതിന്റ കെടുതിയനുഭവിച്ചത് അധികവും ബുദ്ധമതവും ബുദ്ധഭിക്ഷുക്കളുമായിരുന്നു. ബ്രാഹ്മണ്യ അധികാരവ്യവസ്ഥ ബുദ്ധഭിക്ഷുക്കളെയും അവരുടെ ആവാസ വ്യവസ്ഥകളെയും തകർത്തത് പലപ്പോഴും മുഖ്യധാരയിൽ വിസ്മരിക്കപ്പെടുകയാണ്. മൗര്യ കാലത്തിന് ശേഷം ബ്രാഹ്മണ ഭരണാധികാരിയായിരുന്ന പുഷ്യമിത്ര ശുംഗന്റ നേതൃത്വത്തിൽ വലിയ പട്ടാളം ഇന്നത്തെ സിയാൽകോട്ടുവരെ പ്രകടനമായി ചെന്ന് ബുദ്ധ മൊണാസ്റ്ററികളും സ്തൂപങ്ങളും തല്ലിത്തകർത്തത് ദിവ്യവാദന എന്ന സംസ്കൃത കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ബുദ്ധഗയയിലെ ബോധിവൃക്ഷം പോലും തകർത്തുകൊണ്ടാണ് ബുദ്ധമതത്തിന്റെ അടയാളങ്ങൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നടത്തിയത്. ഇങ്ങനെ എണ്ണിയാലൊടുങ്ങാത്ത ആക്രമണങ്ങളെ കാണിക്കാനാകും എന്നിരിക്കെ ക്ഷേത്രധ്വംസനമെന്ന മിഥ്യയെ ഉയർത്തിക്കാട്ടി ആരാധനാലയങ്ങളെ തകർക്കാൻ ശ്രമിക്കുന്നത് എന്തായാലും നിയമ വിരുദ്ധമാണ്. ചരിത്ര അപനിർമിതിയാണ്. രാജ്യത്തോടുള്ള വഞ്ചനയാണ്. ■



ലേഖനം ●

അബൂബക്കർ സലഫി

2024 നവംബർ 10 ന് കോഴിക്കോട് ജൂബിലി ഹാളിൽ വെച്ച് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ ‘തൗഹീദ്, പ്രമാണം, പ്രസ്ഥാനം ’ എന്ന പ്രമേയത്തിൽ നടത്തിയ ആദർശ സമ്മേളനത്തിൽ അബൂബക്കർ സലഫി നടത്തിയ പ്രസംഗത്തിന്റെ ലേഖന രൂപം.

# മതം എളുപ്പമാണ്; പഠനവും

വർത്തമാന കാലഘട്ടം പലതരം പരീക്ഷണങ്ങൾ നിറഞ്ഞതാണ്. മതരംഗവും ഇതിൽ നിന്ന് ഒഴിവല്ല. ‘ജനങ്ങൾക്കു മേൽ വഞ്ചനാപരമായ ചില വർഷങ്ങൾ വരും, അന്ന് കള്ളന്മാർ സത്യസന്ധന്മാരായി പരിചയപ്പെടുത്തപ്പെടും, സത്യസന്ധന്മാരെ കള്ളന്മാരായി ജനങ്ങൾ മനസ്സിലാക്കും’ എന്ന് നബി(സ്വ) പ്രവചിച്ചിട്ടുള്ളത് ശ്രദ്ധേയമാണ്. ദീനിനിന്റെ കാര്യവും അങ്ങനെത്തന്നെ!

ഇതൊക്കെത്തന്നെയാണ് ഇന്ന് സമൂഹത്തിൽ നാം കാണുന്നത്. നാവുകൊണ്ടും പേനകൊണ്ടും ദീനിന്റെ അടിസ്ഥാനങ്ങളെ പോലും പലരും അട്ടിമറിക്കാൻ ശ്രമിക്കുന്നു. മതവിഷയങ്ങളിൽ അനാവശ്യമായ ചർച്ചകളും തർക്കങ്ങളും സമൂഹത്തിൽ വ്യാപകമാകുന്നു. അങ്ങനെ തർക്കിച്ച് തർക്കിച്ച് ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കുന്നു ഇക്കൂട്ടർ. വാസ്തവത്തിൽ മത വിഷയങ്ങളിലെ തർക്കങ്ങൾ ഇസ്‌ലാം നിരുത്സാഹപ്പെടുത്തുന്നത് കാണാൻ സാധിക്കും.

യാഥാർഥത്തിൽ ഇസ്‌ലാം വളരെ ലളിതമാണ്. ഇസ്‌ലാമിന്റെ ഒരു വിഷയവും മനസ്സിലാക്കുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല. يَـا عِبَـادَ اللَّهِ أَعِينُونِي എന്ന ദുർബലമായ ഹദീസ് പണ്ടേ ചർച്ച ചെയ്യപ്പെട്ടതാണ്. ക്വബ്‌റാരാധരകർ മരിച്ചവരോട് തേടാൻ ഈ റിപ്പോർട്ടിനെ തെളിവായി കൊണ്ടുവന്നപ്പോൾ, അത് ദുർബലമാണെന്നും സ്വഹീഹാണെങ്കിൽ തന്നെ അതിൽ പ്രസ്തുത വാദത്തിന് ഒരു തെളിവുമില്ലെന്നും അഹ്‌ലുസ്സുന്നയുടെ പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്. അതിന്റെ ഉദ്ദേശ്യം, ശബ്ദം കേൾക്കുന്ന പരിധിയിലുള്ള മനുഷ്യരോ ജിന്നുകളോ മലക്കുകളോ ആണെന്നും ഒരിക്കലും മരണപ്പെട്ടവരെ ഉദ്ദേശിക്കുന്നില്ലെന്നും അവർ അതിനോട് കൂട്ടിച്ചേർത്തു പറഞ്ഞിട്ടുണ്ട്. അതോടുകൂടി ആ വിഷയം അവിടെ അവസാനിച്ചു.

ഇതേ സംഭവം കേരളത്തിലും ആവർത്തിച്ചു. ഉമർ മൗലവി സൽസബീലിൽ അതിന് മറുപടി നൽകി. അതുപോലെ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനിയും മണ്ണാർക്കാട് സംവാദത്തിൽ മുജാഹിദ് പക്ഷവും ഇതേ മറുപടി ഈ വാദക്കാർക്കു നൽകി.

പക്ഷേ, ഒരുകൂട്ടർ ഈ വിഷയത്തിന്റെ അടിസ്ഥാനത്തിൽനിന്ന് തെന്നിമാറി കേവല

സംഘടനാ താൽപര്യങ്ങളുടെ അടിസ്ഥാനത്തിൽ അതിനെ ശിർക്കാണെന്ന് വ്യാഖ്യാനിച്ചു. പ്രസ്തുത വിഷയത്തെ അവഗണിച്ചുകൊണ്ട് നമ്മൾ ദഅ്‌വ പ്രവത്തനങ്ങളുമായി മുന്നോട്ടു പോകുമ്പോൾ നമ്മോട് വെല്ലുവിളികളുമായി അവർ മുന്നോട്ട് വന്ന് നിരന്തരം കുഴപ്പങ്ങളുണ്ടാക്കുകയും ചെയ്യുന്നു.

ഇങ്ങനെയുള്ള കുതർക്കങ്ങൾ വാസ്തവത്തിൽ വലിയ ദുരന്തമാണ്. ഇത്തരം കുതർക്കങ്ങൾക്കും ചരിത്രമുണ്ട്. മുഅ്തസിലിയാക്കൾ അതിന് ഉദാഹരണമാണ്. അവരുടെ കാലഘട്ടത്തിൽ തൗഹീദുൽ അസ്മാഇ വസ്സിഫാത്തിൽ വ്യത്യസ്ത വിശദീകരണങ്ങളുണ്ടായപ്പോൾ, ഇമാം മാലികിനോട് അല്ലാഹുവിന്റെ ഇസ്തിവാഇനെ കുറിച്ച് ചോദിക്കപ്പെട്ടു. ആ ചോദ്യം തന്നെ അദ്ദേഹത്തിന് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം പറഞ്ഞു: 'إِسْتِوَاء അറിയപ്പെട്ടതാണ്. അതെങ്ങനെയാണെന്ന് അറിയുകയില്ല. അതിൽ വിശ്വസിക്കൽ നിർബന്ധമാണ്. അതിനെപ്പറ്റിയുള്ള ചോദ്യം ബിദ്അത്താണ്.' അങ്ങനെ അത് ചോദിച്ച ആളെ അദ്ദേഹം പുറത്താക്കി.

പക്ഷേ, അക്കൂട്ടർ തർക്കിച്ച് തർക്കിച്ച് ഭരണകൂടത്തിന്റെ പിന്തുണപോലും നേടിയെടുത്തു. തുടർന്ന് സത്യം പറയുന്ന അഹ്മദ് ബിൻ ഹമ്പലിനെ പോലെയുള്ളവരെ വേണ്ടത്ര പരിഗണന നൽകാതെ ബുദ്ധിമുട്ടിച്ചതും ചരിത്രത്തിൽ കാണാം. സംഗതി വളരെ ലളിതമാണ്. ഖുർആൻ അല്ലാഹുവിന്റെ സൃഷ്ടിയാണോ അതോ കലാമാണോ? ഈ വിഷയത്തിൽ ഖുർആൻ പറഞ്ഞിടത്ത് നിന്നാൽ മതി. ഖുർആൻ പറഞ്ഞിട്ടുണ്ട്, ഖുർആൻ അല്ലാഹുവിന്റെ കലാമാണ്. പക്ഷേ, അനാവശ്യമായ തർക്കങ്ങൾ കൊണ്ടുവന്നു.

നബി(സ്വ) ഒരിക്കൽ പറഞ്ഞു:

إِنَّ مِـنَ الْبَيَـانِ لَسِـحْرًا (തീർച്ചയായും വിശദീകരണത്തിൽ ഒരു സിഹ്റുണ്ട്). ഇതിന്റെ വിശദീകരണത്തിൽ പണ്ഡിതന്മാർ പറയുന്നുണ്ട്: 'ചിലയാളുകൾ അസത്യത്തിൽനിന്ന് സത്യത്തെ വേർപ്പെടുത്തുന്നതാണ്. അതിനായി അവർ നാവിനെ ഉപയോഗപ്പെടുത്തും. എന്നാൽ ചിലരാകട്ടെ അസത്യത്തെ സത്യമാക്കി കാണിക്കാനും നാവ് ഉപയോഗപ്പെടുത്തും.'

രണ്ടാമതു പറഞ്ഞ കാര്യമാണ് ഇപ്പോൾ പ്രബോധന മേഖലയിൽ ചിലർ നടത്തുന്നത്. അനങ്ങിയാൽ ഈ വിഷയവുമായി അവർ വരും. അവർക്ക് മറുപടി കൊടുത്തിട്ടില്ലെങ്കിൽ പ്രശ്നമാണ്. കാരണം ഇത് ചെറിയ വിഷയമല്ല. ഈ തർക്കങ്ങൾ ഉയർന്നുവന്നതോടുകൂടി പല അപകടങ്ങളും ഉണ്ടായി. അതിലൊന്നാണ് ഇത് എതിരാളികൾക്ക് വടികൊടുക്കലായി എന്നത്. കാരണം ജിന്നിന്റെയും മലക്കിന്റെയും കഴിവ് അഭൗതികമാണെന്ന പ്രമാണവിരുദ്ധ കണ്ടെത്തൽ വലിയ അപകടത്തിന് വഴിവെച്ചു. മുമ്പൊന്നും പറയാത്തതാണീ വാദം. ജിന്നിനെയും മലക്കിനെയും ആദരിച്ച് ആദരിച്ച് അല്ലാഹുവിന്റെ കഴിവ് വകവെച്ചുകൊടുക്കുകയാണിതിലൂടെ സംഭവിക്കുന്നത്. ഈ വാദംകൊണ്ട് ഏറ്റവും സന്തോഷിക്കുന്നത് പിശാചുവർഗം തന്നെയായിരിക്കും. ഒരു സ്വഹാബി പറയുകയാണ്: "ഒരിക്കൽ നബി(സ്വ)യുടെ പിന്നാലെ ഞാൻ സഞ്ചരിക്കുമ്പോൾ എന്റെ വാഹനം ഒന്ന് വഴുതി. അപ്പോൾ ഞാൻ പിശാച് നശിക്കട്ടെ എന്നുപറഞ്ഞു. അപ്പോൾ നബി(സ്വ) പറഞ്ഞു: 'അങ്ങനെ പറയരുത്. നീ അങ്ങനെയെങ്ങാനും പറഞ്ഞാൽ പിശാച് വലുതായിട്ട് ഒരു വീട് പോലെയാകും. എന്റെ ശക്തികൊണ്ട് ഞാനവനെ തള്ളിയിട്ടു എന്നൊക്കെ പറയും."

അല്ലാഹുവിന്റെ കഴിവ് ശൈത്വാന് വകവെച്ചുകൊടുക്കുന്നതിനെക്കാൾ അവനെ സന്തോഷിപ്പിക്കുന്ന മറ്റു കാര്യങ്ങളുണ്ടാകുമോ?

ഈ വാദം കൊണ്ട് കുറെ ആളുകൾ ശിർക്കിലാകുന്നു. അത്തരം ആളുകളെ രക്ഷപ്പെടുത്തുക എന്നത് നമ്മുടെ ലക്ഷ്യമാണ്. ഇതിന്റെ മറ്റൊരപകടമാണ് നിരവധി ഹദീസുകൾ തള്ളേണ്ടിവരും എന്നത്. ഒരു കൂട്ടരെ കുറിച്ച് ഇവിടെ പരാമർശിച്ചല്ലോ, അവർക്ക് മലക്കുകൾ സഹായിച്ചുവെന്ന് വിശ്വസിക്കാൻ സാധിക്കില്ല. കാരണം അവരുടെ വീക്ഷണത്തിൽ അത് ശിർക്കാണ്. മറ്റൊരു കൂട്ടർ നേർക്കുനേരെ തള്ളാൻ കഴിയാതെ വളഞ്ഞരൂപത്തിൽ തള്ളാൻ ശ്രമിക്കുന്നു. ഇതൊക്കെ സംഭവിക്കുന്നത് തൗഹീദിൽ വന്ന ഗുരുതരമായ വീഴ്ചകൊണ്ടാണ്. നിലവിൽ പൂർവികരെവരെ തള്ളുന്നിടത്തേക്ക് കാര്യങ്ങളെത്തി. കാരണം പൂർവികരുടെ പിന്തുണ ഇവർക്ക് കിട്ടുകയില്ല. പൂർവികരെ ഉദ്ധരിക്കുമ്പോൾ അതൊന്നും ഞങ്ങളോട് പറയേണ്ട എന്ന നിലപാടാണ് ഇക്കൂട്ടർക്ക്. ഞങ്ങൾ പറഞ്ഞത് മാത്രം കേട്ടാൽ മതി എന്ന നിലപാട്. നമ്മെ സംബന്ധിച്ചിടത്തോളം ഖുർആനും സുന്നത്തും പൂർവികരായ പണ്ഡിതന്മാർ വിശദീകരിച്ചത് എങ്ങനെയൊക്കെയാണോ അവിടെ നിൽക്കലാണ്. ആ വിഷയങ്ങളൊക്കെയും നാം പഠിക്കണം. നന്നായി അത്തരം കാര്യങ്ങൾ ശ്രദ്ധിക്കണം .

പി.ഒ. ഉമർ ഫാറൂഖ്, തിരൂരങ്ങാടി
: 81298 00300



### ഇ.കെ. മൗലവി; മുസ്‌ലിം കേരളത്തിന് ദിശാബോധം നൽകിയ നവോത്ഥാന നായകൻ 36

# തൗഹീദിന്റെ സന്ദേശം വിളംബരം ചെയ്യുന്ന കേന്ദ്രം

**ഒരു അനാഥാലയം എന്നതിലുപരി തിരൂരങ്ങാടി യതീംഖാന തൗഹീദിന്റെ സന്ദേശം വിളംബരം ചെയ്യുന്ന ഒരു മഹത്തായ കേന്ദ്രമായി ഇതിനകം മാറിക്കഴിഞ്ഞിരുന്നു. അനാഥ മക്കൾക്ക് മതാധ്യാപനങ്ങളിൽ പരിശീലനം നൽകുന്നതിന് നൂറുൽ ഇസ്‌ലാം മദ്റസയിൽ കേരളത്തിന്റെ നാനാദിക്കുകളിൽനിന്നും പ്രഗത്ഭരായ ഇസ്‌്വലാഹീ പണ്ഡിതന്മാർ വന്നുചേർന്നു. യതീംഖാനയുടെ നടത്തിപ്പിന് നേതൃത്വം നൽകിയ ഇ.കെ. മൗലവി, മദ്റസയുടെ അധികം ദൂരത്തെല്ലാതെ താമസിച്ചിരുന്ന യതീംഖാനയുടെ സ്ഥാപക നേതാവ് കെ.എം. മൗലവി എന്നിവർക്കു പുറമെ, പണ്ഡിത ശ്രേഷ്ഠരെല്ലാം മിക്ക ദിവസങ്ങളിലും നൂറുൽ ഇസ്‌ലാമിന്റെ വരാന്തയിൽ ഒത്തുചേർന്നു**

മതപ്രബോധനത്തോടൊപ്പം അനാഥസംരക്ഷണം എന്ന ബാധ്യത സമുദായം ഏറ്റെടുക്കേണ്ടതാണെന്ന ആഹ്വാനവും അദ്ദേഹം അൽഇത്തിഹാദിലൂടെ പലപ്പോഴും സമുദായത്തിന് നൽകി. പൊതുജന പങ്കാളിത്തത്തോടുകൂടി തിരൂരങ്ങാടി യതീംഖാനയെ ഒരു ഉന്നതസ്ഥാപനമാക്കി വളർത്തുന്നതിൽ അടിത്തറപാകിയ മഹാൻ എന്ന നിലയിൽ ഇ.കെ.മൗലവിയുടെ സേവനങ്ങൾ വിസ്മരിക്കാവതല്ല.

1956ൽ ‘അൽഇത്തിഹാദ്’ അറബിമലയാളം മാസിക നിലച്ചതിനുശേഷം ‘അൽമുർശിദ്’ എന്ന പേരിൽ ഒരു മലയാളം മാസിക ഇ.കെ മൗലവിയുടെ പത്രാധിപത്യത്തിൽ തിരൂരങ്ങാടിയിൽനിന്നും പുറത്തിറങ്ങിയിരുന്നു. നൂറുൽ ഇസ്‌ലാം മദ്റസക്കു സമീപമുള്ള കെട്ടിടത്തിലായിരുന്നു അൽമുർശിദിന്റെ ഓഫീസ്. ഈ മാസികയിലും യതീമിന്റെ സംരക്ഷണത്തെക്കുറിച്ചും യതീംഖാനയുടെ പ്രവർത്തനങ്ങളെക്കുറിച്ചും വിശദമാക്കുന്ന ലേഖനങ്ങൾ അദ്ദേഹം ഉൾക്കൊള്ളിച്ചിരുന്നു.



യതീംഖാനയുടെ സേവനങ്ങൾ പരക്കെ അംഗീകരിക്കപ്പെടുകയും ആ സ്ഥാപനത്തെ സമുദായം ഏറ്റെടുക്കുകയും ചെയ്തതോടുകൂടി ഇസ്സത്തുൽ ഇസ്‌ലാം സംഘവും മുസ്‌ലിം ഓർഫനേജ് കമ്മിറ്റിയും രണ്ടു സംഘങ്ങളായി പ്രവർത്തിക്കേണ്ടതില്ല എന്ന നിലപാട് നേതാക്കൾക്കുണ്ടായി. ഇസ്സത്തുൽ ഇസ്‌ലാം സംഘത്തിനു വന്നുചേർന്ന കടബാധ്യത അതിന് ഒരു നിമിത്തമാവുകയായിരുന്നു. രണ്ടു വ്യാഴവട്ടക്കാലം തിരൂരങ്ങാടിയിലെ മതപരവും സാമൂഹികവുമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന ഇസ്സത്തുൽ ഇസ്‌ലാം സംഘം അതിന്റെ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും 1964ൽ ചേർന്ന ജനറൽ ബോഡിയോഗം സംഘത്തിന്റെ എല്ലാ സ്വത്തുക്കളും മേൽനോട്ടവും തിരൂരങ്ങാടി മുസ്‌ലിം ഓർഫനേജ് കമ്മിറ്റിക്ക് വിട്ടുകൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. അതോടെ മദ്റസ യതീംഖാനയുടെ അനുബന്ധ സ്ഥാപനമായി മാറുകയായിരുന്നു.

യതീംഖാനയുടെ സ്ഥാപനത്തിനുവേണ്ടി മുൻകൈയെടുക്കുകയും അതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്ത ഇ.കെ. മൗലവി പിന്നീട് യതീംഖാനയുടെ മാനേജർ പദവി കൈകാര്യം ചെയ്തു. ഈ പദവിയിലിരുന്നുകൊണ്ട് അദ്ദേഹം യതീംഖാനയുടെ മുന്നേറ്റത്തിനുവേണ്ടി പ്രവർത്തിക്കുകയും നൂറുൽ ഇസ്‌ലാം മദ്റസയിലൂടെ കുട്ടികൾക്ക് മതപരമായ മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു.

ഒരു അനാഥാലയം എന്നതിലുപരി തിരൂരങ്ങാടി യതീംഖാന തൗഹീദിന്റെ സന്ദേശം വിളംബരം ചെയ്യുന്ന ഒരു മഹത്തായ കേന്ദ്രമായി ഇതിനകം മാറിക്കഴിഞ്ഞിരുന്നു. അനാഥ മക്കൾക്ക് മതാധ്യാപനങ്ങളിൽ പരിശീലനം നൽകുന്നതിന് നൂറുൽ ഇസ്‌ലാം മദ്റസയിൽ കേരളത്തിന്റെ നാനാദിക്കുകളിൽനിന്നും പ്രഗത്ഭരായ ഇസ്വ്‌ലാഹീ പണ്ഡിതന്മാർ വന്നുചേർന്നു. യതീംഖാനയുടെ നടത്തിപ്പിന് നേതൃത്വം നൽകിയ ഇ.കെ. മൗലവി, മദ്റസയുടെ അധികം ദൂരത്തല്ലാതെ താമസിച്ചിരുന്ന യതീംഖാനയുടെ സ്ഥാപക നേതാവ് കെ.എം. മൗലവി എന്നിവർക്കുപുറമെ, അധ്യാപകരായി സേവനം ചെയ്തിരുന്ന കെ.കെ.എം. ജമാലുദ്ദീൻ മൗലവി, പറപ്പൂർ അബ്ദുറഹ്മാൻ മൗലവി, എം.സി.സി.അബ്ദുറഹ്മാൻ മൗലവി, എം.സി.സി. ഹസൻ മൗലവി, കെ.ഉമർ മൗലവി, പി.വി.മുഹമ്മദ് മൗലവി, പി.എൻ. മുഹമ്മദ് മൗലവി, പി.പി. ഉബൈദുല്ല മൗലവി, ഫലഖി മുഹമ്മദ് മൗലവി, എൻ.വി. അബ്ദുസ്സലാം മൗലവി, എ.കെ.അബ്ദുൽ ലത്വീഫ് മൗലവി, ആനമങ്ങാട് മൊയ്തീൻ കുട്ടി മൗലവി, കൊടുവള്ളി മുഹമ്മദ് മൗലവി, താനാളൂർ കുഞ്ഞിമുഹമ്മദ് മൗലവി, പറവണ്ണ ഇസ്ഹാഖ് മൗലവി, സഅദുദ്ദീൻ മൗലവി തുടങ്ങിയ പണ്ഡിത ശ്രേഷ്ഠരെല്ലാം മിക്ക ദിവസങ്ങളിലും നൂറുൽ ഇസ്‌ലാമിന്റെ വരാന്തയിൽ ഒത്തുചേർന്നു. ഇസ്വ്‌ലാഹീ പണ്ഡിത കേരളത്തിന്റെ ഒരു പരിച്ഛേദമായി മാറി ആ സംഗമങ്ങൾ. ആദർശ പ്രബോധനത്തിനുവേണ്ടിയുള്ള വൈവിധ്യമാർന്ന പ്രവർത്തന പദ്ധതികൾ അവിടെവച്ച് ആസൂത്രണം ചെയ്യപ്പെട്ടു. എവിടെയെല്ലാം മതപ്രസംഗങ്ങൾ സംഘടിപ്പിക്കണം, യാഥാസ്ഥിതിക വിഭാഗങ്ങൾ നടത്തിയ വഅളുകൾക്ക് മറുപടി പറയേണ്ടതെവിടെയെല്ലാം, വാദപ്രതിവാദങ്ങളിൽ സ്വീകരിക്കേണ്ട സമീപനങ്ങൾ എന്തെല്ലാം, അടുത്ത വെള്ളിയാഴ്ച ജുമുഅ ഖുത്വുബക്ക് ഏതെല്ലാം പള്ളികളിൽ ആരൊക്കെ പോകണം, നാട്ടിൽ നടക്കുന്ന നികാഹുകളിൽ ഖുതുബകൾ നിർവഹിക്കേണ്ടത് ആരെല്ലാം... തുടങ്ങിയ സുപ്രധാന കാര്യങ്ങളെല്ലാം ചർച്ച ചെയ്തു തീരുമാനിക്കുന്ന വേദിയായി ആ സംഗമങ്ങൾ മാറി. മതവിഷയങ്ങളിൽ ഗഹനമായ പണ്ഡിത ചർച്ചകളും സംഭാഷണങ്ങളും അവിടെ അരങ്ങേറി. അത്തരം സൗഹൃദ ചർച്ചകളെക്കുറിച്ച് കെ.കെ.എം. ജമാ

ലുദ്ദീൻ മൗലവി എഴുതിയ ഒരു അനുഭവക്കുറിപ്പ് കാണുക:

"ഒരു മഗ്‌രിബ് നമസ്കാരത്തിന് ശേഷം നൂറുൽ ഇസ്‌ലാം മദ്‌റസയിലിരുന്നു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഞാനും അദ്ദേഹവുമായി (കെ.എം. മൗലവി) ഒരു വിഷയത്തിൽ അഭിപ്രായവ്യത്യാസം വന്നുവശായി. മൗലാനയുടെ അഭിപ്രായം ശരിവെച്ചുകൊടുക്കാൻ എന്റെ മനഃസാക്ഷി അനുവദിച്ചില്ല. വിനയത്തോടു കൂടിയാണെങ്കിലും എന്റെ എതിർപ്പ് തുടരുകതന്നെ ചെയ്തു. അവിടത്തേക്ക് ദേഷ്യം പിടിച്ചു. തന്റെ വടിയെടുത്തു 'തല്ലും ഞാൻ നിങ്ങളെ' എന്ന് ശബ്ദിച്ചു. 'തല്ലിയാൽ ഞാൻ കൊണ്ടുകൊള്ളാം. ഇവിടന്നു ആ പറഞ്ഞത് സമ്മതിച്ചുതരില്ല' എന്ന എന്റെ മറുപടിക്കുശേഷം ഇ.കെ. മൗലവി സാഹിബും ഇടപെട്ടു എന്നെ അനുകൂലിക്കാൻ തുടങ്ങി. അപ്പോഴേക്കും ഇശാ നമസ്കാരത്തിന്റെ ബാങ്കുകേട്ടു. സംസാരം നിലച്ചു. മൗലാനയുടെ ഏതു കാര്യവും-തനിക്ക് ഏറ്റവും ആനന്ദം കൊടുക്കുന്ന ഗ്രന്ഥപാരായണം പോലും-ബാങ്കു കേട്ടാൽ പിന്നെ തുടർന്നുപോകാറില്ല.

പിറ്റേന്നാൾ രാവിലെ അദ്ദേഹം എന്നെ വന്നു വിളിച്ചു: 'ഇന്നലെ നിങ്ങൾ പറഞ്ഞതാണ് ഹഖ്. എന്റെ ഖൽബിൽ പിന്നീടതോർമ വന്നു. ഇവിടുന്നു തെറ്റിദ്ധരിച്ചിട്ടുണ്ടെന്ന് എനിക്ക് തോന്നിയതുകൊണ്ടാണ് ഞാൻ തീരെ സമ്മതിക്കാഞ്ഞത്. ഞാൻ തല്ലും എന്നു പറഞ്ഞത് എന്റെ പക്കൽ വന്ന ഖത്അ് ആണ്. അതു പൊരുത്തപ്പെടണം.'

'തല്ലിയാൽ തന്നെയും ഇവിടുന്നത് എന്നെക്കൊണ്ടു പൊരുത്തപ്പെടീക്കേണ്ടതില്ല. മേലിൽ തല്ലുന്നതിനും എനിക്ക് സന്തോഷക്കുറവുണ്ടാകയില്ല. പക്ഷേ, എനിക്ക് സങ്കടകരമായ ഒന്ന് ഇവിടന്ന്



പണ്ഡിതരെയെല്ലാം ആദരിച്ചും സ്നേഹിച്ചും സഹായിച്ചും ഒരു മഹാമനുഷ്യൻ തിരൂരങ്ങാടിയിലുണ്ടായിരുന്നു എന്നത് അനാഥ സംരക്ഷണത്തിലെന്നപോലെ പ്രബോധനമേഖലക്കും ഒരു വലിയ മുതൽക്കൂട്ടായിരുന്നു. തൗഹീദിന്റെയും സുന്നത്തിന്റെയും കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനം കൈക്കൊണ്ട എം.കെ.ഹാജി എന്ന ആ സാത്വികൻ പ്രബോധന സംരംഭങ്ങളിലെല്ലാം ഈ പണ്ഡിതർക്ക് താങ്ങും തണലുമായി. തിരുരങ്ങാടിയിലും പരിസര പ്രദേശങ്ങളിലും ഈ പണ്ഡിതരെക്കൊണ്ട് പ്രസംഗിപ്പിക്കുകയും അതിനുള്ള വേദികൾ ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നതിനായി അദ്ദേഹം പരിശ്രമിച്ചു. യാഥാസ്ഥിതികരിൽനിന്നു രൂക്ഷമായ എതിർപ്പുകളുണ്ടാകുകയും കല്ലേറുപോലുള്ള അക്രമങ്ങളുണ്ടാകുകയും ചെയ്തപ്പോഴെല്ലാം അദ്ദേഹം നേരിട്ടു രംഗത്തിറങ്ങുകയും സ്ഥിതി ശാന്തമാക്കുകയും പണ്ഡിതൻമാരുടെ പ്രസംഗം തുടരാൻ അവസരമുണ്ടാക്കുകയും ചെയ്ത സംഭവങ്ങളേറെയാണ്.

ചെയ്തിട്ടുണ്ട്. ഞാൻ പൊരുത്തപ്പെടാത്തത്.'

'അതെന്താണെന്ന് എനിക്കറിയണം' ജിജ്ഞാസയോടെ അദ്ദേഹം പറഞ്ഞു. 'അങ്ങനെ യാതൊന്നും നമ്മുടെയിടയിൽ ഉണ്ടാകരുതല്ലോ. എന്താണത്? പറയണം. പറയാതിരിക്കരുത്.'

'എന്നോട്, പൊരുത്തപ്പെടണം എന്നാവശ്യപ്പെട്ടത് എനിക്ക് തീരെ പറ്റീട്ടില്ല.'

'നിങ്ങളുടെ തമാശ' എന്നുപറഞ്ഞ് പുഞ്ചിരിച്ചുകൊണ്ട് അദ്ദേഹം എന്റെ കൈപ്പലക്കൊന്നു മേടി." (91)

ഇത്തരത്തിൽ ആദർശപങ്കിലമായ സൗഹൃദ സംഭാഷണങ്ങളിലൂടെ പരസ്പരം പങ്കുവെച്ചും തിരുത്തിയും വൈജ്ഞാനിക വിനിമയത്തിന് തിരൂരങ്ങാടി യതീംഖാനയും നൂറുൽ ഇസ്‌ലാം മദ്‌റസയും വേദിയായി.

ഈ പണ്ഡിതരെയെല്ലാം ആദരിച്ചും സ്നേഹിച്ചും സഹായിച്ചും ഒരു മഹാമനുഷ്യൻ തിരൂരങ്ങാടിയിലുണ്ടായിരുന്നു എന്നത് അനാഥ സംരക്ഷണത്തിലെന്നപോലെ പ്രബോധനമേഖലക്കും ഒരു വലിയ മുതൽക്കൂട്ടായിരുന്നു. തൗഹീദിന്റെയും സുന്നത്തിന്റെയും കാര്യത്തിൽ വിട്ടുവീഴ്ചയില്ലാത്ത സമീപനം കൈക്കൊണ്ട എം.കെ.ഹാജി എന്ന ആ സാത്വികൻ പ്രബോധന സംരംഭങ്ങളിലെല്ലാം ഈ

പണ്ഡിതർക്ക് താങ്ങും തണലുമായി. തിരൂരങ്ങാടിയിലും പരിസര പ്രദേശങ്ങളിലും ഈ പണ്ഡിതരെക്കൊണ്ട് പ്രസംഗിപ്പിക്കുകയും അതിനുള്ള വേദികൾ ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നതിനായി അദ്ദേഹം പരിശ്രമിച്ചു. യാഥാസ്ഥിതികരിൽനിന്നു രൂക്ഷമായ എതിർപ്പുകളുണ്ടാകുകയും കല്ലേറുപോലുള്ള അക്രമങ്ങളുണ്ടാകുകയും ചെയ്തപ്പോഴെല്ലാം അദ്ദേഹം നേരിട്ടു രംഗത്തിറങ്ങുകയും സ്ഥിതി ശാന്തമാക്കുകയും പണ്ഡിതൻമാരുടെ പ്രസംഗം തുടരാൻ അവസരമുണ്ടാക്കുകയും ചെയ്ത സംഭവങ്ങളേറെയാണ്.

നൂറുൽ ഇസ്‌ലാം മദ്റസയിൽ രാത്രികാലങ്ങളിൽ ഈ പണ്ഡിതൻമാരുടെ നേതൃത്വത്തിൽ ഖുർആൻ ക്ലാസുകളും മറ്റും നടന്നുവരാറുണ്ട്. ഇതിനെതിരെ രംഗത്തിറങ്ങിയ യാഥാസ്ഥിതിക വിഭാഗത്തെ പ്രതിരോധിക്കാൻ വേണ്ടി നടത്തിയ ശ്രമം അക്കാലത്ത് നൂറുൽ ഇസ്‌ലാമിലെ വിദ്യാർഥിയായിരുന്ന തിരൂരങ്ങാടിയിലെ പി.ഒ.ഹംസ ഉദ്ധരിച്ചത് ഇവിടെ ഒരു ഉദാഹരണമായി കുറിക്കട്ടെ:

"നൂറുൽ ഇസ്‌ലാം മദ്രസയിൽ രാത്രികാലങ്ങളിൽ നടത്തുന്ന ഖുർആൻ ക്ലാസുകളും മറ്റു പഠനപരിപാടികളും വഹാബിസം പഠിപ്പിക്കാനാണെന്ന പരാതിയുമായി ചിലർ മുന്നോട്ടു വന്നു. ഇവരുടെ നേതൃത്വത്തിൽ റഷീദ് മുസ്‌ല്യാർ എന്ന ഒരാൾ കെ.എം.മൗലവിയെയും മറ്റും ആക്ഷേപിച്ചും മദ്രസയെ കുറ്റപ്പെടുത്തിയും വങ്ങള് പറഞ്ഞു. എതിർപ്പു രൂക്ഷമായപ്പോൾ കെ.എം.മൗലവിയുടെയും എം.കെ.ഹാജിയുടെയും നേതൃത്വത്തിൽ ഒരു കമ്മറ്റിയുണ്ടാക്കി പ്രസംഗ പരമ്പരയിലൂടെ മറുപടി പറയാൻ തീരുമാനിച്ചു. നൂറുൽ ഇസ്‌ലാം മദ്രസക്ക് എതിർവശമുള്ള പ്രസ്തുത ചിനക്കൽ പള്ളിയിൽ വെച്ചായിരുന്നു ഈ പ്രസംഗ പരമ്പര. പ്രസംഗ വേളയിൽ മറുപക്ഷത്ത് നിന്ന് അപശബ്ദങ്ങൾ പുറപ്പെടുവിക്കലും കൂകിവിളിക്കലും പതിവായിരുന്നു. കൂടാതെ, മുജാഹിദുകൾക്ക് നേരെ പല പ്രകോപനങ്ങളും ഭീഷണികളും നടന്നു. പ്രസംഗം തടസ്സപ്പെടുത്താൻ ഒരുദിവസം അവർ വരുന്നുണ്ടെന്നു മുജാഹിദുകൾക്ക് വിവരം കിട്ടി. വരുന്നവർ വരട്ടെ, അപ്പോൾ കാണാം എന്ന ഭാവമായിരുന്നു എം.കെ.ഹാജിക്ക്. പ്രസംഗസമയത്ത് കെ.എം.മൗലവി നൂറുൽ ഇസ്‌ലാം മദ്രസയുടെ വരാന്തയിലുള്ള ബെഞ്ചിൽ വന്നിരിക്കും. അവിടെയിരുന്നാൽ പള്ളി പൂമുഖത്ത് നിന്നു പ്രസംഗിക്കുന്ന ആളെ കാണാനും പ്രസംഗം കേൾക്കാനും സൗകര്യമുണ്ട്. അന്നും അങ്ങനെ വന്നിരുന്നു. ക്ഷമ കൈവിടരുതെന്നും ധൈര്യം പാലിക്കണമെന്നും അല്ലാഹു നമ്മുടെ കൂടെയുണ്ടാവുമെന്നും ആശ്വസിപ്പിച്ചു. എം.കെ.ഹാജി സമീപത്തായി ചുറ്റിക്കറങ്ങി നടക്കുന്നു. മുജാഹിദുകൾ മദ്രസയുടെ സമീപത്തും മറുപക്ഷം പള്ളിയുടെ തെക്കുകിഴക്കു നെച്ചിക്കാടുള്ള ഭാഗത്തുമാണ് കേന്ദ്രീകരിച്ചിരുന്നത്. പതിവു പോലെ മഗ്‌രിബ് നമസ്കാരാനന്തരം പ്രസംഗം ആരംഭിച്ചു. മർഹൂം വെട്ടം അബ്ദുള്ള ഹാജിയാണ് അന്ന് പ്രസംഗിച്ചത് എന്നാണ് ഓർമ്മ. ശിർക്കന്മാരെ വെല്ലുവിളിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രസംഗം തുടങ്ങിയിട്ടു കുറച്ചു നേരമായി. പെട്ടെന്നു മറുപക്ഷക്കാരുടെ പിന്നിൽ നിന്ന് ഉച്ചത്തിലുള്ള ഒരു 'കടപൊടാ' ശബ്ദം. അടി തുടങ്ങി എന്നു കരുതി നെച്ചിക്കാട്ടിൽ ഇരുട്ടിൽ അങ്ങുമിങ്ങും കൂടിനിന്നിരുന്ന മറുപക്ഷം വിഭ്രാന്തരായി ഓടാൻ തുടങ്ങി. യഥാർത്ഥത്തിൽ ചരലും പാറയുമുള്ള സമീപത്തെ ചെമ്മണ്ണ് റോഡിലൂടെ ഇരുട്ടിൽ ഒരു കാള വണ്ടി കടന്നുവരുന്ന ശബ്ദമായിരുന്നു അവർ കേട്ടത്. എന്താണ് സംഭവിക്കുന്നത് എന്ന ആശങ്കയിലായിരുന്നു മുജാഹിദുകൾ. മറുപക്ഷത്തെ മിക്കവരും ഓടിപ്പോയതോടെ പരിസരം ശാന്തമായി. മുജാഹിദുകളും അനുഭാവികളും ശാന്തരായി പ്രസംഗം കേൾക്കുന്നത് തുടർന്നു."[92]

ചുരുക്കിപ്പറഞ്ഞാൽ തിരൂരങ്ങാടിയുടെ മത-സാമൂഹിക-രാഷ്ട്രീയ-സാംസ്കാരികലോകം കെട്ടിപ്പടുക്കുന്നതിൽ എം.കെ. ഹാജി സാഹിബിന്റെയും മേൽപറഞ്ഞ ഇസ്‌ലാഹീ പണ്ഡിതൻമാരുടെയും പങ്ക് നിഷേധിക്കാനാവാത്തതാണ്. ഈ പണ്ഡിതൻമാരുടെ കൂട്ടത്തിൽ ഗണനീയമായ സ്ഥാനം ഇ.കെ. മൗലവിക്കുണ്ടായിരുന്നു എന്ന് പറഞ്ഞാൽ അത് തെറ്റാവുകയില്ല. യതീംഖാനയിലെ പൂർവ വിദ്യാർഥിയും മലപ്പുറം ഗവൺമെന്റ് കോളേജ് പ്രിൻസിപ്പലും ഇ.കെ.മൗലവിയുടെ ശിഷ്യനുമായിരുന്ന പ്രൊഫ. അബൂബക്കർ ഇ.കെ.മൗലവിയെക്കുറിച്ച് അനുസ്മരിക്കുന്നത് കാണുക:"തിരൂരങ്ങാടി യതീംഖാനയുടെ മാനേജരായിരിക്കെ സദാ നൂറുൽ ഇസ്‌ലാം മദ്രസയിൽ വന്ന് മേൽനോട്ടം നടത്തുകയും ക്ലാസെടുക്കുകയും ചെയ്യൽ അദ്ദേഹത്തിന്റെ ഒരു പതിവു ചടങ്ങായിരുന്നു. കുട്ടികളുടെ നാനാമുഖമായ പുരോഗതിയിൽ അതിയായ ഉൽക്കർഷേച്ഛുവായിരുന്നു മൗലവി. തിരൂരങ്ങാടി യതീംഖാനയിലെ ഒരു അന്തേവാസി എന്ന നിലയിൽ നൂറുൽ ഇസ്‌ലാമിൽ പഠിക്കുന്ന കാലത്ത് മൗലവിയുടെ ശിഷ്യത്വം സ്വീകരിക്കാൻ എനിക്ക് ഭാഗ്യമുണ്ടായിട്ടുണ്ട്." [93]

*അവലംബം:*

*91. കെ.എം.മൗലവി സ്മരണികയിൽ കെ.കെ.എം.ജമാലുദ്ദീൻ മൗലവിയുടെ ഓർമക്കുറിപ്പ്.*

*92. പി.ഒ.ഹംസ, തിരൂരങ്ങാടി യതീംഖാന പ്ലാറ്റിനം ജൂബിലി സുവനീർ, പേജ് 34,35.*

*93. പ്രൊഫ.അബൂബക്കർ, നൂറുൽ ഇസ്‌ലാം മദ്റസ അറുപതാം വാർഷിക സമ്മേളന സോവനീർ, പേജ് 107.*

അഹ്മദ് അമീൻ



# മതസ്വാതന്ത്ര്യം

ഇഷ്ടപ്പെട്ട മതത്തിൽ വിശ്വസിക്കാനും അതനുസരിച്ചു ജീവിക്കാനും അത് പഠിക്കാനും പ്രചരിപ്പിക്കാനുമുള്ള അവകാശമാണ് മതസ്വാതന്ത്ര്യം. ആരാധനയ്ക്കുള്ള അവകാശം, മതസ്ഥാപനങ്ങൾ ഉണ്ടാക്കാനും സ്ഥാവര-ജംഗമ സ്വത്തുക്കൾ ആർജിക്കാനുമുള്ള അവകാശം എന്നിവക്കൊപ്പം ഒരാളുടെ മതമോ വിശ്വാസങ്ങളോ മാറ്റാനോ ഉപേക്ഷിക്കാനോ ഉള്ള അവകാശം, ഏതെങ്കിലും മതമോ വിശ്വാസമോ പ്രകടിപ്പിക്കാതിരിക്കാനുള്ള അവകാശം എന്നിവയെല്ലാം മതസ്വാതന്ത്ര്യത്തിൽ ഉൾപ്പെടുന്നു. മതസ്വാതന്ത്ര്യത്തെ മിക്ക രാജ്യങ്ങളും മൗലിക മനുഷ്യാവകാശമായി കണക്കാക്കുന്നു.

1993ൽ യുഎന്നിന്റെ മനുഷ്യാവകാശ സമിതി സിവിൽ, രാഷ്ട്രീയ അവകാശങ്ങൾക്കായുള്ള അന്താരാഷ്ട്ര ഉടമ്പടിയുടെ ആർട്ടിക്കിൾ 18ൽ ‘ദൈവശാസ്ത്രപരവും ദൈവശാസ്ത്രപരമല്ലാത്തതും നിരീശ്വരവാദ പരവുമായ വിശ്വാസങ്ങളെയും ഒപ്പം ഒരു മതത്തിലും വിശ്വാസിക്കാതിരിക്കാനുള്ള അവകാശത്തെയും സംരക്ഷിക്കുന്നു’ എന്ന് പ്രഖ്യാപിച്ചു. ‘ഒരു മതം അല്ലെങ്കിൽ വിശ്വാസം സ്വീകരിക്കാനുള്ള സ്വാതന്ത്ര്യം’ എന്നത് ഒരു മതം അല്ലെങ്കിൽ വിശ്വാസം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തോടൊപ്പം ഒരാളുടെ നിലവിലെ മതം അല്ലെങ്കിൽ വിശ്വാസത്തെ മറ്റൊന്നിലേക്ക് മാറ്റിസ്ഥാപിക്കാനുള്ള അവകാശവും നിരീശ്വരവാദ വീക്ഷണങ്ങൾ സ്വീകരിക്കുവാനുള്ള അവകാശവും ഉൾപ്പെടുന്നുവെന്ന് വ്യക്തമാക്കി.

ആധുനിക ഇന്ത്യയിൽ മതസ്വാതന്ത്ര്യം എന്നത് രാജ്യത്തിന്റെ ഭരണഘടനയുടെ മൂന്നാം ഭാഗം 25ാം അനുഛേദപ്രകാരം ഓരോ പൗരന്റെയും മൗലികാവകാശമായി അംഗീകരിച്ച ഒന്നാണ്. അതനുസരിച്ച്, ഇന്ത്യയിലെ ഓരോ പൗരനും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കാനും അവകാശമുണ്ട്.

*അനുച്ഛേദം 25: മതം പ്രചരിപ്പിക്കുന്നതിനും, പഠിപ്പിക്കുന്നതിനും, മതാചാരങ്ങൾ പാലിക്കാനുമുള്ള സ്വാതന്ത്ര്യം.*

1) ക്രമസമാധാനം, ധാർമികത, പൊതുആരോഗ്യം, ഈ വകുപ്പിലെ മറ്റു പരാമർശങ്ങൾ എന്നിവ കാത്തുസൂക്ഷിച്ചുകൊണ്ട് ഏല്ലാവർക്കും ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കാനും ആശയങ്ങൾ പ്രചരിപ്പിക്കാനും അവകാശമുണ്ട്.

2) a. ഈ വകുപ്പ് മതപരമായ അനുഷ്ഠാനങ്ങളോടനുബന്ധിച്ച സാമ്പത്തികമോ സാമൂഹികമോ രാഷ്ട്രീയമോ മതേതരമായ മറ്റെന്തെങ്കിലോ കാര്യങ്ങളെ നിയന്ത്രിക്കുന്നതിനോ തടയുന്നതിനോ വേണ്ടിയിട്ടു ള്ളതോ,

b. സാമൂഹിക ഉന്നമനത്തിനു വേണ്ടിയോ പൊതുസ്വഭാവമുള്ള ഹിന്ദുസ്ഥാപനങ്ങൾ ഹിന്ദുമതത്തിലെ എല്ലാവിഭാഗങ്ങൾക്കുമായി തുറന്നുകൊടുക്കുന്നതിനു വേണ്ടിയിട്ടുള്ളതോ ആയ ഏതെങ്കിലും നിയമനിർമാണത്തെ തടസ്സപ്പെടുത്തുന്നില്ല.

വിശദീകരണം 1: കൃപാൺ ധരിക്കുന്നത് സിഖ് മതവിശ്വാസത്തിന്റെ ഭാഗമായി കരുതപ്പെടുന്നു.

വിശദീകരണം 2: 2(b) യിലെ ഹിന്ദുമതത്തെക്കുറിച്ചുള്ള പരാമർശം ബുദ്ധ, ജൈന, സിഖ് മതങ്ങൾക്കും ബാധകമാണ്.

എന്നാൽ സമകാലീന സാഹചര്യങ്ങളിൽ ഇന്ത്യയിൽ മനുഷ്യാവകാശങ്ങളും മതസ്വാതന്ത്ര്യവും സ്വതന്ത്രമാധ്യമ പ്രവർത്തനങ്ങളുമെല്ലാം നിഷേധിക്കപ്പെടുന്നതായി അഭിപ്രായങ്ങൾ ഉയർന്നിട്ടുണ്ട്. ഈ വിഷയത്തിൽ അമേരിക്കയുടെ അന്താരാഷ്ട്ര മതസ്വാതന്ത്ര്യ കമ്മീഷൻ (യുഎസ്സിഐആർഎഫ്) റിപ്പോർട്ട് പുറത്തു വന്നിരുന്നു. റിപ്പോർട്ട് പ്രസിദ്ധീകരിച്ചതിന് ശേഷം അന്താരാഷ്ട്ര മതസ്വാതന്ത്ര്യത്തിനായുള്ള അംബാസഡർ സാമുവൽ ബ്രൗൺ ബാക്ക് ഇന്ത്യയിലെ മതസ്വാതന്ത്ര്യത്തിൽ ആശങ്ക പ്രകടിപ്പിച്ചിരുന്നു.

വിവ. അബ്ദുൽ ജബ്ബാർ മദീനി



# മയ്യിത്ത് സംസ്കരണ നിയമങ്ങൾ

'ജനാസ' എന്നതിന്റെ ബഹുവചനമാണ് 'ജനാഇസ്.' 'ജനാസ' എന്നും 'ജിനാസ' എന്നും ഉച്ചാരണമുണ്ട്. രണ്ടിനും ഒരേ അർഥമാണ്. മരണത്തെയും ഭൗതികലോകത്തെ തന്റെ ഒടുക്കത്തെയും ഓർക്കൽ മനുഷ്യന് അനിവാര്യമാണ്. സൽപ്രവൃത്തികൊണ്ടും പരലോകത്തേക്കുള്ള വിഭവമൊരുക്കിക്കൊണ്ടും തെറ്റുകളിൽനിന്നു പശ്ചാത്തപിച്ചുകൊണ്ടും അന്യായങ്ങൾ കയ്യൊഴിച്ചുകൊണ്ടും അതിനായി ഒരുങ്ങേണ്ടതുണ്ട്.

രോഗിയെ സന്ദർശിക്കലും തൗബയും വസ്വിയ്യത്തും ഓർമിപ്പിക്കലും സുന്നത്താകുന്നു. രോഗി മരണാസന്നനായാൽ അവനു 'ലാഇലാഹ ഇല്ലല്ലാഹ്' ചൊല്ലിക്കൊടുക്കലും ക്വിബ്‌ലയിലേക്കു തിരിച്ചുകിടത്തലും സുന്നത്താകുന്നു. മരണപ്പെട്ടാൽ കണ്ണുചിമ്മിക്കൊടുക്കലും ജനാസ മറമാടൽ വേഗത്തിലാക്കലും സുന്നത്താണ്.

### മയ്യിത്ത് കുളിപ്പിക്കൽ; വിധിയും രീതിയും

*1. കുളിപ്പിക്കുന്നതിന്റെ വിധി:* മയ്യിത്തു കുളിപ്പിക്കൽ നിർബന്ധമാകുന്നു. കാരണം തിരുനബി(സ്വ) അതിനു കൽപിച്ചിട്ടുണ്ട്. ഇഹ്‌റാമിലായിരിക്കെ ഒട്ടകം തള്ളിയിടുകയും കഴുത്തൊടിഞ്ഞു മരിക്കുകയും ചെയ്ത വ്യക്തിയുടെ വിഷയത്തിൽ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "അദ്ദേഹത്തെ നിങ്ങൾ വെള്ളം കൊണ്ടും എലന്തമരത്തിന്റെ ഇലകൊണ്ടും കുളിപ്പിക്കുക."

തിരുനബി(സ്വ) തന്റെ പുത്രി സയ്നബി(റ)ന്റെ വിഷയത്തിൽ പറഞ്ഞു: "നിങ്ങൾ അവരെ മൂന്നോ അഞ്ചോ ഏഴോ തവണ കുളിപ്പിക്കുക." മയ്യിത്തു കുളിപ്പിക്കൽ സാമൂഹ്യബാധ്യതയാണെന്നതിൽ പണ്ഡിതന്മാർക്ക് ഏകാഭിപ്രായമുണ്ട്.

*2. കുളിപ്പിക്കുന്നതിന്റെ രൂപം:* മരണപ്പെട്ടവരെ കുളിപ്പിക്കുവാൻ വിശ്വസ്തതയുള്ള, ദീനീനിഷ്ഠയുള്ള, കുളിപ്പിക്കുന്നതിന്റെ വിധികളറിയുന്ന ആളുകളെ തെരഞ്ഞെടുക്കൽ അനിവാര്യമാണ്.. കുളിപ്പിക്കുവാൻ മയ്യിത്തു വസ്വിയ്യത്തു ചെയ്ത വ്യക്തി മുന്തിപ്പിക്കപ്പെടണം. പിന്നീട് മയ്യിത്തിന്റെ പിതാവ്, പ്രപിതാവ്, പുത്രൻ, തുടങ്ങി മയ്യിത്തിനോട് ഏറ്റവും അടുത്തവർ മുന്തിപ്പിക്കപ്പെടണം. കുളിപ്പിക്കുന്നതിന്റെ വിധി അറിയുന്നവരാണെങ്കിലാണ് ഇവർ മുന്തിപ്പിക്കപ്പെടേണ്ടത്. അവർക്ക് അതറിയില്ലെങ്കിൽ അറിയുന്നവർ മുന്തിക്കപ്പെടണം. പുരുഷനെ പുരുഷന്മാരും സ്ത്രീയെ സ്ത്രീകളും കുളിപ്പിക്കണം. ഭാര്യാഭർത്താക്കന്മാരിൽ ഭാര്യയെ ഭർത്താവിനും ഭർത്താവിനെ ഭാര്യക്കും കുളിപ്പിക്കാവുന്നതാണ്. എഴു വയസ്സിനു താഴെയുള്ള കുട്ടികളെ പുരുഷന്മാർക്കും സ്ത്രീകൾക്കും കുളിപ്പിക്കാവുന്നതാണ്. കാഫിറിനെ കുളിപ്പിക്കലും കഫൻ ചെയ്യലും അവന്റെ ജനാസ വഹിക്കലും അവനു മയ്യിത്തു നമസ്കരിക്കലും മുസ്‌ലിമായ ആണിനോ പെണ്ണിനോ അനുവദനീയമല്ല; മാതാവ്, പിതാവ് പോലെ ഏറ്റവും അടുത്തബന്ധമുള്ളവരായാലും ശരി.

മയ്യിത്തിനെ കുളിപ്പിക്കുന്ന വെള്ളം ത്വഹൂറും (സ്വയം ശുദ്ധവും മറ്റൊന്നിനെ ശുദ്ധിയാക്കുവാൻ കഴിവുള്ളത്) അനുവദനീയവുമായിരിക്കലും കുളിപ്പിക്കൽ മറക്കപ്പെട്ട സ്ഥലത്തുവച്ചായിരിക്കലും നിബന്ധനയാണ്.

*കുളിപ്പിക്കുന്ന രീതി:* കുളിപ്പിക്കുവാനുള്ള കട്ടിലിൽ മയ്യിത്തിനെ വയ്ക്കുക. ഔറത്ത് മറക്കുകയും വസ്ത്രങ്ങളഴിക്കുകയും ചെയ്യുക. ഒരു റൂമിലോ മറ്റോവച്ചു ജനദൃഷ്ടിയിൽനിന്നു മറക്കുക. ശേഷം കുളിപ്പിക്കുന്നവൻ മയ്യിത്തിന്റെ തല അതിനെ ഇരുത്തുവാനെന്നോണം ഉയർത്തുക. ശേഷം തന്റെ കൈ മയ്യിത്തിന്റെ വയറ്റിന്മേൽ നടത്തുകയും അമർത്തി തടവുകയും മലവും മൂത്രവും പുറത്തുവരുന്ന സ്ഥലങ്ങൾ വൃത്തിയാക്കുകയും ചെയ്യുക. തന്റെ കയ്യിൽ ഒരു ശീല ചുറ്റി വിസർജ്യങ്ങൾ പുറത്തുവരുന്നേടത്തുനിന്ന് നജസു കഴുകി മയ്യിത്തിനു മലമൂത്ര ശുചീകരണം വരുത്തുക.

ശേഷം കുളിപ്പിക്കുന്നതു നിയ്യത്തു ചെയ്ത് ബിസ്മി ചൊല്ലി നമസ്കാരത്തിനു വുദൂഅ് ചെയ്യുന്നതു പോലെ മയ്യിത്തിന് വുദൂഅ് ചെയ്യുക. എന്നാൽ വായിൽവെള്ളം കൊപ്ളിക്കലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും വേണ്ട; വായക്കും മൂക്കിനും മീതെ തടവിയാൽ മതിയാവും. പിന്നീടു മയ്യിത്തിന്റെ തലയും താടിയും എലന്തമരത്തിന്റെ ഇലയോ സോപ്പോ മറ്റോ ഉപയോഗിച്ചു കഴുകുക. പിന്നീടു വലതുഭാഗവും തുടർന്നു ഇടതുഭാഗവും കഴുകുക. അതിൽ പിന്നെ ശേഷിക്കുന്ന ശരീരഭാഗം കഴുകുക. കുളിപ്പിക്കുമ്പോൾ തന്റെ കയ്യിൽ ഒരു ശീല ചുറ്റൽ സുന്നത്താണ്. ഒരു കുളികൊണ്ട് വൃത്തിയായാൽ അതു മതിയാകും; ഒരു തവണ കുളിപ്പിക്കലാണു നിർബന്ധമായത്. വൃത്തിയായിട്ടുണ്ടെങ്കിലും മൂന്നുതവണ കുളിപ്പിക്കൽ സുന്നത്താകുന്നു. അവസാനത്തെ കുളിപ്പിക്കലിൽ വെള്ളത്തിൽ കർപ്പൂരം ചേർക്കൽ സുന്നത്താകുന്നു. ശേഷം മയ്യിത്തിനെ തോർത്തുക. സ്ത്രീകളുടെ മുടി മുടയുകയും പിന്നിലേക്കു തൂക്കിയിടുകയും ചെയ്യുക.

വെള്ളം ലഭിക്കാത്തതിനാലോ കത്തിക്കരിഞ്ഞതിനാലോ മൃതശരീരം മുറിഞ്ഞതായതിനാലോ മയ്യിത്തു കുളിപ്പിക്കൽ പ്രയാസകരമായാൽ മണ്ണുകൊണ്ടു മയ്യിത്തിനു തയമ്മും ചെയ്തുകൊടുക്കണം. കുളിപ്പിക്കുന്ന വൻ മയ്യിത്തിനെ കുളിപ്പിച്ചതിനുശേഷം കുളിക്കൽ സുന്നത്താണ്.

## ആരാണ് മയ്യിത്തു കുളിപ്പിക്കേണ്ടത്?

കുളിപ്പിക്കുന്നതിന്റെ നബിചര്യകളറിയുന്നവരും വിശ്വസ്തരും ദീനീനിഷ്ഠയുള്ളവരുമാണ് മയ്യിത്തു കുളിപ്പിക്കലേറ്റെടുക്കുന്നതിന് ഏറ്റവം ഉത്തമർ; വിശിഷ്യാ അവർ മയ്യിത്തിന്റെ കുടുംബക്കാരും അടുത്തബ ന്ധുക്കളുമായാൽ. കാരണം തിരുനബി(സ്വ) യുടെ ജനാസ കുളിപ്പിക്കുന്നതേറ്റെടുത്തത് അലി(റ)യെ പോലു

> കുളിപ്പിക്കുന്നതിന്റെ നബിചര്യകളറിയുന്നവരും വിശ്വസ്തരും ദീനീനിഷ്ഠയുള്ളവരുമാണ് മയ്യിത്തു കുളിപ്പിക്കലേറ്റെടുക്കുന്നതിന് ഏറ്റവം ഉത്തമർ; വിശിഷ്യാ അവർ മയ്യിത്തിന്റെ കുടുംബക്കാരും അടുത്ത ബന്ധുക്കളുമായാൽ. കാരണം തിരുനബി(സ്വ)യുടെ ജനാസ കുളിപ്പിക്കുന്നതേറ്റെടുത്തത് അലി(റ)യെ പോലുള്ള തിരുമേനി(സ്വ)യുടെ കുടുംബക്കാരായിരുന്നു. ജനങ്ങളിൽ കുളിപ്പിക്കുവാൻ മയ്യിത്തു വസ്വിയ്യത്തു ചെയ്ത വ്യക്തിയാണ് ഏറ്റവുമർഹൻ. പിന്നീട് മയ്യിത്തിന്റെ പിതാവ്, പ്രപിതാവ്, പുത്രൻ, തുടങ്ങി മയ്യിത്തിന്റെ അസ്വബയിൽ (ശിഷ്ടാവകാശികൾ) പെട്ടവരും ശേഷം ദവുൽഅർഹാമുമാണ് (ശിഷ്ടാവകാശി കളും അംശാവകാശികളുമല്ലാത്ത വിദൂര ബന്ധുക്കൾ) പുരുഷന്മാരെ കുളിപ്പിക്കൽ പുരുഷന്മാർ ഏറ്റെടുക്കലും സ്ത്രീകളെ കുളിപ്പിക്കൽ സ്ത്രീകൾ ഏറ്റെടുക്കലും നിർബന്ധമാണ്. ദമ്പതികൾ ഇതിൽനിന്ന് ഒഴിവാക്കപ്പെടും. കാരണം അവരിലോരോരുത്തർക്കും തന്റെ ഇണയെ കുളിപ്പിക്കാവുന്നതാണ്.

ള്ള തിരുമേനി(സ്വ)യുടെ കുടുംബക്കാരായിരുന്നു. ജനങ്ങളിൽ കുളിപ്പിക്കുവാൻ മയ്യിത്തു വസിയ്യത്തു ചെയ്ത വ്യക്തിയാണ് ഏറ്റവുമർഹൻ. പിന്നീട് മയ്യിത്തിന്റെ പിതാവ്, പ്രപിതാവ്, പുത്രൻ, തുടങ്ങി മയ്യിത്തിന്റെ അസ്വബയിൽ (ശിഷ്ടാവകാശികൾ) പെട്ടവരും ശേഷം ദവുൽഅർഹാമുമാണ് (ശിഷ്ടാവകാശി കളും അംശാവകാശി കളുമല്ലാത്ത വിദൂര ബന്ധുക്കൾ).

പുരുഷന്മാരെ കുളിപ്പിക്കൽ പുരുഷന്മാർ ഏറ്റെടുക്കലും സ്ത്രീകളെ കുളിപ്പിക്കൽ സ്ത്രീകൾ ഏറ്റെടുക്കലും നിർബന്ധമാണ്. ദമ്പതികൾ ഇതിൽനിന്ന് ഒഴിവാക്കപ്പെടും. കാരണം അവരിലോരോരുത്തർക്കും തന്റെ ഇണയെ കുളിപ്പിക്കാവുന്നതാണ്.

തിരുനബി(സ്വ) ആഇശ(റ)യോടു പറഞ്ഞു: "എന്റെ മുമ്പു നിങ്ങൾ മരണപ്പെട്ടാൽ ഞാൻ നിങ്ങളെ കുളിപ്പിക്കുകയും കഫൻ ചെയ്യുകയും ചെയ്യും."

അസ്മാഅ് ബിൻത് ഉമയ്സ്(റ) അവരുടെ ഭർത്താവായ അബൂബക്ർ സ്വിദ്ദീഖി(റ)നെ കുളിപ്പിച്ചു. അടർക്കളത്തിൽ ശഹീദായ വ്യക്തി കുളിപ്പിക്കപ്പെടുകയില്ല. കാരണം, ഉഹുദിൽ വധിക്കപ്പെട്ടവരെ അവരുടെ വസ്ത്രങ്ങളിൽ മറമാടുവാൻ തിരുനബി(സ്വ) കൽപിച്ചു. അവർ കുളിപ്പിക്കപ്പെടുകയോ അവരുടെ ജനാസ നമസ്കരിക്കപ്പെടുകയോ ചെയ്തിട്ടില്ല. ഇപ്രകാരം ശഹീദ് കഫൻ ചെയ്യപ്പെടുകയോ ശഹീദിനു ജനാസ നമസ്കരിക്കപ്പെടുകയോ ഇല്ല; പ്രത്യുത മുകളിൽ പറഞ്ഞ ഹദീസിലുള്ളതുപോലെ തന്റെ വസ്ത്രത്തിൽ മറമാടപ്പെടുകയാണു വേണ്ടത്.

ഗർഭകാലം തികയുന്നതിനു മുമ്പ് പ്രസവിക്കപ്പെടുന്ന കുഞ്ഞ് (സിക്ത് അഥവാ ചാപ്പിള്ള) ആണായാലും പെണ്ണായാലും നാലു മാസം തികഞ്ഞതാണെങ്കിൽ കുളിപ്പിക്കപ്പെടുകയും കഫൻ ചെയ്യപ്പെടുകയും നമസ്കരിക്കപ്പെടുകയും മറമാടപ്പെടുകയും വേണം.

### കഫൻ ചെയ്യുന്നതിന്റെ വിധിയും രൂപവും

മയ്യിത്തിനെ കഫൻ ചെയ്യൽ നിർബന്ധമാകുന്നു. ഇഹ്റാമിലായിരിക്കെ ഒട്ടകം തള്ളിയിടുകയും കഴുത്തൊടിഞ്ഞു മരിക്കുകയും ചെയ്ത വ്യക്തിയുടെ വിഷയത്തിൽ അല്ലാഹുവിന്റെ റസൂൽ(സ്വ) പറഞ്ഞു: "അദ്ദേഹത്തെ രണ്ടു വസ്ത്രങ്ങളിൽ നിങ്ങൾ കഫൻചെയ്യുക."

ശരീരം മുഴുവൻ മറയ്ക്കലാണ് നിർബന്ധമായത്. മുഴുവൻ ശരീരത്തിനും തികയാത്ത നീളം കുറഞ്ഞ വസ്ത്രം മാത്രമാണ് ലഭിച്ചതെങ്കിൽ തല മൂടുകയും ഇരുകാലുകളിലും കുറച്ചു ഇദ്ഖിർ പുല്ല് വെക്കുകയും ചെയ്യാൻ നബി(സ്വ) കൽപിച്ചതായി കാണാം. മിസ്അബ് ഇബ്നുഉമയ്റി(റ)ന്റെ സംഭവത്തിൽ ഖബ്ബാബി(റ)ന്റെ വാക്ക് ഇപ്രകാരമുണ്ട്:

"നബി(സ്വ) ഞങ്ങളോട് അദ്ദേഹത്തിന്റെ തല മൂടുവാനും അദ്ദേഹത്തിന്റെ ഇരുകാലുകളിലും ഇദ്ഖിർ പുല്ല് വെക്കുവാനും കൽപിച്ചു." ഇഹ്റാമിൽ പ്രവേശിച്ച പുരുഷന്റെ തല മൂടരുത്. കാരണം ഇഹ്റാമിൽ മരിച്ച വ്യക്തിയുടെ വിഷയത്തിൽ തിരുനബി(സ്വ) പറഞ്ഞു: "അദ്ദേഹത്തിന്റെ തല നിങ്ങൾ മൂടരുത്."

കഫൻ ചെയ്യുന്നത് തൊലിയെ തെളിയിച്ചുകാണിക്കാത്ത മറക്കുന്ന രീതിയിലുള്ള വസ്ത്രം കൊണ്ടായിരിക്കണം. പുരുഷനെ പരുത്തിയാലുള്ള വെളുത്ത മൂന്നു തുണികളിൽ കഫൻ ചെയ്യലാണ് സുന്നത്ത്. മൂന്നു തുണികളും ചിലതു ചിലതിന്മേലായി വിരിച്ചിടുകയും മയ്യിത്തിനെ അതിന്മേൽ മലർത്തിക്കിടത്തുകയും പിന്നീടു മീതെയുള്ള തുണിയുടെ ഇടത്തേയറ്റം മയ്യിത്തിന്റെ വലതു ഭാഗത്തേക്കു തിരിച്ചിടുകയും തുടർന്ന് അതിന്റെ വലത്തേയറ്റം ഇടത്തേയറ്റത്തേക്കു തിരിച്ചിടുകയും ചെയ്യുക. രണ്ടും മൂന്നും തുണികൾ ഇപ്രകാരം ചെയ്യുക. കൂടുതൽ വരുന്ന തുണിഭാഗം തലയുടെ ഭാഗത്താക്കുകയും അതു ബന്ധിക്കുകയും ചെയ്യുക. തുണി അതിലും കൂടുതലാണെങ്കിൽ അത് പാദങ്ങളുടെ ഭാഗത്ത് ആക്കുകയും ബന്ധിക്കുകയും വേണം. കാരണം അതാണ് കഫനിനെ നന്നായി ഉറപ്പിച്ചു നിർത്തുക. ആഇശ(റ) പറഞ്ഞു:

"യമനിലെ സഹൂൽ ദേശത്ത് നെയ്ത ശുദ്ധവെള്ളയും പരുത്തികൊണ്ടുള്ളതുമായ പുതിയ മൂന്നു വസ്ത്രങ്ങളിലാണ് അല്ലാഹുവിന്റെ തിരുദൂതർ(സ്വ) കഫൻ ചെയ്യപ്പെട്ടത്. അതിൽ കുപ്പായമോ തലപ്പാവോ ഉണ്ടായിരുന്നില്ല. തിരുമേനിയെ അതിൽ നന്നായി ചുറ്റിപ്പൊതിയുകയായിരുന്നു."

തിരുമേനി(സ്വ) പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ വസ്ത്രങ്ങളിൽ വെള്ള ധരിക്കുക. കാരണം അതു നിങ്ങളുടെ ഉത്തമവസ്ത്രമാകുന്നു. അവയിൽ നിങ്ങളിൽ മരണപ്പെട്ടവരെ നിങ്ങൾ മറമാടുകയും ചെയ്യുക."

ഉടുമുണ്ട്, മുഖമക്കന, കുപ്പായം, രണ്ടു തുണികൾ എന്നീ അഞ്ചു വസ്ത്രങ്ങളിലാണ് സ്ത്രീ കഫൻ ചെയ്യപ്പെടേണ്ടത്. ചെറിയ ആൺകുട്ടി ഒരു വസ്ത്രത്തിലാണ് കഫൻ ചെയ്യപ്പെടേണ്ടത്. മൂന്നു വസ്ത്രങ്ങളിലും അനുവദനീയമാണ്. പെൺകുട്ടി ഒരു കുപ്പായത്തിലും രണ്ടു തുണികളിലുമാണ് കഫൻ ചെയ്യപ്പെടേണ്ടത്.

*(ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിഖ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥത്തിൽനിന്നുമെടുത്തത്)*



നബീൽ പയ്യോളി
: +966 55 771 0981

# മലയാളികൾ മതനിരപേക്ഷതയ്ക്കൊപ്പം

വർഗീയ രാഷ്ട്രീയ ശക്തികളെ അവരുടെ കോട്ടകളിൽ തന്നെ തകർത്ത് മതനിരപേക്ഷ ജനാധിപത്യചേരി വിജയിച്ചത് കേരളത്തിന് അഭിമാനകരമാണ്. ബിജെപി എ ക്ലാസ്സ് മണ്ഡലമായി കാണുന്നിടത്തുതന്നെ ഇത്രയും വലിയ ആഘാതം നൽകാൻ സാധിച്ചത് പാലക്കാട്ടെ ജനങ്ങളുടെ രാഷ്ട്രീയ പ്രബുദ്ധതയുടെ അടയാളവും ജനാധിപത്യത്തിന്റെ പ്രതീക്ഷയുമാണ്.

എന്നാൽ പാലക്കാട്ട് നടന്ന ചില അനഭിലഷണീയമായ പ്രവണതകൾ കേരളം കാത്തുസൂക്ഷിച്ച മൂല്യങ്ങൾക്ക് ഘടകവിരുദ്ധമാണ് എന്നു പറയാതെ വയ്യ! വിദ്യാസമ്പന്നരും ഉയർന്ന രാഷ്ട്രീയബോധവുമുള്ളവരാണ് മലയാളികൾ എന്ന് അഭിമാനിക്കുന്നവരാണ് നാം. എന്നാൽ അതിനെ തകർക്കും വിധം സാമൂഹികാന്തരീക്ഷം മാറ്റാൻ ബോധപൂർവമായ ശ്രമങ്ങൾ നടന്നത് അത്യന്തം അപകടകരമാണ്. സാംസ്കാരിക മൂല്യങ്ങൾ കൂടിച്ചേരുമ്പോഴാണ് വിദ്യാഭാസം അർഥവത്താകുന്നത്. അവിവേകികൾക്ക് കുടപിടിക്കുവാൻ അവർക്ക് സാധ്യമല്ല.

കാഴ്ചപ്പാടുള്ളവർ കാണേണ്ടതും ചർച്ചയാക്കേണ്ടതും സാധാരണക്കാരന്റെ ജീവൽ പ്രശ്നങ്ങളും സാമൂഹിക യാഥാർഥ്യങ്ങളുമാണ്. ഈ നാട് നാളെയും നിലനിൽക്കണം എന്ന ബോധം ഉണ്ടായേ മതിയാവൂ. മനുഷ്യന്റെ ജീവനും ജീവിതവുമാണ് പ്രധാനം. അതിനെ ദുഷ്കരമാക്കുന്ന പ്രശ്നങ്ങളെ മറന്ന് കേവലം നാടകങ്ങൾക്ക് പിന്നാലെ പോകുന്നത് നിരുത്തരവാദപരമായ സമീപനമാണ്. വികസനവും സാമൂഹികനീതിയും ചർച്ച ചെയ്യുകയാണ് രാഷ്ട്രത്തോടും രാഷ്ട്രീയത്തോടും ആത്മാർഥയതയുള്ളവർ ചെയ്യേണ്ടത്. ചുറ്റുമുള്ള യാഥാർഥ്യങ്ങളെ കണ്ടില്ലെന്ന് നടിക്കുകയും ജനങ്ങളെ അവഗണിക്കുകയും ചെയ്യുന്ന സമീപനം ഒരിക്കലും ശരിയല്ല.

പാലക്കാടൻ തെരഞ്ഞെടുപ്പിൽ രാഷ്ട്രീയം ചർച്ച ചെയ്യാൻ എത്ര സമയം കണ്ടെത്തി ഓരോ രാഷ്ട്രീയ പാർട്ടിയും? രാഷ്ട്രീയ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ നടക്കേണ്ട തെരഞ്ഞെടുപ്പുകളിൽ മറ്റുപലതും ചർച്ചചെയ്ത് ജയിച്ചുകയറാനാണ് അടുത്തകാലത്തായി ചിലർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. തെരഞ്ഞെടുപ്പുകളിൽ വ്യക്തികളല്ല പ്രത്യയശാസ്ത്രങ്ങളും രാഷ്ട്രീയ നിലപാടുകളും തന്നെയാണ് ചർച്ച ചെയ്യപ്പെടേണ്ടത്. രാഷ്ട്രീയം രാഷ്ട്ര നിർമാണവുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്.

സാധാരണക്കാരന്റെ ജീവൽ പ്രശ്നങ്ങൾക്കാണ് പ്രഥമ പരിഗണന വേണ്ടത്. അത് വിസ്മരിച്ച് രാഷ്ട്രീയത്തെ വിവാദങ്ങളിലേക്കും വർഗീയവിഷ പ്രചാരണങ്ങളിലേക്കും തിരിച്ചുവിടുന്നത് അപകടകരമാണ്. 'ഞങ്ങൾ വിദ്യാസമ്പന്നരും ഉയർന്ന സാംസ്കാരിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നവരുമാണ്' എന്ന് രാജ്യത്തെ നോക്കി പറഞ്ഞുകൊണ്ടിരിക്കുന്നവർ ഇത്തരം പ്രതിലോമകരമായ പരീക്ഷണങ്ങൾക്ക് നാടിനെ വേദിയാക്കുന്നത് വേദനാജനമകായ കാഴ്ചയാണ്.

കാഴ്ചപ്പാടുള്ളവർ കാണേണ്ടതും ചർച്ചയാക്കേണ്ടതും സാധാരണക്കാരന്റെ ജീവൽ പ്രശ്നങ്ങളും സാമൂഹിക യാഥാർഥ്യങ്ങളുമാണ്. ഈ നാട് നാളെയും നിലനിൽക്കണം എന്ന ബോധം ഉണ്ടായേ മതിയാവൂ. മനുഷ്യന്റെ ജീവനും ജീവിതവുമാണ് പ്രധാനം. അതിനെ ദുഷ്കരമാക്കുന്ന പ്രശ്നങ്ങളെ മറന്ന് കേവലം നാടകങ്ങൾക്ക് പിന്നാലെ പോകുന്നത് നിരുത്തരവാദപരമായ സമീപനമാണ്. വികസനവും സാമൂഹികനീതിയും ചർച്ച ചെയ്യുകയാണ് രാഷ്ട്രത്തോടും രാഷ്ട്രീയത്തോടും ആത്മാർഥയതയുള്ളവർ ചെയ്യേണ്ടത്. ചുറ്റുമുള്ള യാഥാർഥ്യങ്ങളെ കണ്ടില്ലെന്ന് നടിക്കുകയും ജനങ്ങളെ അവഗണിക്കുകയും ചെയ്യുന്ന സമീപനം ഒരിക്കലും ശരിയല്ല.

തങ്ങളുടെ വീഴ്ചകളെ മറച്ചുവയ്ക്കുവാനും ജനകീയ പ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിക്കുവാനും മനഃപൂർവം സൃഷ്ടിക്കുന്ന വിവാദങ്ങൾ സാമാന്യബോധത്തെപോലും ചോദ്യം ചെയ്യുന്ന വിധമാണ് എന്ന് പാലക്കാട്ടെ 'പെട്ടി വിവാദം' തന്നെ സാക്ഷിയാണ്. എത്ര സമർഥമായാണ് നമ്മുടെ രാഷ്ട്രീയ നേതൃത്വം സമൂഹത്തെ കബളിപ്പിക്കുന്നതും വിഡ്ഢികളാക്കുന്നതും!

അർഥശൂന്യമായ വിവാദങ്ങൾ ജനങ്ങൾ തള്ളിക്കളയുന്നു എന്നത് പാലക്കാടൻ പാഠങ്ങളിൽ പ്രധാനമാണെന്ന് തോന്നുന്നു. ഇനിയെങ്കിലും വിവേകികൾ രാഷ്ട്രീമായ അജണ്ടകൾ നിശ്ചയിക്കട്ടെ.

## കൂടുമാറ്റത്തിലെ ഉള്ളുകള്ളികൾ

നിലപാടും പ്രസ്ഥാനവും മാറുന്നത് പുതുമയുള്ളതൊന്നുമല്ല. കാരണം മനുഷ്യമനസ്സ് മാറിക്കൊണ്ടേയിരിക്കുന്ന ഒന്നാണ്. സാഹചര്യങ്ങളുടെ സമ്മർദമോ സ്വാർഥലാഭങ്ങളോ എന്തുമായിക്കൊള്ളട്ടെ, അത് ആ വ്യക്തിയുടെ തീരുമാനമാണ്. അവർ വിട്ടുപോകുന്ന പ്രസ്ഥാനത്തിന് അതിലെന്തെങ്കിലും പങ്കുണ്ടെന്ന് വിചാരിക്കുന്നത് ആധുനിക കാലത്ത് വിവേകമതികൾക്ക് ചേർന്നതല്ല. അയാൾ ചെന്നിടത്തേക്കു ചേർത്താണ് നമ്മൾ അയാളുടെ നാളെയെ വായിക്കേണ്ടത്. ജനാധിപത്യ ചേരികളിൽനി

ന്നും വർഗീയ കൂടാരങ്ങളിലേക്ക് ചേക്കേറിയ ആയിരങ്ങൾ രാജ്യത്തിന്റെ വിവിധയിടങ്ങളിലുണ്ട്. അപ്പോഴൊക്കെ ജനാധിപത്യചേരികൾ പഴികേൾക്കേണ്ടിവരുന്നത് എന്തിനാണെന്ന് മനസ്സിലാകുന്നില്ല. തിരിച്ചു വർഗീയചേരിയിൽനിന്നും ജനാധിപത്യമാർഗത്തിലേക്ക് കടന്നുവന്നവരെ വർഗീയതയിൽ തളച്ചിടാൻ കാണിക്കുന്ന വ്യഗ്രതയും അവിവേകമാണ്. ഏതൊരാളും ഇന്ന് എവിടെയാണ് എന്നു നോക്കി അദ്ദേഹത്തെ വിലയിരുത്തുകയാണ് വിവേകമതികൾക്ക് അഭികാമ്യമെന്ന് പാലക്കാട്ടുനിന്നും മറ്റൊരു പാഠം നമുക്കുണ്ട്.

## വിലകുറഞ്ഞ രാഷ്ട്രീയ പരസ്യങ്ങൾ

രാഷ്ട്രീയം, മുകളിൽ സൂചിപ്പിച്ചതുപോലെ ജനങ്ങളുടെ ജീവൽ പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ട വേദിയാണ്. അവിടെ വർഗീയതയുടെ വിത്തുവിതച്ച് കൊയ്യുന്നത് വെറുപ്പിന്റെ ശക്തികൾ കാലാകാലങ്ങളായി ചെയ്തുകൊണ്ടിരിക്കുന്ന നീചവൃത്തിയാണ്. അത് നമ്മുടെ നാട്ടിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽനിന്നും ഉണ്ടാകുന്നത് ഒരിക്കലും അംഗീകരിക്കാവതല്ല.

പരസ്യം വിവാദമായതോടെ പലർക്കും കൈ പൊള്ളി എന്നതും പാലക്കാട്ടെ പാഠമാണ്. എന്തിന് മുസ്‌ലിം സംഘടനകൾ നടത്തുന്ന പത്രങ്ങളിൽ മാത്രം പരിഹാസ്യമായ പരസ്യം കൊടുത്തു എന്നതിന് പറഞ്ഞ മറുപടി 'കുറഞ്ഞ നിരക്കിൽ പരസ്യം കൊടുക്കാവുന്ന പത്രങ്ങൾ' എന്നതായിരുന്നു. വിലകുറഞ്ഞ പരസ്യമല്ല, മറിച്ച് അത് വിലകുറഞ്ഞ രാഷ്ട്രീയമാണ് എന്ന് തിരിച്ചറിയാനുള്ള വിവേകം ഇത്തരം രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് എന്നാണുണ്ടാവുക?

മുസ്‌ലിം മാനേജ്മെന്റ് പത്രങ്ങളിൽ അതിവൈകാരിക പരസ്യവും

> കേരളത്തിൽ ഏറ്റവും സുസംഘടിതമായി സാമൂഹിക പരിസരത്ത് ഇടപെടുന്നവരാണ് മുസ്‌ലിം സമൂഹം. പരസ്പര സ്നേഹവും കലവറയില്ലാത്ത സഹകരണവും അവരുടെ മുഖമുദ്രയാണ്. സ്വാതന്ത്ര്യത്തിനു മുമ്പും സ്വാതന്ത്ര്യാനന്തരവും സാമൂഹിക നവോത്ഥാനത്തിന് രാഷ്ട്രീയമായും മതപരമായും ഊടും പാവും നൽകി അഭിമാനകരമായ വളർച്ച കൈവരിച്ച സമൂഹമാണ് മുസ്‌ലിംകൾ എന്ന കാര്യം ആരും മറക്കരുത്. സാമുദായിക സംഘർഷങ്ങളും വർഗീയ ചേരിതിരിവും ലക്ഷ്യംവച്ച് ആകാശത്ത് വട്ടമിട്ട് പറക്കുന്ന കഴുകന്മാർക്ക് വിരുന്നൊരുക്കാൻ നിൽക്കുന്നവർ സ്വയം പരിഹാസ്യരാവും എന്ന് ചരിത്രം പഠിപ്പിക്കുന്നുണ്ട്.

മറ്റു പത്രങ്ങളിൽ രാഷ്ട്രീയ പരസ്യവും നൽകുന്നതിന്റെ പിന്നിലെ കുബുദ്ധി കേരളജനത മനസ്സിലാക്കില്ലെന്ന് നടിക്കുന്നത് അവിവേകമല്ലേ? എന്തിനിത്ര തരംതാഴണം?

പരസ്യം പ്രസിദ്ധീകരിച്ച പത്രങ്ങളും തങ്ങളുടെ നിലപാടുകൾ പുനഃപരിശോധിക്കാൻ തയ്യാറാവണം. പണം കിട്ടുമെന്ന് കരുതി എന്തും ചെയ്യാൻ തയ്യാറാകുന്നവർക്ക് എന്ത് മൂല്യബോധമാണുള്ളത്? ഒറ്റനോട്ടത്തിൽ തന്നെ ദുരുദ്ദേശ്യവും അപകടവും മനസ്സിലാക്കാവുന്ന മാറ്റർ പരസ്യമായി സ്വീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക എന്നത് വീഴ്ച തന്നെയാണ്. വർഗീയതയ്ക്കും വിഭാഗീയതയ്ക്കും അച്ചുനിരത്താനും മഷിപുരട്ടാനും ജനാധിപത്യബോധമുള്ള, സാമൂഹിക പ്രതിബദ്ധതയുള്ള മാധ്യമങ്ങൾക്കു സാധ്യമല്ല. അത്തരം അവിവേകങ്ങൾ ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുകയെന്നതുകൂടി പാലക്കാട്ടെ പാഠമാണ്.

## വർഗീയ ശക്തികളെ 'ഗ്ലോറിഫൈ' ചെയ്യുകയോ?

വൈകാരികതയിൽ തിളച്ചുനിന്ന്, എതിരാളികളെ പ്രകോപിപ്പിച്ച് ഊറ്റം കൊള്ളുന്നവരാണ് തീവ്രചിന്താഗതിക്കാർ. അവർക്ക് എപ്പോഴും ഒരു ശത്രു വേണം. ആ ശത്രുവിനെ ചുണ്ടിക്കാണിച്ച് തങ്ങളുടെ അനുയായികളെ വൈകാരികതയിൽ ചൂടുപിടിപ്പിച്ച് നിർത്താൻ അവർ ശ്രമിച്ചുകൊണ്ടിരിക്കും. കേരളം അത്തരം തീവ്രചിന്താഗതികളെ എന്നും അകറ്റി നിർത്തിയ പാരമ്പര്യം കാത്തുസൂക്ഷിച്ച് വരുന്നത് അഭിമാനകരമാണ്. എന്നാൽ ഈയിടെയായി എന്തിനും ഏതിനും അത്തരം ചിന്താഗതികൾ പേറുന്നവരെ ചേർത്തുവച്ച് ചർച്ച വഴിതിരിച്ചുവിടാനുള്ള കുത്സിത ശ്രമങ്ങൾ ചിലർ ബോധപൂർവം നടത്തുന്നത് തെറ്റായ പ്രവണതയാണ്. കേരളത്തിൽ തുലോം തുച്ഛമാണ് ഇത്തരം തീവ്ര ചിന്താഗതിക്കാർ. അവർ എല്ലാ സമുദായ രാഷ്ട്രീയ ഇടങ്ങളിലും ഉണ്ട് താനും. സാമൂഹിക-രാഷ്ട്രീയ ഇടങ്ങളിൽ അവർക്ക് വിസിബിലിറ്റി നൽകാൻ ശ്രമിക്കുന്നവർ അവരുടെ ആഗ്രഹങ്ങൾക്ക് ഏണി വച്ചു കൊടുക്കുകയാണ് ചെയ്യുന്നത്.

സംഘപരിവാരം ആഗ്രഹിക്കുന്നത് കേരളത്തെ വർഗീയമായി വേർതിരിച്ച് അതിലൂടെ അധികാരകേന്ദ്രങ്ങളിൽ എത്തുക എന്നതാണ്. അത് ഒരു നിലയ്ക്കും അനുവദിച്ചുകൂടാ. വർഷങ്ങളായി അവർ നടത്തുന്ന ശ്രമങ്ങളെ വിവേകത്തോടെ കൈകാര്യം ചെയ്ത പാരമ്പര്യമുള്ള കേരളീയ സമൂഹം അതിന് വിരുദ്ധ ദിശയിൽ സഞ്ചരിക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ നേതൃത്വങ്ങൾക്ക് നൽകിയ താക്കീതുകൂടിയാണ് പാലക്കാട്ടെ ഫലം.

**മാധ്യമങ്ങളും സാമൂഹിക പ്രതിബദ്ധതയും**

മാധ്യമങ്ങൾ ജനാധിപത്യത്തിന്റെ അഞ്ചാം തൂണായി അറിയപ്പെടുന്നു. എല്ലായിനം മാധ്യമങ്ങൾക്കും അവരുടേതായ ഇടം ഇന്നുമുണ്ട്. സ്വാർഥ താൽപര്യങ്ങൾക്കനുസരിച്ച് വാർത്തകളെ കോട്ടിമാട്ടി പ്രക്ഷേപണം ചെയ്യുന്ന, പ്രസിദ്ധീകരിക്കുന്ന കേവലം ഉപകരണങ്ങളല്ല മാധ്യമങ്ങൾ. മറിച്ച് സത്യസന്ധമായി, ജനങ്ങൾ അറിയേണ്ടതായ, ഭരണകൂടം ശ്രദ്ധിക്കേണ്ടതായ വാർത്തകൾ എത്തിക്കേണ്ട ഇടങ്ങളാണ്. ഒരു ക്രെഡിബിലിറ്റിയുമില്ലാതെ വാർത്ത നൽകുന്നത് അത്യന്തം അപകടകരമാണ്. മാധ്യമ മുതലാളിമാർക്ക് കാശുകൊടുത്ത് അസത്യവും വർഗീയത ചേരിതിരിവുണ്ടാക്കുന്നതുമായ വാർത്തകൾ പ്രസിദ്ധീകരിപ്പിക്കു ന്നവരുള്ള ഇന്നത്തെ സാഹചര്യത്തിൽ വേറിട്ട മാധ്യമപ്രവർത്തനമാണ് കേരളം ആവശ്യപ്പെടുന്നത്. ഉത്തരേന്ത്യൻ മോഡൽ അവിവേകവും അസത്യവും പ്രചരിപ്പിക്കാൻ വാർത്താമാധ്യമങ്ങൾ ഇടം നൽകരുത്. ജനങ്ങളുടെ കൂടെ നിന്ന് ഭരണകൂടത്തെ തിരുത്താനും സത്യം പുറത്തുകൊണ്ടുവരാനും മാധ്യമങ്ങൾക്ക് ബാധ്യതയുണ്ട്. ആർക്കോ വേണ്ടി ചലിക്കുന്ന ക്യാമറകളും അധരങ്ങളുമാവരുത് മാധ്യമ പ്രവർത്തനം. വ്യൂവർഷിപ്പ് കൂട്ടാൻ കാണിക്കുന്ന കോപ്രായങ്ങൾ എത്രമേൽ നീതിയുക്തവും സാമൂഹിക പ്രതിയബദ്ധതയുമുള്ളതാണെന്ന് ആലോചിക്കാൻ മാധ്യമ സമൂഹം തയ്യാറായേ മതിയാവൂ. മൂല്യങ്ങൾ കളഞ്ഞുകുളിക്കാനും വിവാദങ്ങളുടെ തോഴന്മാരായി മാറാനും നിൽക്കരുത്. ജനം ഇതൊക്കെ ശ്രദ്ധിക്കുന്നുണ്ട് എന്ന കാര്യം മറക്കരുത്. ഈ നാട് സമാധാനത്തോടെ നിലനിൽക്കണം. അതിന് വിഘാതം സൃഷിക്കാൻ കച്ചവട താൽപര്യങ്ങൾ  കാരണമായിക്കൂടാ.

**മുസ്‌ലിം സമൂഹവും കേരളവും**

കേരളത്തിന്റെ സാമൂഹിക ഘടനയിൽനിന്നും മുസ്‌ലിം സമൂഹത്തെ അടർത്തിമാറ്റാൻ വർഗീയശക്തികൾ കാലങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കുന്നുണ്ട്. അത് വിലപ്പോകുന്നില്ലെന്നു മാത്രം. വിദ്യാസമ്പന്നരും വിവേകമതികളുമാണ് കേരളത്തിലെ മുസ്‌ലിംകൾ. ഏതെങ്കിലും പരസ്യത്തിന്റെ കെണിയിലോ മോഹന വാഗ്ദാനങ്ങളിലോ പെട്ട് വർഗീയ വാദികളാകുന്ന മനസ്സല്ല അവരുടെത്. അതിവൈകാരികതകൾ അരങ്ങുവാഴ്ന്ന നാളുകളിൽ പോലും വിവേകത്തിന്റെ പാതയിൽ മാതൃകാ സമീപനം സ്വീകരിച്ചവരാണവർ. രാഷ്ട്രീയമായും മതപരമായും തീവ്രചിന്താഗതികളെ നേരിട്ടും അതിനെതിരെ പ്രതിരോധങ്ങൾ തീർത്തും തന്നെയാണ് അവർ മുന്നേറിയിട്ടുള്ളത്. മത-സാമൂഹിക രംഗങ്ങളിൽ ശക്തമായ സാന്നിധ്യമായി മാറിയതും അങ്ങനെ തന്നെ. ആശയാദർശങ്ങളുടെ പേരിൽ വിവിധ സംഘടനകളായി പ്രവർത്തിക്കുമ്പോഴും പൊതുവിഷയങ്ങളിൽ ഐക്യപ്പെടാൻ അവർ മടികാണിക്കുന്നില്ല. അഭിമാനപൂർവം സമൂഹത്തിൽ സക്രിയമായി എന്നും ഇടപെട്ടിട്ടുണ്ട്. മത, രാഷ്ട്രീയ, വിദ്യാഭ്യാസ മേഖലകളിലെല്ലാം തങ്ങളുടെതായ ഇടം മുസ്‌ലിം സമൂഹം എന്നും കാത്തുസൂക്ഷിച്ച് പോന്നിട്ടുണ്ട്.

സൗഹാർദാന്തരീക്ഷത്തെ തകർക്കാനുള്ള ശ്രമങ്ങളെ എന്നും ചെറുത്തു തോൽപിച്ചതാണ് കേരള മുസ്‌ലികളുടെ ചരിത്രം. അതുകൊണ്ട് തന്നെ ഏതെങ്കിലും താൽക്കാലിക നേട്ടങ്ങൾക്ക് വേണ്ടി സമുദായത്തെ വർഗീയ ശക്തികൾക്ക് എറിഞ്ഞുകൊടുക്കാനോ അവരോട് ചേർത്തുകെട്ടാനോ ഉള്ള ശ്രമങ്ങളിൽ നിന്ന് രാഷ്ട്രീയ നേതൃത്വങ്ങൾ പിന്മാറണം. വർഗീയശക്തികൾ ആഗ്രഹിക്കുന്ന അത്തരം സാഹചര്യങ്ങൾക്ക് പരവതാനി വിരിച്ചുകൊടുക്കാൻ പാടില്ല. കേരളത്തിൽ ഏറ്റവും സുസംഘടിതമായി സാമൂഹിക പരിസരത്ത് ഇടപെടുന്നവരാണ് മുസ്‌ലിം സമൂഹം. പരസ്പര സ്നേഹവും കലവറയില്ലാത്ത സഹകരണവും അവരുടെ മുഖമുദ്രയാണ്.

സ്വാതന്ത്ര്യത്തിനു മുമ്പും സ്വാതന്ത്ര്യാനന്തരവും സാമൂഹിക നവോത്ഥാനത്തിന് രാഷ്രീയമായും മതപരമായും ഊടും പാവും നൽകി അഭിമാനകരമായ വളർച്ച കൈവരിച്ച സമൂഹമാണ് മുസ്‌ലിംകൾ എന്ന കാര്യം ആരും മറക്കരുത്. സാമുദായിക സംഘർഷങ്ങളും വർഗീയ ചേരിതിരിവും ലക്ഷ്യംവച്ച് ആകാശത്ത് വട്ടമിട്ട് പറക്കുന്ന കഴുകന്മാർക്ക് വിരുന്നൊരുക്കാൻ നിൽക്കുന്നവർ സ്വയം പരിഹാസ്യരാവും എന്ന് ചരിത്രം പഠിപ്പിക്കുന്നുണ്ട്. ■



# കരൾ രോഗം; കാരണങ്ങളും ലക്ഷണങ്ങളും

അദ്നാൻ

നമ്മുടെ ശരീരത്തിനകത്തെ രണ്ടാമത്തെ വലിയ അവയവമാണ് കരൾ. ഇത് വയറിന്റെ വലതുവശത്തായി സ്ഥിതി ചെയ്യുന്നു. ചുവപ്പ് കലർന്ന തവിട്ട് നിറത്തിലുള്ള അവയവമാണിത്. വാരിയെല്ലുകൾ കരളിനെ ബാഹ്യമായ പരിക്കുകളിൽനിന്ന് സംരക്ഷിക്കുന്നു. ശരീരത്തിനാവശ്യമായ പ്രോട്ടീനുകളുടെയും ഹോർമോണുകളുടെയും ഉത്പാദനത്തിലും ശരീരത്തിലെ വിഷാണുക്കളുടെ ശുദ്ധീകരണത്തിലും കരൾ പ്രധാന പങ്കാണ് വഹിക്കുന്നത്. അതിനാൽതന്നെ ശരീരത്തിന്റെ കെമിക്കൽ ഫാക്ടറി എന്ന് ഇത് അറി യപ്പെടുന്നു. ദഹനത്തെ സഹായിക്കുന്നതിന് പിത്തരസം ഉത്പാദിപ്പിക്കുക, രക്തത്തിലെ പഞ്ചസാര യുടെ അളവ് നിയന്ത്രിക്കുക എന്നിവയുൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ നിർവഹിക്കുന്ന ഒരു അവശ്യ അവയവമാണ് കരൾ.

കരൾ രോഗത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും കരളിന്റെ ആരോഗ്യം പ്രോത്സാഹിപ്പി ക്കുന്നതിനുമായാണ് ലോകമെങ്ങും ഏപ്രിൽ 19ന് ‘കരൾദിനം’ ആചരിക്കുന്നത്. കരളിനെ പരിപാലിക്കേണ്ടതിന്റെയും കരൾ രോഗം വരാനുള്ള സാധ്യത കുറയ്ക്കുന്നതിന്റെയും പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾ ക്കിടയിൽ ബോധവത്കരണം നടത്താനുള്ള ദിനം കൂടിയാണിത്. കരൾ രോഗം എന്നത് കരളിന്റെ ശരിയായി പ്രവർത്തിക്കാനുള്ള കഴിവിനെ ബാധിക്കുന്ന വിവിധ അവസ്ഥകളെ ഉൾക്കൊള്ളുന്ന ഒരു വിശാലമായ പദമാണ്.

ശരീരഭാരം കുറയ്ക്കുക, പതിവായി വ്യായാമം ചെയ്യുക തുടങ്ങിയ ജീവിതശൈലി മാറ്റങ്ങൾ കരൾ രോഗത്തെ തടയാനും നിയന്ത്രിക്കാനും സഹായിക്കും. മദ്യപാനം കരൾ രോഗത്തിന്റെ പ്രധാന കാരണങ്ങളിൽ ഒന്നാണ്.

കരളിന്റെ ആരോഗ്യം മോശമാണെന്ന സൂചന നൽകുന്ന പ്രധാന ലക്ഷണങ്ങൾ ഇനി പറയുന്നവയാണ്:

**1. ചർമത്തിന് മഞ്ഞ നിറം**

ചർമത്തിനും കണ്ണുകൾക്കും മഞ്ഞളും മഞ്ഞനിറവും വരുന്നത് കരളിന്റെ ആരോഗ്യം തൃപ്തികരമല്ലെന്ന സൂചന നൽകുന്നു. മഞ്ഞപ്പിത്തം കരൾ രോഗത്തിന്റെ മുഖ്യ ലക്ഷണമാണ്.

**2. ചൊറിച്ചിൽ**

ചർമത്തിന്റെ നിറം മാറ്റത്തിന് പുറമെ ചൊറിച്ചിലും കരൾ രോഗികളിൽ കാണപ്പെടാറുണ്ട്. കരളിന്റെ ആരോഗ്യപ്രശ്നം രക്തത്തിന്റെ ക്ലോട്ടിങ്ങിനെ ബാധിക്കാമെന്നതിനാൽ വേഗത്തിൽ മുറിവ് പറ്റാനും സാധ്യത അധികമാണ്.

**3. അത്യധികമായ ക്ഷീണം**

നിരന്തരമായ ക്ഷീണത്തിന് പിന്നിലും ഒരു പക്ഷേ കരൾ രോഗമായേക്കാം. ഇതിനാൽ നാളുകളായി തുടരുന്ന ക്ഷീണം വരുന്ന പക്ഷം ഡോക്ടറെ കണ്ട് പരിശോധനകൾ നടത്തേണ്ടതാണ്.

**4. വിശപ്പില്ലായ്മ**

കരളിന് വരുന്ന പ്രശ്നങ്ങൾ ഭക്ഷണത്തെ വിഘടിപ്പിക്കാനുള്ള ശരീരത്തിന്റെ ശേഷിയെ ബാധിക്കും. ഇതിന്റെ ഭാഗമായി വിശപ്പില്ലായ്മയും അലസതയും ബാധിക്കാം.

**5. ഓക്കാനവും ഛർദിയും**

ഓക്കാനവും ഛർദിയുമെല്ലാം പല രോഗങ്ങളുടെയും ലക്ഷണമാണെന്നതിനാൽ പലപ്പോഴും ഇത് കരളിന്റെ പ്രശ്നം മൂലമാണെന്ന് തിരിച്ചറിയപ്പെടാതെ പോകാറുണ്ട്. പഴങ്ങളും പച്ചക്കറികളുമടങ്ങിയ പ്രോട്ടീനുകൾ ധാരാളമടങ്ങിയ ഭക്ഷണക്രമം കരളിന്റെ ആരോഗ്യത്തിന് നല്ലതാണ്. നിത്യവും 20 മിനിട്ടെങ്കിലും വ്യായാമം ചെയ്യുന്നതും ഗുണം ചെയ്യും.

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുൽ അഹ്സാബ്

## സംഘടിത കക്ഷികൾ

(മദീനയിൽ അവതരിച്ചത്)

അധ്യായം
33

قُل لَّن يَنفَعَكُمُ الْفِرَارُ إِن فَرَرْتُم
مِّنَ الْمَوْتِ أَوِ الْقَتْلِ وَإِذًا لَّا تُمَتَّعُونَ إِلَّا
قَلِيلًا ﴿١٦﴾

قُلْ مَن ذَا الَّذِي يَعْصِمُكُم مِّنَ اللَّهِ إِنْ أَرَادَ
بِكُمْ سُوءًا أَوْ أَرَادَ بِكُمْ رَحْمَةً ۚ وَلَا يَجِدُونَ
لَهُم مِّن دُونِ اللَّهِ وَلِيًّا وَلَا نَصِيرًا ﴿١٧﴾ ۞

قَدْ يَعْلَمُ اللَّهُ الْمُعَوِّقِينَ مِنكُمْ وَالْقَائِلِينَ
لِإِخْوَانِهِمْ هَلُمَّ إِلَيْنَا ۖ وَلَا يَأْتُونَ الْبَأْسَ إِلَّا
قَلِيلًا ﴿١٨﴾

أَشِحَّةً عَلَيْكُمْ ۖ فَإِذَا جَاءَ الْخَوْفُ رَأَيْتَهُمْ
يَنظُرُونَ إِلَيْكَ تَدُورُ أَعْيُنُهُمْ كَالَّذِي يُغْشَىٰ
عَلَيْهِ مِنَ الْمَوْتِ ۖ فَإِذَا ذَهَبَ الْخَوْفُ
سَلَقُوكُم بِأَلْسِنَةٍ حِدَادٍ أَشِحَّةً عَلَى الْخَيْرِ ۚ
أُولَٰئِكَ لَمْ يُؤْمِنُوا فَأَحْبَطَ اللَّهُ أَعْمَالَهُمْ ۚ
وَكَانَ ذَٰلِكَ عَلَى اللَّهِ يَسِيرًا ﴿١٩﴾

يَحْسَبُونَ الْأَحْزَابَ لَمْ يَذْهَبُوا ۖ وَإِن يَأْتِ
الْأَحْزَابُ يَوَدُّوا لَوْ أَنَّهُم بَادُونَ فِي الْأَعْرَابِ
يَسْأَلُونَ عَنْ أَنبَائِكُمْ ۖ وَلَوْ كَانُوا فِيكُم
مَّا قَاتَلُوا إِلَّا قَلِيلًا ﴿٢٠﴾

16. (നബിയേ,) പറയുക: മരണത്തിൽനിന്നോ കൊലയിൽ നിന്നോ നിങ്ങൾ ഓടിക്കളയുകയാണെങ്കിൽ ആ ഓട്ടം നിങ്ങൾക്ക് പ്രയോജനപ്പെടുകയില്ല. അങ്ങനെ (ഓടിരക്ഷപ്പെട്ടാലും) അൽപമല്ലാതെ നിങ്ങൾക്ക് ജീവിതസുഖം നൽകപ്പെടുകയില്ല.

17. പറയുക: അല്ലാഹു നിങ്ങൾക്ക് വല്ല ദോഷവും വരുത്താൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ -അഥവാ അവൻ നിങ്ങൾക്ക് വല്ല കാരുണ്യവും നൽകാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ- അല്ലാഹുവിൽനിന്ന് നിങ്ങളെ കാത്തുരക്ഷിക്കാൻ ആരാണുള്ളത്? തങ്ങൾക്ക് അല്ലാഹുവിനു പുറമെ യാതൊരു രക്ഷാധികാരിയെയും സഹായിയെയും അവർ കണ്ടെത്തുകയില്ല.

18. നിങ്ങളുടെ കൂട്ടത്തിലുള്ള മുടക്കികളെയും തങ്ങളുടെ സഹോദരങ്ങളോട് ഞങ്ങളുടെ അടുത്തേക്ക് വരൂ എന്ന് പറയുന്നവരെയും അല്ലാഹു അറിയുന്നുണ്ട്. ചുരുക്കത്തിലല്ലാതെ അവർ യുദ്ധത്തിന് ചെല്ലുകയില്ല.

19. നിങ്ങൾക്കെതിരിൽ പിശുക്ക് കാണിക്കുന്നവരായിരിക്കും അവർ. അങ്ങനെ (യുദ്ധ) ഭയം വന്നാൽ അവർ നിന്നെ ഉറ്റുനോക്കുന്നതായി നിനക്ക് കാണാം. മരണവെപ്രാളം കാണിക്കുന്ന ഒരാളെപ്പോലെ അവരുടെ കണ്ണുകൾ കറങ്ങിക്കൊണ്ടിരിക്കും. എന്നാൽ (യുദ്ധ) ഭയം നീങ്ങിപ്പോയാലോ, ധനത്തിൽ ദുർമോഹം പൂണ്ടവരായിക്കൊണ്ട് മൂർച്ചയേറിയ നാവുകൾകൊണ്ട് അവർ നിങ്ങളെ കുത്തിപ്പറയുകയും ചെയ്യും. അത്തരക്കാർ വിശ്വസിച്ചിട്ടില്ല. അതിനാൽ അല്ലാഹു അവരുടെ കർമങ്ങൾ നിഷ്ഫലമാക്കിയിരിക്കുന്നു. അത് അല്ലാഹുവെ സംബന്ധിച്ചേടത്തോളം നിസ്സാരമായ ഒരു കാര്യമാകുന്നു.

20. സംഘടിതകക്ഷികൾ പോയിക്കഴിഞ്ഞിട്ടില്ലെന്നാണ് അവർ (കപടൻമാർ) വിചാരിക്കുന്നത്. സംഘടിതകക്ഷികൾ (ഇനിയും) വരികയാണെങ്കിലോ, (യുദ്ധത്തിൽ പങ്കെടുക്കാതെ) നിങ്ങളുടെ വിവരങ്ങൾ അന്വേഷിച്ചറിഞ്ഞുകൊണ്ട് ഗ്രാമീണ അറബികളുടെ കൂടെ മരുഭൂവാസികളായി കഴിഞ്ഞിരുന്നെങ്കിൽ എന്നായിരിക്കും അവർ (കപടൻമാർ) കൊതിക്കുന്നത്. അവർ നിങ്ങളുടെ കൂട്ടത്തിലായിരുന്നാലും ചുരുക്കത്തിലല്ലാതെ അവർ യുദ്ധം ചെയ്യുകയില്ല.

لَّقَدْ كَانَ لَكُمْ فِى رَسُولِ ٱللَّهِ أُسْوَةٌ حَسَنَةٌ لِّمَن كَانَ يَرْجُوا۟ ٱللَّهَ وَٱلْيَوْمَ ٱلْـَٔاخِرَ وَذَكَرَ ٱللَّهَ كَثِيرًا ﴿٢١﴾

21. തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്. അതായത് അല്ലാഹുവെയും അന്ത്യദിനത്തെയും പ്രതീക്ഷിച്ചു കൊണ്ടിരിക്കുകയും, അല്ലാഹുവെ ധാരാളമായി ഓർമിക്കുകയും ചെയ്തു വരുന്നവർക്ക്.

16) നബിയേ, (പറയുക) അവരുടെ ഓടിപ്പോക്കിനെ ആക്ഷേപിച്ചുകൊണ്ടും അതുകൊണ്ട് അവർക്ക് യാതൊരു പ്രയോജനവും ഉണ്ടായിരിക്കുകയില്ലെന്ന് അറിയിച്ചുകൊണ്ടും. (മരണത്തിൽ നിന്നോ) കൊലയിൽനിന്നോ നിങ്ങൾ ഓടിക്കളയുകയാണെങ്കിൽ നിങ്ങൾ നിങ്ങളുടെ വീടുകളിൽ കഴിഞ്ഞാലും മരണം വിധിക്കപ്പെട്ടവർ ആ മരണസ്ഥലത്തെത്തും. അല്ലാഹുവിന്റെ വിധിയും തീരുമാനവും വന്നാൽ ഒരു നടപടിയും പ്രയോജനപ്പെടില്ല. അവനെ രക്ഷിക്കാൻ കഴിയുമെന്ന് വിചാരിക്കുന്ന എല്ലാ വഴികളും നിഷ്ഫലമാകും. (അന്നേരം) അതായത് നിങ്ങൾ ഓടുമ്പോൾ; മരണത്തിൽനിന്നും വധത്തിൽ നിന്നും രക്ഷപ്പെടാൻ, ഇഹലോകത്ത് സുഖിക്കാൻ. തീർച്ചയായും നിങ്ങൾ (അൽപമല്ലാതെ നിങ്ങൾക്ക് ജീവിതസുഖം നൽകപ്പെടുകയില്ല) ഇത് ഒരു താൽക്കാലിക സുഖമാണ്. ഓടിപ്പോകലും അല്ലാഹുവിന്റെ കൽപന നിരാകരിക്കലുമെല്ലാം അനശ്വരമായ സുഖം നിങ്ങൾതന്നെ നിങ്ങൾക്ക് നഷ്ടപ്പെടുത്തുകയാണ്.

ഒരു വ്യക്തിക്ക് ദോഷം വരുത്താൻ അല്ലാഹു ഉദ്ദേശിക്കുന്നുവെങ്കിൽ രക്ഷക്ക് സ്വീകരിക്കുന്ന വഴികളോ നടപടിക്രമങ്ങളോ പ്രയോജനപ്പെടില്ലെന്ന് അല്ലാഹു സ്ഥിരീകരിക്കുന്നു. (അല്ലാഹുവിൽ നിന്ന് നിങ്ങളെ കാത്തുരക്ഷിക്കാൻ ആരാണുള്ളത്?) അതായത് നിങ്ങളെ തടയാൻ. (അല്ലാഹു നിങ്ങൾക്ക് വല്ല ദോഷവും വരുത്താൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ) ദോഷം. (അഥവാ അവർ നിങ്ങൾക്ക് വല്ല കാരുണ്യവും നൽകാൻ ഉദ്ദേശിച്ചുവെങ്കിൽ) തീർച്ചയായും അവനാണ് നൽകുന്നവനും തടയുന്നവനും ദോഷം വരുത്തുന്നവനും തടയുന്നവനും. അവനിൽനിന്നല്ലാതെ ഒരു ഗുണവും വരില്ല. അവനല്ലാതെ ഒരു ദോഷവും തടുക്കില്ല. (അല്ലാഹുവിന് പുറമെ യാതൊരു രക്ഷാധികാരിയെയും സഹായിയെയും അവർ കണ്ടെത്തുകയില്ല) അവരെ സഹായിക്കാനും ഉപകാരങ്ങൾ നൽകാനും. (ഒരു സഹായിയെയും) അവരെ സഹായിക്കുകയും ഉപദ്രവങ്ങൾ തടയുകയും ചെയ്യുന്ന. അതിനാൽ എല്ലാ കാര്യവും നിയന്ത്രിക്കുന്നവന്റെ കൽപനകൾ അവർ അനുസരിക്കണം. അവൻ അവന്റെ ഉദ്ദേശ്യം നടപ്പിലാക്കുന്നവനാണ്. കാര്യങ്ങൾ അവൻ നിർണയിക്കും. അവന്റെ സംരക്ഷണവും സഹായവും ഉപേക്ഷിക്കുന്നവന് യാതൊരു സഹായിയും രക്ഷാധികാരിയും ഇല്ല.

18) മറ്റുള്ളവരെ നിരുത്സാഹപ്പെടുത്തുകയും അവരുടെ ആത്മവിശ്വാസത്തെ ദുർബലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നവരെ അല്ലാഹു താക്കീത് ചെയ്യുകയാണിവിടെ. (നിങ്ങളുടെ കൂട്ടത്തിലുള്ള മുടക്കികളെ അല്ലാഹു അറിയുന്നു) പുറത്ത് പോകുന്നതിനെ. (തങ്ങളുടെ സഹോദരങ്ങളോട് പറയുന്നവർ) പുറത്ത് പോകുന്നതായ. (ഞങ്ങളുടെ അടുത്തേക്ക് വരൂ) നേരത്തെ അവർ മദീനക്കാരോട് പറഞ്ഞതും ഇതാണ്. (യസ്രിബുകാരേ, മടങ്ങുക) മറ്റുള്ളവരെ തടസ്സപ്പെടുത്തുകയും നിരുത്സാഹപ്പെടുത്തുകയും ചെയ്യുക മാത്രമല്ല. (അവർ യുദ്ധത്തിന് ചെല്ലുകയില്ല) യുദ്ധത്തിനും ത്യാഗത്തിനും. (അൽപമല്ലാതെ) പോരാട്ടത്തിന് യാതൊരു താൽപര്യവും ഇല്ലാത്തതിനാലും കാപട്യവും വിശ്വാസവും ക്ഷമയും കൊണ്ടും. ഭീരുത്വത്തിനും കപടതക്കും അവർക്ക് കാരണമുണ്ട്.

19) (നിങ്ങൾക്കെതിരിൽ പിശുക്ക് കാണിക്കുന്നവരായിരിക്കും അവർ) യുദ്ധസമയത്തുള്ള ശാരീരിക സഹായമായാലും സമ്പത്ത് ചെലവഴിക്കേണ്ട സന്ദർഭമായാലും; ശരീരംകൊണ്ടോ സമ്പത്തുകൊണ്ടോ പോരാട്ടത്തിനും. (അങ്ങനെ യുദ്ധഭയം വന്നാൽ അവർ നിന്നെ ഉറ്റുനോക്കുന്നതായി നിനക്ക് കാണാം. മരണവെപ്രാളം കാണിക്കുന്ന ഒരാളെപ്പോലെ അവരുടെ കണ്ണുകൾ കറങ്ങിക്കൊണ്ടിരിക്കും) അവരുടെ ഹൃദയത്തെ ബാധിച്ച കഠിനമായ ഭീരുത്വവും അവരെ അമ്പരിപ്പിച്ച ഉൽകണ്ഠയും അവർക്കിഷ്ടമില്ലാത്ത യുദ്ധം ചെയ്യാൻ അവർ നിർബന്ധിതരാകുമോ എന്ന ഭയവും കാരണം. (എന്നാൽ യുദ്ധഭയം നീങ്ങിപ്പോയാലോ) സമാധാനത്തിലും നിർഭയത്തിലും ആയാൽ. (മൂർച്ചയേറിയ നാവുകൾകൊണ്ട് നിങ്ങളെ കുത്തിപ്പറയുകയും ചെയ്യും) അവർ നിങ്ങളെ അഭിസംബോധന ചെ

യ്യുമ്പോൾ നിങ്ങളോട് പരുഷമായി സംസാരിക്കുന്നു. ശരിയായ വാദങ്ങൾ ഉന്നയിക്കുന്നു. പറയുന്നത് കേൾക്കുമ്പോൾ അവർ ധൈര്യശാലികളും ധീരന്മാരുമാണെന്ന് നിങ്ങൾ വിചാരിക്കുന്നു. (ധനത്തിൽ ദുർമോഹം പൂണ്ടവരായി) അതാണവരുടെ ലക്ഷ്യം. ഒരു മനുഷ്യനെ ബാധിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണിത്; തന്നോട് ചെയ്യാൻ പറഞ്ഞതിൽ പിശുക്ക് കാണിക്കുക എന്നത്. സമ്പത്തിൽ പിശുക്ക് കാണിക്കുന്നു. അത് ശരിയായരീതിയിൽ ചെലവഴിക്കാതിരിക്കുന്നു. അല്ലാഹുവിന്റെ ശത്രുക്കൾക്കെതിരെ പോരാടാതെ ശരീരത്തിലും പിശുക്ക് കാണിക്കുന്നു. പ്രബോധനം ചെയ്യാതെയും തന്റെ സ്ഥാനമോ അറിവോ ഉപദേശമോ അഭിപ്രായമോ നൽകാതെയും പിശുക്ക് കാണിക്കുന്നു. (അക്കൂട്ടർ) ഈ അവസ്ഥയിൽ എത്തിയവർ. (അവർ വിശ്വസിച്ചിട്ടില്ല) വിശ്വാസം ഇല്ലാത്തതിനാൽതന്നെ അവരുടെ കർമങ്ങൾ അല്ലാഹു ഒന്നുമല്ലാതാക്കും. (അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം നിസ്സാരമായ ഒരു കാര്യമാകുന്നു).

യഥാർഥ വിശ്വാസികളെ ഈ പിശുക്കിന്റെ മനസ്സിൽനിന്ന് അല്ലാഹു സംരക്ഷിക്കുന്നു. അവന്റെ കൽപനയനുസരിച്ച് പ്രവർത്തിക്കാനും യുദ്ധത്തിൽ തങ്ങളുടെ ശരീരങ്ങൾ നൽകാനും അവന്റെ വചനത്തെ ഉന്നതമാക്കാനും നൻമയുടെ വഴിയിൽ സമ്പത്ത് ചെലവഴിക്കാനും അവരുടെ അറിവും സ്ഥാനവും മറ്റുള്ളവർക്ക് വേണ്ടി ഉപയോഗിക്കാനും അവർക്ക് അല്ലാഹു അവസരം നൽകുന്നു.

20) (സംഘടിത ശക്തികൾ പോയിക്കഴിഞ്ഞിട്ടില്ലെന്നാണ് അവർ -കപടന്മാർ- വിചാരിക്കുന്നത്) സഖ്യകക്ഷികൾ ഇതുവരെ പിൻമാറിയിട്ടില്ലെന്ന് അവർ കരുതുന്നു. അതായത് അല്ലാഹുവിന്റെ റസൂലിനോടും അവന്റെ സ്വഹാബികളോടും യുദ്ധം ചെയ്യാൻ ഒരുമിച്ചെത്തിയ ഈ സഖ്യകക്ഷികൾ മുസ്‌ലിംകളെ ഉന്മൂലനം ചെയ്യുന്നതുവരെ പിരിഞ്ഞുപോകില്ലെന്ന് കപടവിശ്വാസികൾ കരുതുന്നു. പക്ഷേ, അവർ നിരാശരായി. അവരുടെ കണക്കു കൂട്ടലുകൾ തെറ്റി. (സഖ്യകക്ഷികൾ വരികയാണെങ്കിലോ) ഒരിക്കൽകൂടി. (നിങ്ങളുടെ വിവരങ്ങൾ അന്വേഷിച്ചുകൊണ്ട് ഗ്രാമീണ അറബികളുടെ കൂടെ മരുഭൂവാസികളായി കഴിഞ്ഞിരുന്നുവെങ്കിൽ എന്നായിരിക്കും) അവർ (കപടന്മാർ) കൊതിക്കുന്നത്. സഖ്യകക്ഷികൾ രണ്ടാം തവണ മടങ്ങിയെത്തിയാൽ കപടവിശ്വാസികൾ മദീനയിലോ അതിനടുത്തോ എവിടെയും ഇല്ലാതിരിക്കാനും ഗ്രാമീണരോടൊപ്പം മരുഭൂമിയിൽ ആയിരുന്നെങ്കിൽ എന്നും ആഗ്രഹിക്കുന്നു. അതുപോലെ നിങ്ങളെക്കുറിച്ചുള്ള വാർത്തകൾ അന്വേഷിക്കുകയും നിങ്ങളെക്കുറിച്ച് ചോദിക്കുകയും നിങ്ങൾക്കെന്താണ് സംഭവിച്ചതെന്ന് അറിയാൻ ശ്രമിക്കുകയും ചെയ്യുന്നതിന് അവർ ആഗ്രഹിക്കും. അവർ നശിച്ചുപോകട്ടെ. അവർ ഉണ്ടോ ഇല്ലയോ എന്ന് പരിഗണിക്കപ്പെടേണ്ടതില്ല.

(അവർ നിങ്ങളുടെ കൂട്ടത്തിലായിരുന്നാലും ചുരുക്കത്തിലല്ലാതെ അവർ യുദ്ധം ചെയ്യുകയില്ല) അവരെ പരിഗണിക്കരുത്. അവർ പോകുന്നതിൽ വിഷമിക്കുകയും ചെയ്യരുത്.

21) (തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്) കാരണം അദ്ദേഹം തന്നെ യുദ്ധക്കളത്തിൽ സന്നിഹിതരായിരുന്നു. സ്വയം ഒരു സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. അപ്പോൾ അല്ലാഹുവിന്റെ ദൂതൻ തന്നെ യുദ്ധത്തിൽ പങ്കെടുക്കാൻ വിശാലത കാണിച്ചപ്പോൾ നിങ്ങൾ അതിന് പിശുക്കു കാണിക്കുന്നത് എങ്ങനെയാണ്? അതിനാൽ ഈ കാര്യത്തിലും മറ്റുള്ളവയിലും നിങ്ങൾ അദ്ദേഹത്തെ മാതൃകയാക്കുക.

ചില വിധികൾ പ്രവാചകന് മാത്രം ബാധകമാണെന്ന് തെളിയിക്കാൻ വ്യക്തമായ തെളിവുകൾ ഇല്ലെങ്കിൽ അത്തരം നിയമങ്ങൾ മതനിയമങ്ങൾ തന്നെയാണ്. അപ്പോൾ മാതൃക രണ്ടുവിധമുണ്ട്. നല്ല മാതൃകയും ചീത്ത മാതൃകയും. നല്ല മാതൃക പ്രവാചകനിൽ കാണുന്നതാണ്. അത് പിന്തുടരുന്നവൻ അല്ലാഹുവിന്റെ അനുഗ്രഹത്തിലേക്ക് എത്തിക്കുന്ന പാതയിലായിരിക്കും. അതാണ് നേരായ പാത. നബിചര്യക്ക് എതിരായുള്ള മാതൃകയാണ് ചീത്ത മാതൃക. പ്രവാചകൻമാരെ പിൻപറ്റാൻ അവർ ബഹുദൈവ വിശ്വാസികളെ ക്ഷണിച്ചപ്പോൾ അവർ പറഞ്ഞത്:

بَلْ قَالُوٓا۟ إِنَّا وَجَدْنَآ ءَابَآءَنَا عَلَىٰٓ أُمَّةٍ وَإِنَّا عَلَىٰٓ ءَاثَـٰرِهِم مُّهْتَدُونَ ۝٢٢

"ഞങ്ങളുടെ പിതാക്കൾ ഒരു മാർഗത്തിൽ നിലകൊള്ളുന്നതായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. തീർച്ചയായും ഞങ്ങൾ അവരുടെ കാൽപാടുകളിൽ നേർമാർഗം കണ്ടെത്തിയിരിക്കുകയാണ്" (43:22).

ഈ നല്ല മാതൃക പിന്തുടരുന്നതും അതിന് പ്രാപ്തരാകുന്നതും അല്ലാഹുവിനെയും അന്ത്യദിനത്തെയും പ്രതീക്ഷിക്കുന്നവർ മാത്രമാണ്. കാരണം അവർക്ക് വിശ്വാസവും അല്ലാഹുവിനെക്കുറിച്ചുള്ള ഭയവും അവന്റെ പ്രതിഫലത്തിൽ പ്രതീക്ഷയും അവന്റെ ശിക്ഷയിൽ ഭയവും ഉണ്ട്. അതവരെ റസൂലിനെ പിൻപറ്റാൻ പ്രേരിപ്പിക്കുന്നു. ■



# ഉമ്മമാരുടെ ശ്രദ്ധയ്ക്ക്

സഹ്റ സുല്ലമിയ്യ

പ്രിയപ്പെട്ട ഉമ്മമാരേ,

സ്വന്തം കുഞ്ഞുങ്ങളെ സ്നേഹിക്കാത്ത ഒരു ജീവിയുമില്ല. പറക്കമുറ്റാത്ത കുഞ്ഞുങ്ങൾക്കു വേണ്ടി ഭക്ഷണം തേടിപ്പിടിച്ച് കൊക്കിലൊതുക്കി കൊണ്ടുവന്ന് അവയുടെ വായിൽവച്ചുകൊടുക്കുന്ന തള്ളപ്പക്ഷികളെയും അരിമണി ചെറുതാക്കി കുഞ്ഞുങ്ങളെ തീറ്റുന്ന തള്ളക്കോഴികളെയുമൊക്കെ നിങ്ങൾ കണ്ടിരിക്കും. മിക്ക ജീവികളും ഇങ്ങനെത്തന്നെയാണ്. അപ്പോൾ പിന്നെ ബുദ്ധിയും വിവേകവുമുള്ള മനുഷ്യരുടെ കാര്യം പറയാനില്ലല്ലോ. കുഞ്ഞുമക്കൾക്കു വേണ്ടി ഉറക്കമൊഴിക്കുന്ന, സ്വന്തം അസുഖവും ക്ഷീണവും മറക്കുന്ന, അവരുടെ വിശപ്പകറ്റുന്നതിൽ എപ്പോഴും ശ്രദ്ധപുലർത്തുന്ന ഉമ്മമാരുടെ അറിവിലേക്കായി ഏതാനും കാര്യങ്ങൾ കുറിക്കുകയാണ്.

വർണ വൈവിധ്യമുള്ള ഭക്ഷണം: അല്ലാഹു പല നിറങ്ങളിലും രുചികളിലുമുള്ള പഴങ്ങളും പച്ചക്കറികളും സൃഷ്ടിച്ചിട്ടുണ്ട്. നിറങ്ങൾക്കനുസരിച്ച് അവയിൽ വ്യത്യസ്ത പോഷകങ്ങൾ അടങ്ങിയിട്ടുണ്ട്. ഇവയുടെ ഗുണങ്ങൾ കുഞ്ഞുങ്ങൾക്ക് പറഞ്ഞുകൊടുക്കുക. ഇതിനർഥം എല്ലാ നേരവും പല നിറത്തിലുള്ള ഭക്ഷണം കഴിക്കണം എന്നല്ല. എന്നാൽ കുട്ടികളുടെ ഭക്ഷണത്തിൽ വ്യത്യസ്ത തരത്തിലുള്ള പഴങ്ങളും പച്ചക്കറികളും ഉൾപെടുത്താൻ നിങ്ങൾ ശ്രമിക്കണം.

പ്രഭാത ഭക്ഷണം ഒഴിവാക്കരുത്: കുട്ടികൾക്ക് ഭക്ഷണം കൃത്യസമയത്തു നൽകുക. എങ്കിൽ വലുതായാലും ഈ നല്ല ശീലം അവർ തുടരും. ആരോഗ്യകരമായ പ്രഭാതഭക്ഷണം ഊർജം നൽകുന്നു. അതോടൊപ്പം തലച്ചോറിന്റ പ്രവർത്തനത്തിന് സഹായിക്കുന്നതോടൊപ്പം പല രോഗങ്ങളെയും അകറ്റുകയും ചെയ്യുന്നു. രാവിലെ നാരുകൾ അടങ്ങിയ ഭക്ഷണം കഴിക്കുന്നത് ഹൃദ്രോഗവും പ്രമേഹവും വരാനുള്ള സാധ്യത തടയുന്നതായി പഠനങ്ങൾ പറയുന്നുണ്ട്.

കായിക വിനോദങ്ങളിൽ ഏർപ്പെടാൻ അവസരം നൽകുക: എപ്പോഴും പഠനത്തിന്റെ പേരിൽ കുട്ടികളെ വീട്ടിൽ കെട്ടിയിടരുത്. കളിക്കാനും അവസരം കൊടുക്കണം. ബുദ്ധി വികസിക്കാനുള്ള വിനോദങ്ങളിലും ശാരീരികാരോഗ്യം വർധിക്കാനുള്ള കളികളിലും കുട്ടികൾ ഏർപ്പെടണം. എല്ലാ കുട്ടികൾക്കും കായിക വിനോദങ്ങൾ ഇഷ്ടമാകണമെന്നില്ല. എന്നാൽ അവർ ആസ്വദിച്ചു ചെയ്യുന്ന ശാരീരിക പ്രവർത്തനങ്ങൾ അവരെ ആരോഗ്യവാന്മാരാക്കുന്നു.

ആവശ്യത്തിന് വെള്ളം കുടിക്കണം: വെള്ളം കുടിക്കുന്നതിൽ കുട്ടികൾ പൊതുവെ മടിയുള്ളവരാണ്. എന്നാൽ സോഫ്റ്റ് ഡ്രിങ്കുകൾ കുടിക്കാൻ അവർക്ക് വലിയ താൽപര്യവുമാണ്. അവയാകട്ടെ ആരോഗ്യത്തിന് ഹാനികരമാണ്. കുട്ടികൾക്ക് സോഫ്റ്റ് ഡ്രിങ്കുകൾക്ക് പകരം പഴച്ചാറുകൾ നൽകുക. ശുദ്ധമായ വെള്ളം കുടിക്കാൻ അവരെ പ്രേരിപ്പിക്കണം.

ടിവി, മൊബൈൽ കാഴ്ചകൾ നിയന്ത്രിക്കണം: ടിവിയുടെയും മൊബൈൽ ഗെയ്മുകളുടെയും റീൽസിന്റെയും അടിമകളായി കുട്ടികൾ മാറാതിരിക്കാൻ ജാഗ്രത പുലർത്തണം. അവ നിരവധി ആരോഗ്യ പ്രശ്നങ്ങൾക്കും സ്വഭാവ ദൂഷ്യങ്ങൾക്കും കാരണമാകും. സ്കൂളിലെ മോശം പ്രകടനം, പെരുമാറ്റ പ്രശ്നങ്ങൾ, വൈകാരികവും സാമൂഹ്യവുമായ പ്രശ്നങ്ങൾ, ശ്രദ്ധക്കുറവ്, പൊണ്ണത്തടി, ഉറക്കമില്ലായ്മ തുടങ്ങിവയെല്ലാം ഇവയുടെ ഉപയോഗം അമിതമായാലുള്ള ദൂഷ്യഫലങ്ങളിൽ ചിലത് മാത്രം.

വായന ശീലിപ്പിക്കുക: കുട്ടികളിൽ വായനാശീലം വളർത്തുക. അത് അവരെ സ്കൂളിലെ വിജയത്തിന് സഹായിക്കുന്നതോടൊപ്പം ഭാവി ജീവിതത്തിനും സഹായകമാകും. മൂല്യവത്തായ പുസ്തക വായന കുട്ടികളെ സംസ്കാരസമ്പന്നരാക്കും. രസകരമായതും ഗുണപാഠം ലഭിക്കുന്നതുമായ കഥകളും കവിതകളും അവർ വായിക്കട്ടെ. അത് അവരുടെ ഭാഷയെയും പരിപോഷിപ്പിക്കും. അതോടൊപ്പം ദിനചര്യയായി ഖുർആൻ പാരായണത്തെയും മാറ്റണം.

*(തുടരും)*



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

ജാമിഅ അൽഹിന്ദ്

# വാർഷിക സമ്മേളനം

2025 ജനുവരി 12 13 പാണക്കാട്, മലപ്പുറം



RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
07 December 2024

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-



WISDOM students

# ധർമ്മ സമരത്തിന്റെ വിദ്യാർത്ഥി കാലം

# കേരള സ്റ്റുഡന്റ്സ് കോൺഫറൻസ്

**11** 2025 മെയ്
പെരിന്തൽമണ്ണ

Wisdom Islamic Students Organisation
Kerala State Committee
CV Complex, PV Swami Road, Calicut

+91 81568 12292
wisdomstudents